

# കർമ്മേലസന്ദേശം

No. 230 March 2016

# കർമ്മെലസന്ദേശം

No. 230 മാർച്ച് 2016

## CONTENTS

Editorial ........................................ 3
Prior General's Message ........................................ 9
ആരാണ് അമ്മ - സഭയോ ഞാനോ? ........................................13
മതസൗഹാർദ്ദ ഈസ്റ്റർ ........................................19
സന്യാസപരിശീലനം ........................................29
ആഗമനകാലവും പുരാണകഥകളും ........................................37
ചാവറയുടെ ആധ്യാത്മിക ജീവിതത്തിൽ ........................................41
കാരുണ്യവർഷവും ചെറുകാട്ടുചേട്ടനും ........................................50
സഭാംഗങ്ങളുടെ അറിവിലേക്കായി ........................................54
News & Views ........................................ 65
പുസ്തകപരിചയം........................................71
അനുസ്മൃതി ........................................92
Golden Records ........................................ 108
കർമ്മെലയിലെ സൗഗന്ധികങ്ങൾ........................................112

***Editorial***

# A Positive Challenge

The current issue of Carmela Sandesam carries a provoking article by Rev. Fr. Joseph Elias CMI, namely, *Aranu Amma? - Sabhayo Njano?* (Who is the Mother - The Congregation or Me?). It is introspective and, at the same time, a guilt trip into the past and an examination of conscience. Examination of Conscience, Act of Contrition, and daily/monthly/annual retreat, etc, is so repetitive to us and as such may have lost its newness and charm in our lives, though we struggle to regain their true spirit. The article staunchly decries the decline of the mother-like allegiance we, the members, owe to the religious congregation we belong to; so also it criticizes the way recruitment to religious life and training have become somewhat superficial. And hence, taking into account the human frailty and weakness, it is good to be rudely shocked to wake up with the awareness of what is happening around. May be that is one of the reasons for the mushrooming of retreat centers, as they have become so ubiquitous, intermittent and repeated reminders, to think about 'His kingdom.' On the other hand, such reminders through articles like the one mentioned above and the exercises we undertake like Renewal, can also be a defense mechanism to get out of the trauma we are susceptible to suffer from due to the fast pace and tremendous amount of change in the society which makes it impossible for us to catch up with. One response to this is to accept the failure and lift up or throw up our hands in surrender! The other response could be the act of catching up or adapting to the new developments.

The article left some kind of an aftertaste in me: Can our congregation be held responsible for all the problems and ills encircling religious life in Kerala? To be able to say 'yes' can give us a feeling of

gratification: how influential our congregation is in shaping religious life in India or at least in Kerala! Or taking it in the sense of leaving a wrong model for others, how we have become collectively liable to answer before the heavenly throne? A major reason for it, as pointed out, was the early training imparted by our own revered old generation, senior fathers, who extended a helping hand in establishing and sustaining newer religious congregations that sprang up after the model of ours. However, ours was not the only model and source for these other congregations, except may be among the Syrian Christians of India, as there were other rites and congregations that were models and acted as sources of inspiration. We cannot take the whole blame and a monopoly of spoiling the situation. As the first indigenous religious congregation, the CMI congregation had a special place and it was a reference point for others is a fact. The responsibility ends there. After all, religious life is another expression of the church to counter periodic decline, so also, to approach and live Christian perfection as much as possible through communitarian life style, "Evangelical Counsels," and a personal response to a call from Christ. All these reflections are definitely from hindsight and so the contemporary influence which this congregation could exert on other religious groups may not have been that enormous as it is made out to be.

The decline and slow death of religious life in many parts of the world has not much to do with the CMI congregation. In the west general attendance to the worship centers have considerably gone down and there is a stark decline in vocations. Whereas, in Kerala we still have a good attendance in the worship centers while retaining a reasonably good number of vocations. The onus of a better training is on the formation personnel of today as the elitism no more prevails in the selection and the Lord finds workers to his harvest from all walks of life, though so divergent are their family backgrounds. Not to

forget in this context, the steep decline in vocation to women religious congregations. At the same time, the aping of some of the morbid trends from the rest of the world, rather than tweaking the ideal ones and strong indigenous models, might have influenced the style of our religious life. The presence of religious from other parts of the world definitely brought in some alien elements of religious life to India. The Indian and oriental style of religious life was greatly oriented to the last stages of life, a stage of sanyasa following the secluded life in the forest – vanaprastham. It was vanavasam (life in the forest) that our founders thought first as a means to save their souls. It would be a somewhat true statement to say that the religious life in India could learn so much, which it did not, from the asceticism and the trends in mysticism practiced among other religions, especially on the banks of the sacred rivers in India and on the Himalayas- the Devabhumi. Some experiments, not always with the official blessings, in those lines could not sustain within the structural restrictions and a monolithic interpretation of religious life.

The greater danger for our society and religious life is the weakening of its soul and substance. It is set in a community largely losing its identity, tradition and character. It is reflective of the other societies in the world and a universal trend. Money and pleasure have become absolute values in the life of so many in this day and age. Technology, travel, migration and the economic pressures lead us towards an uprooted and soulless world where it is easy to be lost. The lines of W. B. Yeats become so meaningful and lively in describing the situation: "Things fall apart; the centre cannot hold; / Mere anarchy is loosed upon the world,/……../The best lack all conviction, while the worst /Are full of passionate intensity" (*Second Coming*).

To a certain extent it was the situation in which the leadership of St

Chavara emerged at the turn of the 19th century in Kerala. The reasons and the social milieu were totally different at that time. However, he could garner a people, not everyone for that matter, amidst the vacuum created by the threat of social annihilation. He was the answer from God to rescue the church from that threat. For this positive change the congregation he formed, the CMI, was instrumental to a great extent. Today, the task is to rise up to the challenges we confront at this point of time in history. While we lament the lack of similar charism of our founders in us, it is for the future to be our judge. It is the Lord who steers the destiny of the world ultimately, the Lord who can even straighten our lines, how much crooked we draw.

One of the major popular perceptions, though minority, prevailing about the congregation is that it has become distant from the people and hence elitist and institutional (education). Elitism, if it is higher order of thinking, or being prophetic or futuristic, or better ability to assess the surroundings through better exposure and better training, it is positive. What we find in Jesus, that he brought in a better understanding about the love of the Father, that he challenged the establishment, is looked very positively by the world today. How Jesus brought people to the substance ('porul') of the old law to initiate the 'New Testament,' is phenomenal. Our congregation could resist the temptation to a great extent to stoop down to mere practices of popular piety which keep the people servile and slaves to certain observance alone. It does not preclude the need of our congregation to be strengthened from within. Elitism, if it is to forget the reality of the people around us, it is a negative stand we take and hence to be shunned. In the distant past, the areas of penetration into the social life of the catholic community and our involvement with them were vast and unbridled. Today, the areas of involvement have become narrow with more of institutional church establishments like

parishes involving in the integral development of the families, thereby minimizing the need of our direct contact with the faithful except in sacramental assistance when invited to do so. And hence, we have identified the global missionary opportunities at the service of the universal church. On the other hand, distance and elitism, if it is through running institutions, especially schools and colleges, where rightful candidates cannot get admission, definitely there is room for criticism. If it is to find justification for unreasonable fund collection through a protracted and skewed theological and philosophical reasoning, this is something to be decried and abolished. Just because we are dealing with the sacred sciences, to believe that we have a divine right to enjoy the fruits of benefits from unjustified fees collected from the public is a totally wrong notion. Even when he had right for material compensation, St Paul writes: “For you remember, brothers, our labor and toil: we worked night and day, that we might not be a burden to any of you, while we proclaimed to you the gospel of God” (1 Thess. 2:9).

Unbridled avarice and impatience in achieving our goals through illegal means, stubbornness and egotism of the incumbents in administrative positions, etc, are to forget our mission and it will be resisted by the public. Lack of patience and politeness in our approach with the people can always leave the impression of elitism. It is not the bane of sheer vengeance due to unreasonable thinking of a few who claim they have a divine right for seeking privileges in our institutions, or the disgruntled and the enemies of the church who indulge in knee jerk reaction through the social media, that is mentioned here. It is the area for self examination and improvement that is aimed at here. It is ultimately to avoid shallowness and superficiality.

As the first indigenous religious congregation, for sure, we have a greater responsibility. How to discharge that responsibility is up to

each and every one of us. Our Lord tells us: "to whom much is given, much will be required" (Lk 12:48). When we have received more, we ought to give more. Let us rise up! Easter is the triumph of goodness over evil. May the Risen Lord bless us all!

Fr. Sebastian Thekkedathu CMI
Genreal Councillor for Education and Media

**New Email ID for Carmelasandesam**

**carmelasandesam.cmi@gmail.com**

***Prior General's Message***

Dear Rev. Fathers and Brothers,

This is the acceptable time of mercy and justice. Pope said in his 2015 Lenten Message: "How greatly I desire that all those places where the Church is present, especially our parishes and our communities, may become islands of mercy in the midst of the sea of indifference!" Let us open the doors of monasteries and institutions to the Lord who is in disguise among the poor, hungry, thirsty, ill treated, betrayed and persecuted. The Lord is at our parlour and at the gate of the institutions. Priests and Levites remain the same even today discussing on the rubrics of liturgy and translating the age old anaphora. The wounded lie on the wayside, Good Samaritans are the heroes even today. "For I tell you that unless your righteousness surpasses that of the Pharisees and the teachers of the law, you will certainly not enter the kingdom of heaven. (Matthew 5:20). CMIs will realize all what they aspire for if they are serious. CMIs, be careful what you wish, for it may come true.

1. I Donate My Organs: Mr. Harish Nanjappa (23) was cut into half after a truck hit his motorcycle and ran over him on the Tumakuru Bengaluru road on 16th February, 2016. He pleaded with those who took him to the hospital and the doctors to harvest organs and donate these to those in need. He died due to injuries and his organs were donated. Many CMIs have given in writing to donate their organs. Without a second thought all CMIs shall do it. In the eventuality of death, provincial and local superior shall facilitate the organ donation by which our members will continue to live through others.

2. I am a Good Samaritan: Harish Nanjappa lay on the high road for a few minutes, pleading for help as vehicles passed by. We know that some of our departed members had gone through such a miserable experience. Let us be merciful Good Samaritan to save the life of our dear ones on road.

3. Mercy begins with just wages for our staff: "A society that "does not pay a just wage", that "does not give work" to people and that "only looks to its balance books, that only seeks profit" is unjust and goes against God" (Pope Francis). "Never withhold just wages from laborers or make undue delay in paying them, because that is an offence that cries out to God for justice" (St. Kuriakose Elias Chavara).During the canonical visitation and auditing in the provinces, houses and institutions, clear guideline has been given on salary and all shall strictly adhere to it. The provincials and the provincial auditors shall make sure that we implement it in the spirit of justice and mercy. "He who shuts his ear to the cry of the poor will also cry himself and not be answered" (Proverb 21:13)

4. Tender heart for the differently abled: Special Lympitcs Bharath Kerala State Athletic Meet 2016 was held from 4th to 6th February, 2016 in LNCPE Thiruvananthapuram. 6000 differently abled children took part and it was a great event of mercy organized Rev. Fr. Roy Kannachira CMI. Smart cane for the blind was distributed in Chavara Cultral Centre, Kochi, and in Ramanathapuram diocese through the initiative of Rev. Fr. Wilson Moyalan, the provincial. St. Paul's Province Mysore opened a special school to offer free education to the differently abled at Jettihundi, Mysure. In this year of Mercy, every CMI centre shall sponsor at least one differently abled child for his or her education and welfare.

5. Merciful deed with holy intentions: "All works done in the world

should be directed towards the benefit of the soul." (St. Kuriakose elias Chavara). One of the CMI regents, during the recently held regents meet shared his experience in Akasaparavakal. Initially he found challenging to assist them for their natural calls and to give them bath. But later he offered everything as an act of mercy and transformed it into a prayer. Every act of mercy to the poor is gentle touch on Jesus in disguise. "Nursing of the sick may be the most difficult, unpleasant, detestable and degrading act before follow men; but it is the most meritorious service before God. It is true that many saints reached the height of sanctity by nursing the sick" (St. Kuriakose Elias Chavara)

6. Enlarge the space for the poor in our classrooms: In the Wikipedia on our congregation, the following words were written: The congregation (in non-missionary territories) has come under exacting criticism of the Catholic laity and others alike for following capitalist business practices resulting in commercialized education and charging of exorbitant fees in their educational institutions, thus making these institutions unavailable for the poorer sections of the Catholic laity and others. This has been seen as a stark departure from the congregation's policy towards education at the time of its inception (see the section on other pioneering works) and has been criticized for being in contravention to Catholic spirit and principles. It is a warning for all who charge exorbitant fees without any concern for the poor. All CMI schools shall give at least 10% seats to the economically and socially poor, especially the BPL. If even 10% poor children cannot be accommodated in any CMI school, it shall not be carried on. "Do not insult the poor; neither should you vex them, because if God sees them weeping. He will surely wreak vengeance on you" (St. Kuriakose Elias Chavara)

7. Never fall in the Temptation for capitation: SNDP yogam general

secretary Vellappally Natesan was accused of accepting bribe for the appointment of teachers in colleges coming under the S N Trust. There is a tendency among our clever pragmatics to collect money through backdoors for development purposes from students and staff and they are never caught by superiors. We shall make sure that it will not happen in our institutions

8. A home for the homeless. During the Chavara Year our members made commendable service to the homeless by constructing almost 300 houses. Lay people are donating land to the homeless for building house. During this year of Mercy, every CMI community shall provide a house for the homeless and shall allocate money for one house while approving the budget for the Year 2016-17.

9. Mercy Day once a Week: Every house shall have a special Mercy Day in week or month. It shall be a special day for the devotion to Divine Mercy and for sacrament of reconciliation and a day to feed the poor, visit the sick and to reach out to the peripheries.Yes. The mission of Mercy has begun the momentum in CMI family. It is nothing new for CMIs, but has been our legacy. St. Kuriakose Elias Chavara initiated creative acts of mercy - midday meal, home for the sick and the dying and was an icon of forgiveness and mercy even to his enemies advising the members to take care of them even after his death. May his words -- “The day in which you did not do any good for others will not be counted in your life” -- inspire us in this Year of Mercy!

Fr. Paul Achandy CMI
Prior General

# ആരാണ് അമ്മ - സഭയോ ഞാനോ?

ഫാ. ജോസഫ് ഏലിയാസ് സി.എം.ഐ.

അറിവോരേ, ചോദിക്കയാണു മോഹമു-
ണ്ടറിവാ, നെൻ സ്നേഹമെമ്മട്ടിരിക്കണം?
പിതാക്കന്മാർ പഠിപ്പിച്ചു:
"സഭയെ അമ്മയെപ്പോലെ സ്നേഹിക്കണം.
Love your Congregation as a mother".

സ്നേഹിക്കണമെന്നു പഠിപ്പിച്ച പിതാക്കന്മാർ എങ്ങിനെ സ്നേഹിക്കണമെന്നുകൂടി പറഞ്ഞു: "അമ്മയെപ്പോലെ". പക്ഷേ, അത് ഏട്ടിലപ്പടിയും പയറ്റലിപ്പടിയും ആയിപ്പോയില്ലേ എന്നു സംശയം. കാരണം, അതിൽ നിന്നും ഒരു വ്യതിരിക്ത വ്യതിയാന വർത്തനം ഉയിർക്കൊണ്ടിരിക്കുന്നു!

നിന്റെ സഭയെ / സഭാംഗങ്ങളെ / സ്നേഹിക്കണമെന്ന പഠനം സർവ്വസമ്മതം. എങ്ങിനെ സ്നേഹിക്കണം?: "അമ്മയെപ്പോലെ". എന്നുവച്ചാൽ ഞാൻ എന്താണ് മനസ്സിലാക്കേണ്ടത്? "നീ ഒരുത്തമ പുത്രനെപ്പോലെ നിന്റെ അമ്മയായ സഭയെ സ്നേഹിക്കണം" എന്നാണോ? അതോ, "നീ ഒരു നല്ല അമ്മയെപ്പോലെ നിന്റെ സഭയെ സ്നേഹിക്കണം" എന്നോ? ഇതിൽ ഏതാണ് പ്രബോധന വിവക്ഷിതം? ചോദ്യം അല്പം കൂടി ലളിതമാക്കിയാൽ, ഞാൻ സഭയെ സ്നേഹിക്കേണ്ടത്: "കുഞ്ഞ് അമ്മയെ സ്നേഹിക്കുന്നതുപോലെയോ"? അഥവാ, "അമ്മ കുഞ്ഞിനെ സ്നേഹിക്കുന്നതുപോലെയോ"? അന്വേഷകൻ കണ്ടുമുട്ടിയവരെല്ലാം പറഞ്ഞു: "കുഞ്ഞ് അമ്മയെ സ്നേഹിക്കും പോലെ". ഇനി നമ്മൾ എന്തു പറയുന്നു? "എൻ സ്നേഹമെമ്മട്ടിരിക്കണം"?

പ്രസ്തുതത്തിൽ 'സഭ' സന്ന്യാസസഭ എന്നു വ്യക്തം. സന്ന്യാസസഭയെന്നാൽ പിതാക്കന്മാരുടെ വാക്കുകളിൽ, "പുണ്യത്തിന്റെ കണ്ണാടികളാകുന്നതിനുവേണ്ടി ദൈവത്താൽ സ്ഥാപിക്ക

[1] ചാവറയച്ചന്റെ കത്തുകൾ (ചാ.ക.) IV/2.2 [2] ചാ.ക. IV/2.6

പ്പെട്ടതും വിശുദ്ധരുടെ സങ്കേതങ്ങളും"[1].....“അതിൽ ജീവിക്കുന്നവരുടെ തീക്ഷ്ണതയുള്ള സുകൃത ജീവികവുമാകുന്നു"[2] ചുരുക്കത്തിൽ, സഭയെന്നാൽ സഭാംഗങ്ങൾ.....“മറ്റുള്ളവർക്ക് എളിമയുടെയും ചൊൽവിളിയുടെയും ഭക്തിയുടേയും കണ്ണാടികളായി നടക്കുവാൻ നിയുക്തരായവർ"[3] എന്നു സുവിദിതം. ഈ സഭാംഗങ്ങൾ എല്ലാവരും ഒരമ്മയുടെ ഉദരത്തിൽ നിന്നും പിറന്ന്, “ഒരമ്മയുടെ തന്നെ പാൽ കുടിച്ചു വളർന്നവർ എന്നതുപോലെ പരസ്പരം ആത്മാർത്ഥ സ്നേഹവും ഉള്ളവരായിരിക്കണം"[4] ആത്മാർത്ഥ സ്നേഹത്തിന്റെ ആൾരൂപമാണല്ലോ അമ്മ സ്നേഹം അഥവാ നിസ്വാർത്ഥ വൃത്തി സ്നേഹം. ഇത് അനുഭവവേദ്യമായ ഒരവസരത്തിലാണ് ചാവറ പിതാവ് പറഞ്ഞത്. “ഒരു നല്ല അമ്മയെപ്പോലെ ഞങ്ങളുടെ എല്ലാ കാര്യങ്ങളും അദ്ദേഹം അന്വേഷിച്ചു നടത്തുന്നു"[5] “അയോഗ്യരായ അങ്ങയുടെ ഈ മക്കളെക്കുറിച്ചും ഞങ്ങളുടെ ഈ മിഷനെക്കുറിച്ചും അങ്ങു കാണിക്കുന്ന പ്രത്യേക സ്നേഹത്തിനും താത്പര്യത്തിനും തക്കവിധം നന്ദിപറയുവാൻ ഞങ്ങൾക്കു വാക്കുകൾ പോര"[6].

വാക്കുകളിൽ ഒതുക്കാനാകാത്തതാണ് മാതൃസ്നേഹം. കാരണം, ദൈവത്തിന്റെ മനോദർപ്പണമാണത്. സമാനതകളില്ലാത്ത പരിപൂർണ്ണ സ്നേഹം ദൈവസ്നേഹം. ഈ സ്നേഹത്തിന്റെ മൂർത്ത ഭാഷ്യം ക്രിസ്തു സ്നേഹം. ഈ സ്നേഹത്തിന്റെ തേജോരൂപം സന്ന്യാസ സ്നേഹം. ഈ സ്നേഹത്തിന്റെ ധർമ്മോൽപ്രേക്ഷ മാതൃസ്നേഹം. മാതൃസ്നേഹത്തെയല്ലാതെ തന്റെ സ്നേഹത്തിനു മറ്റൊരു സാദൃശ്യം ദൈവത്തിനു പറഞ്ഞു പഠിപ്പിക്കാനില്ല! അവിടുന്നു പറയുന്നു: “മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു"[7]. ക്രിസ്തു നാഥൻ മൊഴിഞ്ഞു: “പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തു കൊള്ളുന്നതുപോലെ നിന്റെ സന്തതികളെ ഒരുമിച്ചു കൂട്ടാൻ ഞാൻ

[3] ചാ.ക VI/2:5
[4] ചാ.ക VI/5:3
[5] ചാ.ക IV/1
[6] ചാ.ക IV/2:1
[7] ഏശയ്യ 49:15-16
[8] മത്താ. 23:37
[9] മത്താ. 12:50

എത്രയോ പ്രാവശ്യം ആഗ്രഹിച്ചു"[8]. അമ്മയാകാനുള്ള കുറുക്കുവഴിയും ഈശോ പറഞ്ഞു തന്നു: "സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും"[9]. ഈ അമ്മത്വത്തിന്റെ പ്രസന്ന പ്രയോഗരൂപം വിശു. ശ്ലീഹായുടെ വാക്കുകളിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു: "തീർച്ചയായും ഞാൻ നിങ്ങൾക്ക് ഒരു ഭാരമായിരിക്കില്ല. എന്തെന്നാൽ, ഞാൻ കാംക്ഷിക്കുന്നതു നിങ്ങളെയാണ്, നിങ്ങൾക്കുള്ളതല്ല. മക്കൾ മാതാപിതാക്കന്മാർക്കു വേണ്ടിയല്ല സമ്പാദിക്കുന്നത്; മറിച്ച്, മാതാപിതാക്കൾ മക്കൾക്കുവേണ്ടിയാണ്. ഞാൻ അതീവ സന്തോഷത്തോടെ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി എനിക്കുള്ളതെല്ലാം ചെലവഴിക്കുകയും എന്നെത്തന്നെ സമർപ്പിക്കുകയും ചെയ്യും. ഞാൻ നിങ്ങളെ കൂടുതൽ സ്നേഹിക്കുന്തോറും നിങ്ങൾ എന്നെ കുറച്ചു മാത്രമാണോ സ്നേഹിക്കേണ്ടത്"[10].

സഭയിൽ ഈ വിധമുള്ള സ്നേഹത്തിനു മങ്ങലേൽക്കുമ്പോഴൊക്കെ പിതാക്കന്മാർ മാതൃ നിർവ്വിശേഷമായ സ്നേഹത്തോടെ പ്രലപിക്കുന്നതും പരിഹാരം ചെയ്യാൻ വെമ്പൽ കൊള്ളുന്നതും സഭാചരിത്രത്തിന്റെ പ്രാരംഭഘട്ടം മുതൽ കണ്ടു വരുന്ന പ്രതിഭാസമാണ്: "സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ, എത്രയും പ്രിയമുള്ള മക്കളേ, ദൈവത്തിന് ഇഷ്ടമുള്ളതും ആത്മാക്കൾക്കു വളരെ ഉപകാരമുള്ളതും എന്ന നിലയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ സന്ന്യാസ സമൂഹത്തിൽ കാണപ്പെടുന്ന ക്രമക്കേടുകളെ കണക്കാക്കാതെ അതിനെ നാശത്തിന്റെ വഴിയിൽ ഉപേക്ഷിച്ചിരിക്കുന്നു എന്ന വലിയ കുറ്റം ഞങ്ങളുടെ മേൽ ചുമത്തപ്പെടരുതല്ലോ. അതിനാൽ, ദുഖം നിറഞ്ഞ ഹൃദയത്തോടെ ഈ ഉപദേശങ്ങൾ നിങ്ങളെ അറിയിക്കുന്നു"[11] "ഈ കൊവേന്തകൾ ചുരുങ്ങിയ കാലത്തിനുള്ളിൽ നശിക്കാൻ ഇടവരികയും ചെയ്യും. ഇങ്ങളെ സംഭവിക്കാനുള്ള ലക്ഷണങ്ങൾ വളരെ വേദനയോടെ ഞങ്ങൾ കാണുന്നുണ്ട്. അതിനാൽ ഞങ്ങളുടെ സങ്കടകരമായ നിലവിളി നിങ്ങളെ അറിയിക്കുന്നു"[12].

[10] 2. കോറി. 12:14-15

[11] ചാ.ക VI/2:1

[12] ചാ.ക VI/2:2

[13] ചാ.ക VI/2:6

"ഇങ്ങനെ സംഭവിക്കാതിരിക്കാൻ മേൽ പറഞ്ഞ കാര്യങ്ങളെകുറിച്ച്, ദാക്ഷിണ്യം പുലർത്താതെ, നടപടികൾ സ്വീകരിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നു എല്ലാവരും അറിഞ്ഞിരിക്കട്ടെ"[13]. ഇങ്ങിനെ, വേണ്ടത് വേണ്ടപ്പോൾ അറിയാനും വേണ്ടപോൽപറയാനും പറഞ്ഞത് പ്രവൃത്തി പഥത്തിലാക്കാനുമുള്ള ആർജ്ജവം പിതാക്കന്മാർക്കുണ്ടായിരുന്നു.
സ്വന്തം ഉദരസ്ഥശിശുവിനെ എന്നപോലെയാണു പിതാക്കന്മാർ സഭയെ സ്നേഹിച്ചത്; പ്രകൃതിവാസനയാൽത്തന്നെ അമ്മയെ സ്നേഹിച്ചുപോകുന്ന ശിശുക്കളെപ്പോലെയല്ല. തള്ളസ്നേഹിത്തിനു ബദലാവില്ല പിള്ളസ്നേഹം. അമ്മ കുഞ്ഞിനെ സ്നേഹിക്കുന്നത് ആൾ ആക്കാൻ വേണ്ടിയാണ്. കുഞ്ഞ് അമ്മയെ സ്നേഹിക്കുന്നത് ആൾ ആകാൻ വേണ്ടിയാണ്. ആൾ ആയാലോ? പ്രകൃതി നിയമം ബാധകം: "പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും"[14].

ആൾ ആകാൻ വേണ്ടി സഭയെ "സ്നേഹിക്കുന്ന" (ഉപയോഗിക്കുന്ന) ഒരു പ്രബല ന്യൂനപക്ഷം ഇന്നു സഭയിൽ ഇല്ലേ? പ്രബോധനത്തിന്റെ പ്രഭവസ്ഥാനത്തു പിഴവു പിണഞ്ഞതിന്റെ പരിണിതഫലം? അതോ അഥവാ, പ്രയാണമദ്ധ്യേ യൂദാസിന്റെ സഞ്ചി[15] കണ്ടു ഭ്രമിച്ച് അവന്റെ ആത്മാവിനെ ആവാഹിച്ചെടുത്ത്[16] അതിൽ അടയിരുന്ന്[17] അഹമായിത്തിർന്നുപോയതോ? കഷ്ടം! ഒരേ സമയം ഗുരുവിനെയും കൂടപ്പിറപ്പുകളെയും, എന്നല്ല, കൂടപൊറുതിക്കാരെയും നീ ചുംബിച്ചുകൊണ്ട്[18] ഒററിക്കൊടുക്കുന്നോ?

"വണ്ടേ, നീ തുലയുന്നു! വീണയീ–
വിളക്കും നീ കെടുത്തുന്നിതേ"!! .

അമ്മ കുഞ്ഞിനു വേണ്ടി ജീവിക്കുന്നതുപോലെ താൻ കൂടപ്പിറപ്പുകൾക്കുവേണ്ടി ജീവിക്കേണ്ടവനാണെന്നു ബോധമുള്ള എത്രപേർ ഇന്നു സഭയിൽ ജീവിച്ചിരിപ്പുണ്ടാകാം? ഈ ബോധ്യമെങ്കിലും ഇല്ലാത്തവർ സന്ന്യാസികളാകുമോ? എങ്കിൽ, സന്ന്യാസികളില്ലാത്ത സന്ന്യാസ പ്രസ്ഥാനങ്ങൾകൊണ്ട് ഞെങ്ങിഞെരുങ്ങി സഭ ഇന്ന് ഊർദ്ധശ്വാസം വലിക്കയാണോ?

[14] ഉത്പ. 2:24
[15] Jn. 12:26
[16] Mt. 26:15
[17] MK. 14:44
[18] Lk. 22:48

പറയണമേ: "എൻ സ്നേഹമെമ്മട്ടിരിക്കണം"?

തീർപ്പുര:

അമ്മയാക്കാൻ ദൈവം വേണം
അമ്മയാകാൻ മനസ്സുവേണം.

1. പരിപൂർണ്ണതയിലേയ്ക്കുള്ള പ്രയാണമാണെന്നിരിക്കിലും പരിമിതികളുള്ള മർത്ത്യരാണ് പഥികർ. അതിനാൽ പിഴവുകൾ സംഭവ്യം. അപ്പോൾ അമരത്തിരിക്കുന്നവർ അരങ്ങത്തുവരണം, അബദ്ധത്തിന്റെ അടിവേരുതോണ്ടാൻ. പണ്ടത്തെ പിതാക്കന്മാർക്ക് അതിനുള്ള സ്നേഹവായ്പുണ്ടായിരുന്നു. "വൻകാര്യം ചെയ്യാൻ, ദൈവത്തിലാശ്രയിച്ചുകൊണ്ടു കൃത്രിമം ചെയ്യാൻ കഴിയണം" എന്ന് അന്ന് ആരും പഠിപ്പിച്ചിരുന്നില്ല, പ്രയോഗിച്ചിരുന്നുമില്ല. പ്രബോധന പ്രജനന പ്രക്രിയയിൽ പിഴവു പിണഞ്ഞുപോയിട്ടുണ്ടെങ്കിൽ തിരുത്തികുറിക്കുവാൻ പിതാക്കന്മാർ മനസ്സാകണമേ.

2. സഭയിൽ ഭാവി കമ്പനി മാനേജർമാരെ, സന്ന്യാസത്തിനെന്ന വ്യാജേന, റിക്രൂട്ട്ചെയ്യുന്ന രീതി മാറണം. യോഗാർത്ഥികൾക്കുള്ള ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ അമ്മമന:വര സിദ്ധിപ്പരിശോധന നിർണ്ണായക ഘടകമായി പരിഗണിക്കണം. മാതൃഹൃദയവരമുള്ളവരെ മാത്രം ആചാര്യന്മാരായി അവരോധിക്കണം.

3. പരാതിപ്പെടുമ്പോൾ മാത്രമാണു
പരിഹാരമുണ്ടാകുന്നതു
പരിതപിക്കുന്നതുകൊണ്ടുമാത്രം
പരനുമപരനുമില്ല പ്രയോജനം!

സഭയിൽ 90% പേരെങ്കിലും ഇന്നത്തെ അവസ്ഥയോർത്തു പരിതപിക്കുന്നവരല്ലേ? അവർ പരാതിപ്പെടാൻ ധൈര്യപ്പെട്ടാൽ പടം മാറും! കട്ടായം. മടിയിൽ നിന്നും മടയിൽ നിന്നും സടകുടഞ്ഞെഴുന്നേൽക്കാൻ സഭയിലെ ഈ സിംഹഭാഗം മനസ്സാകുന്നെങ്കിൽ!! മക്കളെ സ്നേഹിക്കുന്ന അമ്മയെപ്പോലെ സഭയെ സ്നേഹിക്കുന്നവർ അതിനു തയ്യാറാകണം.

<u>പിന്നുര:</u>

"മുമ്പേ ഗമിച്ചിടിന ഗോവു തന്റെ
പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം".

സി.എം.ഐ.സഭ ഭാരതത്തിലെ പ്രഥമ തദ്ദേശീയ സന്ന്യാസസമൂഹം പിൽക്കാലത്ത് ഉദയം ചെയ്ത സഭാസമൂഹങ്ങളുടെ അഭ്യസ്സന കളരി, ഇതര ഭാരത സഭകളുടെ നേട്ടങ്ങൾക്കും കോട്ടങ്ങൾക്കും കൂട്ടുത്തര വാദി, സി.എം.ഐ. സഭയിൽ ചില സന്ന്യാസ മൂല്യങ്ങൾക്കു, കാലാന്തരേ, വംശവിച്ഛേദനം സംഭവിച്ചു! അവ മറ്റു സഭകളിലും അന്യം നിന്നു പോയിരിക്കുന്നു!! സി.എം.ഐ. സ്വാധീനം ഇതര സഭകളിലും എത്രയോ നിർണ്ണായകം!!!

"ആശാനക്ഷരമൊന്നുപിഴച്ചാൽ
അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്".

നമ്മൾ ചെയ്യുന്നത് എന്തെന്നു നമ്മൾ അറിയുന്നില്ല! സി.എം.ഐ. സഭയിലെ സന്ന്യാസമൂല്യ നവോത്ഥാനമെന്യേ ഇന്ത്യാമഹാരാജ്യത്തിൽ, വിശിഷ്യാ, ഭാരതക്രൈസ്തവ സഭകളിൽ, മൂല്യച്യുതിക്കു വിരാമം ഉണ്ടാവില്ല! നൂനം.

"സിദ്ധന്മാരുടെ കാല്പാടിൽ
തെറ്റാതെന്നെനയിക്കണമേ" ♦

ഉദയഗീതം -പ്രഭാത പ്രാർത്ഥന

(♦രാവിലെ തന്നെ കള്ളം പറയരുതല്ലോ!)

ചാവറ പിതാവു പറഞ്ഞ വഴിയല്ല
പോയവഴിയാണു പ്രധാനം.

***നീ ആണ് അമ്മ.***

*************

# മതസൗഹാർദ്ദ ഈസ്റ്റർ
## നമ്മുടെ വിശ്വാസത്തിന്റെ ഘോഷം ഇതരമത സുഹൃത്തുക്കളോടൊത്താകാം

**ഫാ. റോബി കണ്ണൻചിറ സി.എം.ഐ.**
സെക്രട്ടറി,
കെ.സി.ബി.സി.ഡയലോഗ് ആന്റ് എക്യുമെനിസം കമ്മീഷൻ

സമീപകാലത്ത് ഭാരതത്തിന്റെ വിവിധ ഇടങ്ങളിൽ ശക്തിപ്രാപിക്കുന്ന മതമൗലികവാദവും വളരുന്ന അസഹിഷ്ണുതയും രാഷ്ട്രീയ ലക്ഷ്യങ്ങളോടെയാണ് എന്ന് ആരോപിക്കാമെങ്കിലും ന്യൂനപക്ഷ മത-സമുദായങ്ങളിൽ അതുയർത്തിയിരിക്കുന്ന അരക്ഷിതാവസ്ഥ ഭയാനകമാണ്. ലോകം മുഴുവനും ഭാരതവും ഐ.എസ്. ഭീകരവാദികളുടെ തോക്കിൻ തുമ്പിൽ വിറകൊണ്ടു നിൽക്കുമ്പോഴാണ് ഇവിടെ ആഭ്യന്തരകലാപങ്ങൾക്ക് സാധ്യത വർദ്ധിപ്പിച്ചു കൊണ്ട് രാഷ്ട്രീയ പ്രേരിതമായ അസഹിഷ്ണുത വളർത്തുന്നത്. ഈ അവസരത്തിൽ ഭാരതത്തിലെയും കേരളത്തിലേയും ക്രൈസ്തവ സഭകൾ സംഘാതമായ സ്വീകരിക്കേണ്ട സമീപനമെന്താണ്?

കാലാകാലങ്ങളായി ഇതര മതങ്ങളോട് കത്തോലിക്കാസഭകൾ സ്വീകരിക്കുന്ന പൊതുസമീപനം മതസൗഹാർദ്ദത്തിന്റേതുതന്നെയാണ്. അത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതുമാണ്.

## മതാന്തര ദർശനം: രണ്ടാം വത്തിക്കാൻ കൗൺസിൽ പഠനങ്ങൾ:

ഇതരമതങ്ങളെക്കുറിച്ചുള്ള കൗൺസിൽ പഠനങ്ങൾ ശ്രദ്ധേയമാണ്. മറ്റു മതങ്ങളിൽ നന്മയും സത്യവുമായ അംശങ്ങളുണ്ട് (ജനതകളുടെ പ്രകാശം, 16). മറ്റു മതങ്ങളിൽ മതപരവും മാനുഷികവു

മായ അനേകം അമൂല്യ സത്യങ്ങളുണ്ട് (സഭ ആധുനിക ലോക ത്തിൽ , 92), ദൈവാനുഭവത്തിൽ വിത്തുകൾ അവയിലുണ്ട് (AG, 18) സത്യത്തിന്റെയും പ്രസാദവരത്തിന്റെയും വിത്തുകൾ മറ്റു മതങ്ങ ളിൽ ദൃശ്യമാണ് (AG, 9)വചനത്തിന്റെ വിത്തുകളും ( AG, 11,15)എല്ലാ മനുഷ്യരുടെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മികളും മറ്റു മതങ്ങളിലുമുണ്ട് (NA, 2).അതിനാൽ മറ്റുമതങ്ങളെ ബഹുമാനിക്കു വാനും അവയുടെ ആധ്യാത്മിക സമ്പത്തിനെ ആദരിക്കാനും (NA, 2,3) സഭ ആവശ്യപ്പെടുന്നു.

## വി. ജോൺപോൾ 2-ാംമൻ മാർപാപ്പയുടെ മതാന്തര ദർശനങ്ങൾ:

വത്തിക്കാൻ കൗൺസിലിന്റെ അന്യമതങ്ങളെക്കുറിച്ചുള്ള പഠന ങ്ങളെ ആധാരമാക്കി ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ കൈയ്യോപ്പോടെ 1991 മെയ് മാസം 19-ാം തീയതി സുവിശേഷ വത്കരണത്തിനായുള്ള തിരുസംഘം പ്രസിദ്ധീകരിച്ച 'സംവാദവും പ്രഘോഷണവും' (Dialogue and Proclamation) എന്ന പ്രമാണരേ ഖയുടെ 29-ാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു; 'രക്ഷിക്ക പ്പെടുന്ന എല്ലാ മനുഷ്യരും വ്യത്യസ്തമായ വിധത്തിലാണെങ്കിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി യേശുവിന്റെ രക്ഷാകരഹ സ്യത്തിലാണ് പങ്കു ചേരുന്നത്. ക്രിസ്ത്യാനികൾ വിശ്വാസം വഴി ഈ സത്യം അറിയുമ്പോൾ, മറ്റുള്ളവരാകട്ടെ തങ്ങളുടെ രക്ഷകൻ ക്രിസ്തുവാണെന്ന് അറിയാതെ ജീവിക്കുന്നു. രക്ഷയുടെ രഹസ്യം അവരിലെത്തി ചേരുന്നത് ദൈവത്തിനുമാത്രം അറിയാവുന്ന വഴി കളിലൂടെ, പരിശുദ്ധാത്മാവിന്റെ അദൃശ്യമായ പ്രവർത്തനങ്ങളിലൂ ടെയാണ്. തങ്ങളുടെ രക്ഷകൻ അറിയാത്തപ്പോഴും അംഗീകരിക്കാ ത്തപ്പോഴും രക്ഷയുടെ ദാനം ദൈവം അവർക്കും നൽകുന്നു.' (cf. AG 3,9,11)

ദൈവികവെളിപാടിന്റെ ബഹുസ്വരതയെ ഊന്നിപറഞ്ഞുകൊണ്ട് ഇതരമതങ്ങളിലും സത്യദൈവത്തിന്റെ വെളിപാടുണ്ടെന്നുള്ള

ജോൺപോൾ മാർപാപ്പയുടെ പ്രഖ്യാപനം(രക്ഷകന്റെ മിഷൻ , 55) അജപാലനപരമായ വിവേകത്തോടെ സാധാരണക്കാരിലെത്തിക്കാൻ അജപാലകർക്കു കഴിയാത്തതിനാലാണ് ക്രിസ്ത്യൻ താലിബാനികൾ രംഗപ്രവേശം ചെയ്യുന്നത്. രക്ഷകനായ യേശുവിന്റെ അനന്യമായ മധ്യസ്ഥതയിൽ സഹമധ്യസ്ഥരാകാനുള്ള ഇതരമതങ്ങളുടെ സാധ്യതയെ ഊന്നിപറഞ്ഞ സഭയുടെ കാഴ്ചപാടുകളെ (കർത്താവായ യേശു, 14) അവഗണിച്ചുകൊണ്ട് ഇതരമതവിരുദ്ധവും ക്രൈസ്തവ മതമൗലികവാദം പ്രോത്സാഹിപ്പിക്കുന്നതുമായ സംസ്കാരം വളർത്തുന്നതിന് അറിഞ്ഞോ അറിയാതെയോ നാം ഇട നൽകരുത്.

## രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടർച്ചയിൽ കൊച്ചിയിൽ ചാവറ കൾച്ചറൽ സെന്റർ

മതാന്തരസംവാദമേഖലയിൽ തികച്ചും വിപ്ലവകരമായ മാറ്റങ്ങളാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം ലോകം മുഴുവനും വിശിഷ്യ ഭാരതത്തിലുമുണ്ടായത്. ദൈവശാസ്ത്രത്തിലും ആരാധനാശൈലികളിലും വന്ന മാറ്റങ്ങൾ നമ്മൾ മനസ്സിലാക്കിയിട്ടുണ്ട്, അതുണ്ടാക്കിയ പ്രതികരണങ്ങളും പ്രത്യാഘാതങ്ങളും; ഇപ്പോഴും തുടരുന്ന ആശയപരവും ആരാധനാശൈലീപരവുമായ വ്യത്യാസങ്ങളും നമുക്കറിയാം.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടർച്ചയിലാണ് കൊച്ചിയിൽ ചാവറ കൾച്ചറൽ സെന്റർ സ്ഥാപിതമാകുന്നത്. കേരളത്തിലെ കത്തോലിക്കാസഭയ്ക്ക് മതസൗഹാർദ്ദമേഖലയിൽ നവദർശനങ്ങൾ നൽകി.

1971-ൽ സി.എം.ഐ സഭയുടെ ഭരണസിരാകേന്ദ്രമായിരുന്ന കാരിക്കാമുറിയിൽത്തന്നെ ഇത് സ്ഥാപിതമായി. മതാന്തര സൗഹൃദത്തിന് തനതു ശൈലിയിൽ പുതുവഴിവെട്ടിയ റവ.ഡോ.ആൽബർട്ട് നമ്പ്യാപറമ്പിലച്ചനായിരുന്നു സ്ഥാപക ഡയറക്ടർ. പുണ്യശ്ലോകനായ അഭി

വന്ദ്യ പാറേക്കാട്ടിൽ തിരുമേനിയുടെ ആശീർവാദത്തോടെ മഹാകവി ജി.ശങ്കരക്കുറുപ്പും, അന്ന് ഫാക്ടിനെ എം.ഡി. ആയിരുന്ന എം.കെ.കെ.നായരും, വാസുദേവ പിള്ളയും പൂർണ്ണമായും സഹകരിച്ചുകൊണ്ടാണ് ഈ പ്രസ്ഥാനത്തിന് തുടക്കമിട്ടത്.

തുടർന്ന് നാം കാണുന്നത്, കേരളത്തിൽ മാത്രമല്ല, ഭാരതത്തിലും ലോകത്തിന്റെ വിവിധ ഇടങ്ങലിലും ഈ മതസൗഹാർദ്ദകേന്ദ്രം സജീവചർച്ചയാകുന്നതും ചെറുതും വലുതുമായ ഒട്ടേറെ ലോക മതസമ്മേളനങ്ങൾ നടത്തിയും കൂട്ടായ്മകൾ സംഘടിപ്പിച്ചും സജീവമാകുന്നുമാണ്. ഇതിന്റെ തുടർച്ചയിൽ സി.എം.ഐ. സഭയിൽ തന്നെ ഒട്ടേറെ സാംസ്കാരിക മതസൗഹാർദ്ദകേന്ദ്രങ്ങൾ ഉണ്ടായി.

## വിവിധ മതങ്ങളുടെ ആഘോഷങ്ങളിൽ പങ്കുചേരാം

കൊച്ചിയിലെ ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിക്കുന്ന വിവിധ മതങ്ങളുടെ ആഘോഷങ്ങളിൽ എല്ലാ മതങ്ങളിലുമുള്ളവർ ഒരുമിച്ച് പങ്കെടുക്കുന്നത് ഒരു പുതുസംസ്കാരത്തിന് തന്നെ തുടക്കമായിട്ടുണ്ട്. ചാവറ സാംസ്കാരിക കേന്ദ്രം സംഘടിപ്പിക്കുന്ന രാമായണമാസാചരണത്തിലും, പ്രഭാഷണങ്ങളിലും, മുസ്ലീം മഗ്രീബ് പ്രാർത്ഥനയിലും ഇഫ്താർ വിരുന്നിലും ക്രിസ്തുമസ്സ്, ഈസ്റ്റർ, ഓണം, ദീപാവലി തുടങ്ങിയ ആഘോഷങ്ങളിലും എല്ലാവരും ഒരുമിച്ച് പ്രാർത്ഥിക്കുകയും, ഭക്ഷിക്കുകയും, സംവദിക്കുകയും ചെയ്യുന്ന രീതി ഇന്ന് ഒട്ടേറെ പേർക്ക് പ്രചോദനവും പലസ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രേരണയുമായിട്ടുണ്ട്.

## ഭാരത്തിന്റെ സഹിഷ്ണുതയും സാഹോദര്യവും

വിവിധ മതവിശ്വാസികൾ ഒന്നിച്ച് വസിക്കുന്ന ഭാരതത്തിന്റെ സാംസ്ക്കാരിക-ആദ്ധ്യാത്മിക അന്തരീക്ഷത്തിൽ ഇതര മതങ്ങളോടും, ആചാരങ്ങളോടും സഹിഷ്ണുതയും ആദരവും നാം പരസ്പരം പുലർത്തേണ്ടിയിരിക്കുന്നു. യഹൂദ-ക്രിസ്ത്യൻ-മുസ്ലീം വിശ്വാസ ധാരകൾ ഭാരതീയരെ സംബന്ധിച്ചിടത്തോളം തികച്ചും

വൈദേശീയമാണ്. ഭാരതത്തിന്റെ പൈതൃകധാരയിൽ രൂപം കൊണ്ട മതങ്ങളാണ് ഹിന്ദു-ബുദ്ധ-ജൈന-സിക്ക്-പാർസി തുടങ്ങിയവ. വിദേശത്തുനിന്നും ഇവിടേക്ക് എത്തിയ വിശ്വാസരീതികളെ ഇരുകൈകളും നീട്ടി സ്വീകരിക്കുവാൻ പോന്ന ഹൃദയവിശാലതയും സഹിഷ്ണുതയും ഭാരതത്തിന്റെ ചൈതന്യവഴികളായിരുന്നു. നാനാത്വത്തിൽ ഏകത്വം എന്ന വിശിഷ്ടഭാവം! ഈ വഴികളിലൂടെയാണ് നമ്മൾ നടന്നതും, ഇന്നും നടക്കുന്നതും, നാളെ നടക്കേണ്ടതും.

## എപ്പോഴാണ് ഒരാൾക്ക് ഇതര മതങ്ങളോട് ആദരവും സഹിഷ്ണുതയും തോന്നുക?

**സ്വന്തം മതത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ആൾക്ക് മാത്രമേ മറ്റൊരു മത വിശ്വാസിയെ, അയാളുടെ വിശ്വാസാചാരങ്ങളെ ആദരവോടെ കാണാൻ കഴിയൂ! തങ്ങളുടെ മതമാണ് യഥാർത്ഥ മതമെന്നും മറ്റു മതങ്ങളെല്ലാം തിന്മയാണ്, മത വിശ്വാസങ്ങളും ആചാരങ്ങളും തിന്മയുടെ വിവിധ ഭാവങ്ങളാണ് എന്നുമൊക്കെ ആരെങ്കിലും പറയുന്നെങ്കിൽ അയാൾ ഒരു മതത്തിലും അടിയുറച്ചു വിശ്വസിക്കുന്നില്ല എന്നാണർത്ഥം. എന്റെ മതത്തിൽ ഞാൻ അടിയുറച്ചു വിശ്വസിക്കുന്നുവെങ്കിൽ പിന്നെ ഞാനെന്തിന് മറ്റ് മതങ്ങളെ വെറുക്കുകയോ, ഭയപ്പെടുകയോ, ഭയപ്പെടുത്തുകയോ ചെയ്യണം? ഞാൻ ക്രിസ്ത്യാനിയാണ് എങ്കിൽ, ക്രിസ്തുവിൽ ദൃഢമായി വിശ്വസിക്കുന്നുവെങ്കിൽ എനിക്ക് സ്വാഭാവികമായും, എന്റെ ഹിന്ദു-മുസ്ലീം-സിക്ക്-ജൈന-ബുദ്ധ-ബഹായീസ്-പാർസി സഹോദരങ്ങളെയും അവരുടെ വ്യത്യസ്ഥങ്ങളായ വിശ്വാസ-ആചാരങ്ങളെയും ആദരിക്കുവാനും ആഘോഷിക്കുവാനും കഴിയും. എന്നിൽ നിന്നും വ്യത്യസ്തമായ നിന്റെ വിശ്വാസാചാരങ്ങളെ ആഘോഷിക്കാൻ നിന്നോടൊപ്പം ഞാൻ ഉണ്ട്; നിന്റെ വിശ്വാസഘോഷങ്ങൾക്ക് ഞാൻ കൂട്ടിരിക്കാം എന്ന ശുദ്ധമായ സാഹോദര്യത്തിന്റെ ദർശനമല്ലേ ഭാരതം ഇന്ന് കൊതിയോടെ കാത്തിരിക്കുന്നത്.**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ 16-ാം നമ്പറിൽ പറയുന്നത് ശ്രദ്ധിക്കുക.

*സകല മനുഷ്യരും രക്ഷപ്രാപിക്കണമെന്നാണ് രക്ഷകനായ ദൈവത്തിന്റെ അഭിലാഷം. (1.തിമോ.2:4) സ്വന്തം കുറ്റം കൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തേയും അവിടുത്തെ സഭയേയും അറിയാതിരിക്കുകയും അതേസമയം ആത്മാർത്ഥ ഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിന്റെ പ്രചോദനങ്ങൾക്കനുസൃതമായി നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ പ്രാപിക്കാം.*
*അപ്രകാരം ദൈവത്തെക്കുറിച്ചുള്ള സ്പഷ്ടമായ അറിവിലേക്ക് സ്വന്തം കുറ്റത്താലല്ലാതെ വന്നെത്താതിരിക്കുകയും എന്നാൽ ദൈവ സഹായത്തോടെ കൂടെ നല്ല ജീവിതം നയിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്കും രക്ഷക്ക് അത്യാവശ്യമായ സഹായങ്ങൾ ദൈവ പരിപാലന നിരസിക്കുകയില്ല. എന്തെല്ലാം നന്മയും സത്യവും അവരിൽ കാണുന്നുണ്ടോ അതെല്ലാം സുവിശേഷ സ്വീകരണത്തിനുള്ള ഒരുക്കമായി സഭ പരിഗണിക്കുന്നു. എല്ലാവർക്കും ജീവനുണ്ടാകുവാനായി എല്ലാവരേയും പ്രകാശിപ്പിക്കുന്നവൻ നൽകിയ ദാനമായി ഇവയെ അവൾ കരുതുന്നു. (തിരുസഭ : 16)*

**'കർത്താവായ യേശു' എന്ന പ്രമാണരേഖയിൽ ഇങ്ങനെ പറയുന്നു:**
**ഔദ്യോഗികമായും ദൃശ്യമായും സഭയുടെ അംഗങ്ങളല്ലാത്തവർക്കു ക്രിസ്തുവിലുള്ള രക്ഷയെ സമീപിക്കാൻ കഴിയും. ഒരു കൃപയുടെ സഹായത്താലാണതു സാധിക്കുന്നത്. അവരെ സഭയോട് രഹസ്യാത്മകമായി ബന്ധിപ്പിക്കുകയും എന്നാൽ സഭയുടെ ഔദ്യോഗിക ഭാഗമാക്കാതിരിക്കുകയും ചെയ്യുന്ന കൃപയാണത്. ഈ കൃപ ക്രിസ്തുവിൽ നിന്നും വരുന്നു. ഇത് അവിടുത്തെ യാഗത്തിന്റെ ഫലമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമാണ് (കർത്താവായ യേശു 20).**

## അഭിവന്ദ്യ പിതാക്കന്മാരുടെ ഇടപെടൽ:

**ഇതര മതങ്ങളുമായുള്ള ആരോഗ്യകരമായ ഇടപെടൽ സഭ ആഗ്രഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു** അഭിവന്ദ്യപിതാക്കന്മാരും പൊതു സമൂഹത്തിനു മുന്നിൽ സഭയെ പ്രതിനിധീകരിക്കുന്നവരും ഇക്കാരണം കൊണ്ടാണ് മതസൗഹാർദ്ദ പരിപാടികളിൽ പങ്ക് ചേരുന്നത്. കോട്ടയത്തുള്ള സി.എം.ഐ സഭയുടെ ദർശന സാംസ്ക്കാരിക കേന്ദ്രം സംഘടിപ്പിച്ച ഇഫ്താർ സംഗമം ഉദ്ഘാടനം ചെയ്ത കെ.സി.ബി.സി. ഡയലോഗ് & എക്യുമെനിസം കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ടും, ഫോർട്ടു കൊച്ചിയിൽ ഇഫ്താർ വിരുന്ന് ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ ജോസഫ് കരിയിൽ പിതാവും, എറണാകുളത്ത് മതമൈത്രി സമിതികൾക്ക് രൂപം നൽകി വിവിധ പ്രവർത്തനങ്ങൾ നടത്തുന്ന അഭിവന്ദ്യ തോമസ് ചക്യാത്ത് പിതാവും, തിരുവനന്തപുരത്തെ മതസൗഹാർദ്ദ വേദികളിൽ സജീവമായ അഭിവന്ദ്യ മാർ ക്ലീമീസ് തിരുമേനിയും,സാമുവൽ മാർ ഇറനേവൂസ് തിരുമേനിയും, ലാറ്റിൻ സഭയുടെ മതാന്തര സൗഹൃദ പരിപാടികൾക്ക് നേതൃത്വം നൽകുന്ന പുനലൂർ രൂപതാധ്യക്ഷൻ അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവും കത്തോലിക്കാ സഭയുടെ ശരിയായ ദർശനം അവതരിപ്പിക്കുന്നവരാണ്. കെ.സി.ബി.സി ഡയലോഗ് & എക്യുമെനിസം കമ്മീഷൻ ദീപിക ബാലസഖ്യ (DCL) വുമായി സഹകരിച്ച് സംസ്ഥാനത്തെ 1000 സ്കൂളുകളിൽ മതമൈത്രിയുടെ സന്ദേശം നൽകാൻ ആരംഭം കുറിച്ച *സൗഹാർദ്ദം പരിപാടിയും ഈ ദർശനത്തിന്റെ തുടർച്ചയാണ്* കാരണം,

'ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസഭ തിരസ്കരിക്കുന്നില്ല. മറ്റു മതങ്ങളിലെ പ്രവർത്തനരീതികളും ജീവിത മുറകളും, പ്രമാണങ്ങളും, സിദ്ധാന്തങ്ങളും തിരുസ്സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസ്സഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം സർവ്വമനുഷ്യരേയും പ്രകാശിപ്പിക്കുന്ന ആ സത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട്.

ഇക്കാരണങ്ങളാൽ, സ്വസന്താനങ്ങളെ സഭ ഉത്തേജിപ്പിക്കുകയാണ് ഇതര മതാനുയായികളുമായി വിവേകത്തോടും സ്നേഹത്തോടും കൂടി വിശ്വാസത്തിനും ക്രിസ്തീയ ജീവിതത്തിനും സാക്ഷ്യം വഹിച്ചുകൊണ്ട് സംഭാഷണത്തിലും സഹകരണത്തിലും ഏർപ്പെടാൻ. അവരിൽ ദൃശ്യമാകുന്ന ആദ്ധ്യാത്മികവും ധാർമ്മികവുമായ നന്മകളും, സാമൂഹ്യസാംസ്കാരിക മൂല്യങ്ങളും അംഗീകരിച്ചും പരിരക്ഷിക്കുകയും അഭിവൃദ്ധമാക്കുകയും ചെയ്യണമെന്നാണ് സഭയുടെ ഉദ്ബോധനം.' (അക്രൈസ്തവ മതങ്ങൾ No:2)

അതിനാൽ, പൊതു സമൂഹത്തിന്റെ മുന്നിൽ കത്തോലിക്കാ സഭയുടെ ഇതര മതങ്ങളോടുള്ള സമീപനത്തിന്റെ ക്രിയാത്മകവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇക്കാര്യത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം ശരിയായി മനസ്സിലാക്കുകയും ചെയ്യുക യഥാർത്ഥ സഭാതനയരുടെ കടമയും ഉത്തരവാദിത്വവുമാണ്.

## കത്തോലിക്കാ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് എല്ലാ മതങ്ങളെയും അറിയുവാനും വിവിധ മതങ്ങളുടെ ആഘോഷങ്ങളിൽ പങ്കെടുക്കുവാനും അവസരമുണ്ടാവണം.

ഏക ദൈവമല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഉറച്ചു വിശ്വസിക്കുന്നവർക്ക് ലോകത്തിൽ വിഗ്രഹമെന്നൊന്നില്ലെന്ന് (1 കൊറി. 8:4) വി. പൗലോസ് പറയുന്നത് ശ്രദ്ധിക്കുക. നമ്മൾ മറ്റു മതങ്ങളുടെ ഉത്സവങ്ങളെ ആഘോഷമാക്കുമ്പോൾ അവർ നമ്മുടെ ഉത്സവങ്ങളും ആഘോഷിച്ചു തുടങ്ങും. അതിന്റെ സൂചനകളാണല്ലോ, കൊച്ചിയിലെ അൽ അമീൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സായി ബാബ പ്രാർത്ഥനാ കേന്ദ്രങ്ങളിലും തുടങ്ങിയിരിക്കുന്ന ക്രിസ്തുമസ്സ് ആഘോഷ പരിപാടികൾ.

# ചാവറ കൾച്ചറൽ സെന്ററിലെ പ്രത്യാശയുടെ ഘോഷവും (Celebration of Hope) ഉയിർപ്പുപ്രാതലും (Easter break Fast)

ഏതാനും വർഷങ്ങളായി 'ചാവറ'യിൽ നടന്നു വരുന്ന ഈസ്റ്റർ പ്രഭാതത്തിലെ മതസൗഹാർദ്ദ കൂട്ടായ്മയാണ് "പ്രത്യാശയുടെ ഘോഷം". വിവിധ മത, സാംസ്കാരിക, രാഷ്ട്രീയ മേഖലയിലെ പ്രമുഖർ ഒന്നിച്ച് ഉത്ഥാനത്തിന്റെ ആഘോഷത്തിൽ പങ്കുചേരുന്നു. എല്ലാവർക്കും ഉയിർപ്പ് പ്രാതലായി അപ്പവും മീനും പങ്കുവയ്ക്കുന്നു.

യേശു പറഞ്ഞു "വന്നു പ്രാതൽ കഴിക്കുവിൻ. യേശുവന്ന് അപ്പമെടുത്ത് അവർക്ക് കൊടുത്തു. അതുപോലെ തന്നെ മത്സ്യവും" (യോഹ:21:12-13) ഉത്ഥാന ശേഷം പ്രത്യക്ഷപ്പെട്ട യേശു ശിഷ്യരോടൊപ്പം തിബേരിയസ്സ് കടലോരത്ത് വച്ച് അപ്പവും മീനും പങ്കിട്ട ഓർമ്മകളിലാണ് 'ചാവറ'യിൽ നടക്കുന്ന ഉയിർപ്പ് ഘോഷത്തിലും അപ്പവും മീനും വിളമ്പുന്നത്. സമൂഹത്തിലെ ഭിന്നശേഷിയുള്ള വ്യക്തികളോടും ശാരീരികവൈകല്യമുള്ളവരോടും കൂടിയാണ് ഈ ഒത്തുച്ചേരൽ. ഈ കാരുണ്യ വർഷത്തിലെ ഉത്ഥാനഘോഷം കൂടുതൽ അർത്ഥവത്തായ ഒന്നായി മാറുന്നതിന് ഇത്തരം ശൈലികൾ സ്വീകരിക്കുന്നതും നല്ലതാണല്ലോ.

**ഉപസംഹാരം**

കേരള കത്തോലിക്കാ സഭയ്ക്ക് മതസൗഹാർദ്ദ ദർശനങ്ങൾ നൽകിയ 1846-ൽ എല്ലാ മതസ്ഥരേയും ഒരു ബഞ്ചിലിരുന്നു പഠിക്കാൻ ക്ഷണിച്ച വി.ചാവറ പിതാവാണ്. മാന്നാനത്ത് സെന്റ്.ജോസഫ്സ് ആശ്രമത്തോടും പള്ളിയോടും ചേർന്ന് സ്ഥാപിക്കപ്പെട്ട സംസ്കൃത സ്ക്കൂളിന്റെ തുടർച്ചയിലാണ് 1864-ൽ അന്നത്തെ വരാപ്പുഴ മെത്രാനായിരുന്ന ബർണ്ണദ്ദീനോസ് ബച്ചിനെല്ലിയോട് ചേർന്ന് **പള്ളിയോടൊപ്പം പള്ളിക്കൂടങ്ങൾ** എന്ന ദർശനം

അദ്ദേഹം നടപ്പിലാക്കിയത്. അതിനുമുമ്പ് മാന്നാനത്ത് ആശ്രമസ്ഥാപനവുമായി ബന്ധപ്പെട്ട് സ്ഥലം നോക്കിപ്പോയ വഴികളിൽ ഹൈന്ദവവിശ്വാസികളായ സഹോദരങ്ങളുടെ മനസ്സിനെ മുറിവേൽപ്പിക്കാൻ തയ്യാറാകാതിരുന്ന വിശുദ്ധ പിതാവിന്റെ ഈ സൗഹൃദമനസ്സ് ഇതരമതസ്ഥരോടുള്ള നമ്മുടെ സമീപനങ്ങളിൽ ക്രിയാത്മകമായ മാറ്റങ്ങൾക്ക് കാരണമാകണം.

കെ.സി.ബി.സി തലത്തിലും വിവിധ മതസൗഹാർദ്ദ സംഘടനകളുടെ ദേശീയവും അന്തർദേശീയവുമായ സംവാദങ്ങളിലും സമ്മേളനങ്ങളിലും പങ്കെടുക്കുവാൻ അവസരം ലഭിക്കുമ്പോൾ സഭാസ്ഥാപകന്റെ ഈ ദർശനങ്ങളാണ് എനിയ്ക്ക് എന്നും പ്രചോദനവും കരുത്തുമാകുന്നത്.

നമ്മുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സാംസ്കാരിക കേന്ദ്രങ്ങളിലും സാമൂഹ്യ സേവനകേന്ദ്രങ്ങളിലും ക്രൈസ്തവ വിശ്വാസത്തിന്റെ ഏറ്റവും വലിയ ആഘോഷമായ ഉത്ഥാനം ആഘോഷിക്കണമെന്നതാണ് എന്റെ വിനീതമായ അഭിപ്രായം. ഈ ആഘോഷങ്ങളിൽ ഇതര മതസ്ഥരെ ഉൾപ്പെടുത്തുകയും അതോടൊപ്പം മറ്റുള്ളവരുടെ ആഘോഷങ്ങൾ ഏറ്റെടുത്തുനടത്താനുള്ള വിശ്വാസത്തിന്റെ വലുപ്പവും നാം പ്രകടമാക്കുകയും ചെയ്താൽ അത് ഭാരത സംസ്കാരത്തിന് നാം നൽകുന്ന സമ്മാനമാവും തീർച്ച!

# സന്യാസപരിശീലനം: ത്രിതൈക കുടുംബ, വീട്ടുകുടുംബ, സന്യാസകുടുംബ സംയോജനം

ഫാ. തോമസ് പന്തപ്ലാക്കൽ. സി.എം.ഐ.

**ചാവറപിതാവിന്റെ അന്തിമവചസ്സുകൾ**

"ഭക്തിയുള്ള എന്റെ മാതാപിതാക്കൾ ഈശോ മറിയം യൗസേപ്പ് എന്ന മഹാ കുടുംബത്തെ കുറിച്ച് പല വിധത്തിൽ എന്നെ ഓർപ്പിക്കുകയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ (കട്ടിലിന്റെ അരികിൽ എപ്പോഴും കാണത്തക്കവിധം തന്റെ മേശയിൽ വച്ചിരുന്ന തിരുകുടംബസ്വരൂപത്തെ കാണിച്ചുകൊണ്ട്) എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമോദീസായിൽ എനിക്കു കിട്ടിയ ദൈവ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്ന് പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരെയും ഈ തിരുക്കുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു, തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ, നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ." (വലേരിയൻ, 1939,315)

ചാവറപിതാവിന്റെ സന്യാസപരിശീലനദർശനം വീട്ടിൽ നിന്നാരംഭിച്ച് തിരുക്കുടുംബത്തിലൂടെ വളർത്തി സന്യാസക്കുടുംബത്തിൽ പൂർത്തീകരിച്ച് ത്രിതൈക ദൈവത്തിലെത്തുന്നു. ഈ പ്രയാണത്തിൽ ത്രിതൈക ദൈവത്തിലെത്താനുള്ള മനുഷ്യമാതൃക അഥവാ പതിപ്പായിരുന്നു തിരുക്കുടുംബം.

**ആശയവിശകലനം**

**1. ദൈവകുടുംബം: പരിശുദ്ധ ത്രീത്വമാകുന്ന ദൈവം**

സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പങ്കുവെക്കലിന്റെയും

പരസ്പര അംഗീകാരത്തിന്റെയും പൂർണതയാണ് ത്രിതൈ്വകദൈവം. ഇതുതന്നെയാണ് സ്വർഗത്തിലെ സ്വർഗവാസികളുടെ അനുഭവം - ഇതാണ് സ്വർഗം.

- പരിശുദ്ധ ത്രീത്വം മൂന്നുപേരുടെ കൂട്ടായ്മ - പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്

- പരിശുദ്ധ ത്രീത്വത്തിന്റെ തനിമ - ഏകത്വം, ഐക്യം, അഖണ്ഡത (Individuality, Unity, Totality)

**2. തിരുക്കുടുംബം ഭൂമിയിലെ സ്വർഗത്തിന്റെ പതിപ്പ്**

- തിരുക്കുടുംബം മുന്നുപേരുടെ കൂട്ടായ്മ - കന്യാകാമറിയം, വിശുദ്ധ യൗസേപ്പ്, ഉണ്ണിമിശിഹാ.

- തിരുക്കുടുംബത്തിന്റെ തനിമ - ഐകൃത, പങ്കുവെക്കൽ, പൂരകത്വം(Unity, Mutual Care, Complimentarity)

**3. വീട്ടുകുടുംബം: തിരുക്കുടുംബത്തിന്റെ പതിപ്പായ ഭൂമിയിലെ സ്വർഗ്ഗം**

- കുടുംബത്തിലെ ആളുകൾ - മാതാപിതാക്കൾ, മക്കൾ, സഹോദരർ

- കുടുംബത്തിന്റെ തനിമ - ഭൂമിയിൽ സ്വർഗം പണിയുന്നവരുടെ കൂട്ടായ്മ

- സർഗ്ഗം പണിയാൻ ആവശ്യമായ ഘടകങ്ങൾ: സ്നേഹം, സമാധാനം, ജീവിതക്രമം, ദൈവം - മനുഷ്യ ശുശ്രുഷായിലുള്ള താല്പര്യം, നിത്യരക്ഷയിലുള്ള ശ്രദ്ധ, ദൈവഭയം, അഥവാ എല്ലാം ദൈവത്തിന്റെതാണ് അതു സൂക്ഷിച്ചുപകരിപ്പിക്കണം എന്ന തിരിച്ചറിവ്

**4. സന്യാസകുടുംബം - അർപ്പണത്തിലൂടെ പരസ്പര പൂരകങ്ങളായി സ്വർഗത്തിലേക്ക് വഴിനടത്തുന്നവരുടെ കൂട്ടായ്മ**

- സന്യാസകുടുംബത്തിലെ പങ്കാളികൾ - ഉന്നതാധികാരികൾ, നേരിട്ടുള്ള അധികാരികൾ, മൊത്തം അംഗങ്ങൾ

- സന്യാസകുടുംബത്തിന്റെ തനിമ - ഉള്ളും ഉള്ളതും പങ്കുവെച്ച് സ്വർഗ കുടുംബത്തിന്റെ പതിപ്പുകളാകുക

# ചാവറപിതാവിന്റെ അടിസ്ഥാന ദർശനം തിരുക്കുടുംബത്തിൽ നിന്ന്

**പഠനവിഷയമാക്കേണ്ട തിരുക്കുടുംബത്തിന്റെ വേർതിരിക്കപ്പെട്ട പ്രത്യേകതകൾ**

- പിതാവേല്പിച്ച ദൗത്യം പൂർത്തിയാക്കിയ പുത്രൻതമ്പുരാനായ മനുഷ്യദൈവമാണ് ഈശോ.
- ഈശോയെ രക്ഷണീയ കർമ്മത്തിൽ അടുത്തനുഗമിച്ച അമ്മയും വളർത്തുപിതാവുമാണ് മറിയവും യൗസേപ്പും

## 1. ദൈവജനനിയായ പരിശുദ്ധഅമ്മയുടെ പ്രത്യേകതകൾ

- ദൈവദൂതന്റെ അറിയിപ്പിലൂടെ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ട് മനുഷ്യവംശത്തോടുള്ള ഏറ്റവും വലിയ ഉത്തരവാദിത്വം ഏറ്റെടുത്തു.
- മനുഷ്യവംശത്തിൽ ദൈവകൃപനിറഞ്ഞവൾ
- യൂദയൻ മലമ്പ്രദേശത്തെ തിടുക്കത്തിൽ നീങ്ങുന്ന ചലിക്കുന്ന സക്രാരി
- പുതിയ നിയമത്തിലെ ആദ്യ വചനപ്രഘോഷക എലിസബത്തിന്റെ ഭവനത്തിൽ
- പരിശുദ്ധാത്മാവിന്റെ നിറഞ്ഞ സാന്നിദ്ധ്യം (അമ്മയും കുഞ്ഞും പരിശുദ്ധാത്മാവിനാൽ നിറയുന്നു)
- ഇരുളും പ്രകാശവും ഇടകലർന്ന അനുഭവസ്ത(ഗർഭധാരണം മുതൽ ഗാഗുൽത്താവരെ)
- ഈശോയെ അന്വേഷിക്കയും കണ്ടെത്തുകയും ചെയ്ത അമ്മ (ജറുസലേം ദേവാലയത്തിൽ)
- കുരിശിന്റെ പാതയിൽ ഈശോയോടൊത്തു സഞ്ചരിച്ചവൾ
- കുരിശിന്റെ ചുവട്ടിൽ ഒരുമകനുപകരം മനുഷ്യവംശത്തിന്റെ മുഴുവൻ അമ്മയായി തീർന്നവൾ
- മക്കളോടൊപ്പം കാത്തിരിക്കുന്ന അമ്മ പന്തക്കുസ്താ ദിനത്തിൽ

- ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിൽ വിലയം ചെയ്യപ്പെട്ടവൾ
- നിരന്തരം മനുഷ്യജീവിതത്തിൽ ഇടപ്പെടുന്ന അമ്മയും സഹരക്ഷകയും

## 2. വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിതാവിന്റെ പ്രത്യേകതകൾ

- നിശബ്ദ സേവനത്തിന്റെ ഉടമ
- ദൈവമാതാവിന്റെ സംരക്ഷണം ഏറ്റെടുത്തവൻ
- ഗർഭവതിയായ ഭാര്യയെ സംശയിക്കേണ്ടി വന്നപ്പോഴും നീതിപൂർവ്വം ദൈവസ്വരത്തോടു സഹകരിച്ച കുടുംബപാലകൻ
- ഉണ്ണിമിശിഹായുടെ ബാല്യകാലസംരക്ഷണം ശ്രദ്ധാപൂർവ്വം അതിസഹനങ്ങളെ അതിജീവിച്ച് ഏറ്റെടുത്തവൻ
- ഈശോ പരസ്യജീവിതത്തിലേക്കു പ്രവേശിക്കുന്നതുവരെ നസ്രത്തിലെ കുടുംബത്തെ നയിച്ച നിശബ്ദ സേവനത്തിന്റെ മാതൃകയായ തച്ചൻ
- ഏല്പിക്കപ്പെട്ട ദൗത്യം പൂർത്തിയാക്കി ശ്രദ്ധിക്കപ്പെടാത്തവനായി തിരശിലക്കുള്ളിലേക്കു മറഞ്ഞ കഥാനായകൻ

## 3. ദൈവസാന്നിദ്ധ്യം സൃഷ്ടിച്ച മാറ്റങ്ങളിൽ പങ്കു ചേർന്നവർ

- ദൈവത്തിന്റെ മനുഷ്യവതാരസാന്നിദ്ധ്യം ആദ്യം ഗബ്രിയേൽ ദൈവദൂതനിലുടെ അനുഭവിച്ചറിഞ്ഞവർ - പരിശുദ്ധ മറിയവും വിശുദ്ധയൗസേപ്പും
- മാതാവിന്റെ സാന്നിദ്ധ്യത്തിലൂടെ രക്ഷകന്റെ സാന്നിദ്ധ്യം അറിഞ്ഞവർ - എലിസബത്തും അവളുടെ ഉദരത്തിലെ ശിശുവും
- മറിയത്തിനോടും യൗസേപ്പിനോടുംകൂടി ഈശോയുടെ ജനനം അനുഭവിച്ചറിഞ്ഞവർ - വാനാരൂപികളും ആട്ടിടയന്മാരും പൂജരാജാക്കന്മാരും
-ജറുസലേം ദേവാലയത്തിൽ രക്ഷകന്റെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞവർ - ശിമയോൻ, ഹന്ന എന്ന ദീർഘദർശികൾ
- ഈശോയുടെ ദൈവികജ്ഞാനത്തെ ആദ്യം തിരിച്ചറിഞ്ഞവർ ദേവാലയത്തിലെ വേദശാസ്ത്രികൾ
-പ്രായത്തിലും ജ്ഞാനത്തിലും കൃപയിലും വളർന്നു വരുന്ന

ഈശോയെ തിരിച്ചറിഞ്ഞവർ -നസ്രത്തുവാസികൾ
- 30 വയസ്സുവരെ ഈശോ നാട്ടുകാരുടെയിടയിൽ തച്ചന്റെ മകനായി മാത്രം അറിയപ്പെട്ടു.

## തിരുക്കുടുംബത്തിലേക്കുള്ള ചാവറപിതാവിന്റെ വളർച്ചയുടെ അനുഭവങ്ങൾ

**1. പരിശുദ്ധ മാതാവിനോടൊത്ത്**

- വെച്ചൂർ പള്ളിയിൽ വെച്ച് സ്വന്തഅമ്മയുടെ സ്ഥാനം പരിശുദ്ധ അമ്മയെ ഏല്പിക്കുന്നു (ചാവറ സാഹിത്യകൃതികൾ, 6)
-ബാല്യകാലത്തിൽതന്നെ കുടുംബത്തിൽ നിന്ന് തിരുക്കുടുംബത്തിലേക്കുള്ള വളർച്ച ആരംഭിച്ചു - മുലപ്പാലിനോടൊപ്പവും മുട്ടിൻമേൽനിന്നും (സാഹിത്യകൃതികൾ, 1-16)
- പാലക്കലച്ചനോടുള്ള സഹവാസത്തിലൂടെ ലഭിച്ച അനുഭവങ്ങൾ, മരിയഭക്തിയിലേക്ക് (ചാവറ, നാളാഗമങ്ങൾ)
- തിരുവചനങ്ങളുടെ പഠനത്തിൽനിന്ന് സെമിനാരിക്കാലത്തുതന്നെ ആത്മീയ വളർച്ചയിലേക്ക് (നാളാഗമങ്ങൾ 1, 60)
- മാന്നാനത്തു ആശ്രമം തുടങ്ങിയപ്പോൾ മൂന്നുനേരം ജപമാലയിലൂടെ (നാളാഗമങ്ങൾ,34)
- വെച്ചൂരാരംഭിച്ച മേരിദാസ്യം അമലോത്ഭവ ദാസസംഘത്തിലേക്കു വളർത്തുന്നു വ്രതബദ്ധജീവിതം ആരംഭിച്ചുകൊണ്ട്
- മിഷനറിമാരിലുടെ ലഭിച്ച കർമ്മലാനുഭവം (കത്തുകൾ, 99)
- സന്യാസിനീസഭയും മാതൃനാമത്തിൽ (നാളാഗമങ്ങൾ, 231-243)
- ജപമാലയുടെയും ഉത്തരീയത്തിന്റെയും നിർമ്മാണവും വിതരണവും കൂനമ്മാവിൽനിന്ന് (കൂനമ്മാവ് മഠം നാളാഗമം)
- അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത അമ്മ - അമ്മയുടെ നാമത്തിൽ വല വീശിയാൽ ലഭിക്കുന്ന അനുഭവങ്ങൾ മാത്രം (കത്ത് 81)
- ലയോപ്പോൾദച്ചന്റെയും ചാവറപിതാവിന്റെയും അനുഭവം - മലപോലെ വന്ന ദുഃഖം മാതാവ് പൂപോലെയാക്കി കന്യാസ്ത്രീകളെക്കൊണ്ടു 3 രാജ്യകന്യകയും 3 എത്രയും ദയവുള്ള മാതാവേയും ചൊല്ലിച്ചപ്പോൾ (ധ്യാനസല്ലാപം, 47)
- മാതാവ് ഈശോയുടെ മുമ്പിലെ യഥാർത്ഥ്യ മദ്ധ്യസ്ഥ (ധ്യാനസല്ലാപം

-68,69)

- 1865 മുതൽ മെയ്മാസ വണക്കം കേരളസഭയിൽ...(മാന്നാനം നാളാഗമം)

- മരിയ പ്രഭാഷകൻ

**2. വിശുദ്ധയൊസേപ്പിതാവിനോടൊത്ത്**

- മാന്നാനത്തെ ആദ്യആശ്രമം യൗസേപ്പിതാവിന്റെ നാമത്തിൽ (ചാവറ, നാളാഗമം, 24,25)

- മാന്നാനത്തെ ദേവാലയമണിക്ക് യൗസേപ്പിതാവിന്റെ നാമം (ചാവറ, നാളാഗമം,)

- 1843 മുതൽ തിരുക്കുടുംബത്തിന്റെ ഓർമ്മക്കായി സ്ത്രിയും പുരുഷനും കുഞ്ഞും ഉൾക്കൊള്ളുന്ന മുന്നു പേർക്ക് ഭക്ഷണവും വസ്ത്രവും സമ്മാനങ്ങളും, യൗസേപ്പിതാവിന്റെ നാമത്തിൽ ഭിക്ഷക്കാർക്ക് ആഹാരം (നാളാഗമം)

- ഉപവിശാലയുടെ പ്രവർത്തനത്തിനുവേണ്ടി യൗസേപ്പിതാവിന്റെ നാമത്തിൽ നന്മരണസഖ്യം (കത്തുകൾ, 153-158)

- മരണമാകുന്ന മഹാകടലിനെ കടക്കുവാനുള്ള ഏറ്റവും ഉറച്ച നങ്കൂരം യൗസേപ്പിതാവിനോടുള്ള ഭക്തി (കത്ത്,157,58)

- എന്റെ ആത്മീയശത്രുക്കളെ അതിജീവിക്കുവാൻ എന്റെ അപ്പനായ യൗസേപ്പിതാവേ, എനിക്കുവേണ്ടി അങ്ങയുടെ തിരുക്കുമാരനോട് മാദ്ധ്യസ്ഥം വഹിക്കണമേ (ധ്യാന സല്ലാപം, 30)

## തിരുക്കുടുംബ സദൃശമായി കുടുംബത്തെയും സന്യാസത്തെയും രൂപപ്പെടുത്തുന്നതിൽ ചാവറപിതാവിന്റെ സംഭാവന

- അമ്മയിൽ നിന്നാരംഭിച്ച തിരുക്കുടുംബ ഭക്തി സ്വജീവിതത്തിൽ നിറക്കുന്നു

- ധ്യാനാത്മക ജീവിതത്തിലൂടെ തിരുക്കുടുംബത്തിൽ കണ്ടെത്തിയ പ്രത്യേകതകൾ വൈകാരികമായി

സ്വന്തജീവിതത്തിലാക്കാൻ അദ്ദേഹം നടത്തിയ ശ്രമത്തിന്റെ ക്രിയാത്മകരൂപമാണ് ആത്മാനുതാപം എന്ന കൃതി. തിരുക്കുടുംബത്തെ അദ്ദേഹവുമായി താരതമ്യപഠനത്തിന്റെ ഭാഗമാക്കി

-പാപമുള്ള ഹൃദയത്തോടു ദൈവം ചേരുകയില്ല.

ദൈവപിതാവിലെത്താൻ ധൂർത്തപുത്രനായ അദ്ദേഹം തിരുക്കുടുംബത്തെ മുന്നിൽ നിർത്തുന്നു മദ്ധ്യസ്ഥരായി. (ധ്യാനസല്ലാപം,16)

- ദൈവനിർമ്മിതമായ സന്യാസക്കുടുംബത്തെ അദ്ദേഹം തിരുക്കുടുംബ സദൃശ്യമായ ഭൂമിയിലെ സ്വർഗ്ഗമാക്കാൻ ശ്രമിക്കുന്നു. വാക്കാലെയും പ്രവർത്തിയാലേയും; അമ്മയെയും മക്കളെയും പോലെ (കത്തുകൾ, 100)

- വീട്ടുകുടുംബത്തെയും സന്യാസക്കുടുംബത്തെയും ഭൂമിയിലെ സ്വർഗ്ഗമാക്കാൻ ആവശ്യമായ അടിസ്ഥാനഘടകങ്ങളെന്തെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നതു ഇവയാണ്: സ്നേഹം, സമാധാനം, ക്രമവും ചിട്ടയും, ദൈവ-മനുഷ്യശുശ്രുഷയിലുള്ള താല്പര്യം, നിത്യരക്ഷയിലുള്ള ശ്രദ്ധ. ദൈവഭയം അഥവാ എല്ലാം ദൈവത്തിൽ നിന്നുള്ളതാണ്. അതു ശ്രദ്ധാപൂർവ്വം ഉപയോഗിക്കാനുള്ളതാണ് എന്ന തിരിച്ചറിവ് വീടുണ്ടാക്കുവാനാവശ്യമായ ആറു തൂണുകൾക്ക് തുല്യമാണ് ഈ ഘടകങ്ങൾ

**സി.എം.ഐ. പരിശീലനത്തിൽ ഉറപ്പുവരുത്തി വളർത്തി എടുക്കേണ്ട ത്രിതൈ്വക കുടുംബമൂല്യങ്ങൾ**

പരിശുദ്ധ ത്രീത്വത്തിലും തിരുക്കുടുംബത്തിലും വിളങ്ങിയിരുന്ന മൂല്യങ്ങളാണ് മനുഷ്യരുടെ മൂല്യങ്ങളായിത്തീരേണ്ടത്. സ്നേഹം, ഐക്യം, പരസ്പരഅംഗീകാരം, പങ്കുവെയ്ക്കൽ, പരസ്പരപൂരകത്വം ഇവയാണ് പരിശുദ്ധ ത്രീത്വത്തിന്റെയും തിരുക്കുടുംബത്തിന്റെയും മുഖ്യമായ ഗുണവിശേഷങ്ങൾ. ഇവയെല്ലാം സ്വജീവിതത്തിൽ വളർത്തി എടുക്കുകയും മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കുകയും ചെയ്തയാളാണ് ചാവറപിതാവ്. അദ്ദേഹം തിരുക്കുടുംബത്തിൽ കണ്ടെത്തിയ പ്രത്യേകതകൾ പ്രായോഗിക പരിശീലനരംഗത്ത് നടപ്പിലാക്കാൻ ശ്രമിക്കുക എന്നതാണ് ചാവറമാതൃകയിലുള്ള പരിശീലനവും സന്യാസാർപ്പണവും.

**തിരുക്കുടുംബത്തിൽ നിന്നും അദ്ദേഹം കണ്ടെത്തിയ പ്രധാന മൂല്യങ്ങൾ**

- പരി. അമ്മയേപ്പോലെ ജീവിതത്തിന്റെ ത്രികാലങ്ങളെ, (ഭൂതം,

ഭാവി വർത്തമാനം) ഹൃദയത്തിൽ സംഗ്രഹിച്ച് ജീവിതത്തിനുത്തരം കണ്ടെത്താൻ ശീലിക്കുക
- ദൈവകൃപയിൽ വളരുവാൻ ജാഗ്രതയോടെ ശീലിക്കുക
- മറ്റുള്ളവരുടെ ആവശ്യങ്ങളിൽ പെട്ടെന്നു ശ്രദ്ധാലുവാകുക, സ്നേഹത്തോടെ സഹകരിക്കുക
- പരിശുദ്ധാത്മാവ് വസിക്കുന്ന ദൈവത്തിന്റെ ആലയങ്ങളാകുവാൻ പഠിക്കുക
- ഇരുളും വെളിച്ചവും ഇടകലർന്ന ജീവിതയാഥാർത്ഥ്യങ്ങളോടു സഹകരിക്കാൻ പഠിക്കുക
- നിരന്തരം സത്യാന്വേഷികളാകുവാൻ ശീലിക്കുക
- ഈശോയുടെ സഹനത്തിൽ പങ്കുചേർന്നു സഹരക്ഷകരാകാൻ ശീലിക്കുക
- മറ്റുള്ളവരോട് ചേർന്നുനിന്നു കൊണ്ട് ദൈവരാജ്യം അന്വേഷിക്കുവാൻ ശീലിക്കുക
- നിശബ്ദ സേവകരാകുവാൻ ശീലിക്കുക
- തിരുവചനങ്ങളിലൂടെ ദൈവസ്വരത്തിന് എപ്പോഴും കാതോർക്കുന്നവരാകവാൻ ശീലിക്കുക
- ദൈവം ഏല്പിച്ച ദൗത്യത്തിന് സ്വന്തതാല്പര്യങ്ങളെക്കാൾ പ്രാധ്യാനം കൊടുക്കാൻ ശീലിക്കുക
- ദൈവതിരുമനസ്സിന് സമ്പൂർണ്ണ സമർപ്പണം ചെയ്യാൻ ശീലിക്കുക
- ക്രിസ്തുകേന്ദ്രീകൃത ജീവിതം നയിക്കാൻ പഠിക്കുക
- പ്രായത്തിലെന്ന പോലെ ജ്ഞാനത്തിലും, ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീതിയിലും വളരുവാൻ ശീലിക്കുക

ചാവറപിതാവ് മരിക്കുന്നതിനു തൊട്ടുമുമ്പ് സഭയേയും സഭാംഗങ്ങളേയും തിരുക്കുടുംബത്തിന് സമർപ്പിച്ചത് അദ്ദേഹത്തിന്റെ അനുഭവത്തിൽ നിന്നും ഉത്തമബോദ്ധ്യത്തിൽ നിന്നുമായിരുന്നെങ്കിൽ, തിരുക്കുടുംബജീവിതം തുടരാൻ പരിശീലിക്കുക എന്നത് സി.എം.ഐ. സഭയുടെ അടിസ്ഥാന മൂല്യമാണ് എന്നാണ് അദ്ദേഹം അന്ത്യനിർദ്ദേശമായി നൽകിയത്

♦ ♦ ♦

# ആഗമനകാലവും പുരാണകഥകളും

**ഫാദർ ജോൺ വിയാനി.**

ടുൾസാ(In Oklahoma state, USA)ക്കാരായ മലയാളികൾ, അറിവിന്റെ ശാഖകളിൽ കൗതുകമുള്ളവരാണ്. കോളേജദ്ധ്യാപകർ, നേഴ്സുമാർ, നേഴ്സിംഗ് സ്കൂൾ അദ്ധ്യാപകർ, വിമാന ടെക്നിഷ്യൻസ്, ഫാർമസിസ്റ്റുകൾ, പിന്നെ സിസ്റ്റർമാരും അഞ്ചു മലയാളി വൈദികരും ചേർന്ന ഒരു ചലനാത്മക സമൂഹമാണു ഞങ്ങൾ. മാസത്തിലൊരിക്കൽ മലയാളം കുർബാനയുണ്ടാകും. ആരാധനക്രമത്തിലെ കൽദായ രീതികൾ കാത്തുസൂക്ഷിക്കാനല്ല; നാവിൽ തേൻ കിനിയുന്ന സ്വരത്തിൽ 'അമ്മേ' വിളിക്കുന്ന മലയാളഭാഷ പുരുഷാന്തരങ്ങൾക്കപ്പുറത്തേയ്ക്കു നീളുമെന്നു പ്രതീക്ഷയുണ്ടായിട്ടുമല്ല. ഇതൊക്കെ, ഇന്നല്ലെങ്കിൽ നാളെ, ഈ സമൂഹത്തിൽ നിലച്ചുപോകുമെന്നറിയാം. എന്നാലും ശരി, സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് അപ്പനും അമ്മയ്ക്കും സ്തുതിചൊല്ലുകപോലെയുള്ള ചില കേരള കത്തോലിക്കാ സംസ്കാരശൈലികൾ കുട്ടികൾക്കുപരിചിതമാകണമെന്ന ഒറ്റ ഉദ്ദേശത്തോടെയാണത്. മിക്ക കാരണവന്മാരും ഇത്തരം സാംസ്കാരിക സ്വപ്നങ്ങളെ താലോലിക്കുന്നവരാണ്.

ബ. മാവുരൂസച്ചന്റെ നാൾ മുതൽ ഇന്നും നിലവിലുള്ള 'ജനറാളച്ചന്റെ സന്ദേശം' പോലെ വൈദികരിലൊരാൾ ഒരു ചെറിയ 'പടാർത്ത' പറയും. ചിലപ്പോഴതു കുർബാനക്കുള്ള മുഖവുരയാകും; ചിലപ്പോൾ വചനസന്ദേശമാകും; പിന്നെയും ചിലപ്പോൾ കുരിശുവരയും സ്തുതിചൊല്ലലും കഴിഞ്ഞുള്ള 'പിതൃസ്വര'മാകും. വയലാർ ഗാനങ്ങളും, ചങ്ങമ്പുഴ കവിതകളും, ഗീതാഞ്ജലിയും, വലിയപ്രിയോരച്ചന്റെ ചാവരുളുകളുമെല്ലാം അതിന്റെ ചേരുവകളാകും. ഇതെല്ലാം സ്വാദുള്ള 'മിത്തു'കളാണല്ലോ. 'മിത്ത്' എന്നു പറഞ്ഞാൽ 'മുത്തിക്കഥകൾ' എന്നു ധരിക്കുന്നവരുണ്ട്. മിത്തുകളെക്കുറിച്ചു വിശദമായ പഠനം നടത്തിയ ചിന്താശീലനായിരുന്നു നമ്മുടെ മരിച്ചുപോയ മൂഴൂരച്ചൻ.

ശ്രോതാക്കളുടെ ശ്രദ്ധയെ പിടിച്ചുനിറുത്തി സരസവും എന്നാൽ ഹ്രസ്വവും ലളിതവുമായ രീതിയിൽ വിലപ്പെട്ട ചിന്തകൾ അവതരിപ്പിക്കാൻ വേണ്ടി പ്രാസംഗികരും പുള്ളോന്മാരും മറ്റും പ്രയോജനപ്പെടുത്തുന്ന ഭാവസമ്പന്നമായ മാധ്യമങ്ങളാണു മിത്തുകൾ എന്നാണു മൂഴൂരച്ചൻ പറഞ്ഞുവച്ചത്.

ആഗമനകാലത്തിന്റെ ചൈതന്യം ആത്മാവിലങ്കുരിപ്പിക്കാനും അനുദിന ജീവിതത്തിൽ സജീവമാക്കാനും പാശ്ചാത്യസഭയിൽ പ്രയോജനപ്പെടുത്തുന്ന മിത്ത് ആണ് ആഗമന-കാലറീത്തുകൾ.(Advent wreaths) വീടുകളുടെ വാതിലിൽ അതു തൂക്കിയിട്ടിരിക്കും. പള്ളികളിൽ പ്രധാന അൾത്താരയുടെ അരികിൽ ഇന്നും അതുണ്ട്. അതിന്റെ കെട്ടിലും മട്ടിലും അല്പസ്വല്പമാറ്റങ്ങളുണ്ടാകാം. എന്നാലും, അതിന്റെ കാതലായ വൃത്താകാരം, അതിനെയലങ്കരിക്കുന്ന എവർഗ്രീൻ കമ്പുകൾ, വൃത്തത്തോടു ചേർന്നുള്ള നാലു തിരികൾ ഇവ എപ്പോഴുമുണ്ടായിരിക്കും. റീത്തുകളിൽ ഉപയോഗിക്കുന്ന എവർഗ്രീൻ കമ്പുകൾ പലതരം ചെടികളിൽനിന്നെടുത്തതാകാം. ലോറൽ(Lawrel) ഹോളി(Holly) ദേവദാരു(Cedar) ഇതൊക്കെ ഉപയോഗിക്കും.

ലോറൽ മരക്കമ്പുകളെക്കുറിച്ചുള്ള ഗ്രീക്കുപുരാണം കവിസങ്കല്പങ്ങളായി ഇന്നും നിലനില്ക്കുന്നുണ്ട്. ദേവകന്യകയായ ഡാഫ്നിയിൽ അനുരക്തനായ അപ്പോളോ ദേവൻ ഒരിക്കൽ അവളുടെ പിന്നാലെ പാഞ്ഞെത്തി. അവൾ പ്രാണനും കൊണ്ടോടി. ഒരു വിധത്തിലും രക്ഷപെടാൻ വഴിയില്ലാതായപ്പോൾ, അവൾ സ്വന്തം പിതാവായ പീനിയസ് ദേവനെ വിളിച്ച് പ്രാർത്ഥിച്ചു. ദേവൻ അവളെ ഒരു ലോറൽ മരമാക്കി മറുരൂപപ്പെടുത്തി രക്ഷിച്ചു എന്നാണു ഗ്രീക്ക് പുരാണം. ഒരു കാലത്തു നിങ്ങൾ പാപത്തിനു ദാസ്യം വഹിച്ചിരുന്നു; ഇന്നാകട്ടെ ഈശോമിശിഹാ വഴി നിങ്ങൾ സ്വതന്ത്രരായിരിക്കുന്നു (1 കൊറി. 6:11, റോമ. 6:15) എന്നു ആവർത്തിച്ചനുസ്മരിപ്പിക്കുന്ന പൗലോസ് ശ്ലീഹായുടെ മനോഭാവത്തിൽ നമ്മൾ വേരുറക്കാൻ വേണ്ടിയായിരിക്കാം

ഗ്രീക്കുപുരാണങ്ങളെ ഓർമ്മിപ്പിക്കുന്ന ലോറൽ മരക്കമ്പുകളുടെ ഉപയോഗം. ഹോളിമരക്കമ്പുകളെ ചുറ്റിപ്പറ്റിയും കഥകളുണ്ട്. കൂർത്തമുള്ളുകളുള്ളതാണ് ഹോളിയുടെ ഇലകൾ. പടയാളികൾ ഈശോയെ ചൂടിച്ച മുൾമുടിയുടെ ഓർമ്മയുണർത്തുന്നതാകാം ഈ ഇലകൾ. ഹോളിമരത്തിന്റെ തടി കൊണ്ടായിരുന്നു, ഈശോ തൂങ്ങിമരിച്ച കുരിശുണ്ടാക്കിയിരുന്നത് എന്നൊരു ഇംഗ്ലീഷ് പാരമ്പര്യവും നിലവിലുണ്ട്.

റീത്തുകൾ എന്ന്, എവിടെ ആരംഭിച്ചു എന്നു കണിശമായി പറയാനാർക്കും കഴിയുന്നില്ല. അതിനു പുരാണകഥകളോടുള്ള ബന്ധം എത്രത്തോളം വിശ്വസനീയമാണെന്നും ആരും പറയുന്നില്ല. എബ്രായക്കാർക്കുള്ള (എബ്രാ.1:1)ലേഖനം ഓർമ്മപ്പെടുത്തുന്നതുപോലെ, സമയത്തിന്റെ തികവിൽ തന്റെ ഏകജാതൻവഴി സംസാരിച്ച ദൈവം കഴിഞ്ഞകാലങ്ങളിൽ വിവിധ മാർഗ്ഗങ്ങളിലായിരുന്നല്ലോ നമ്മളോടു സംസാരിച്ചിരുന്നത്. അജ്ഞതയുടേയും അവ്യക്തതയുടേയും മരുഭൂമികളിലൂടെ ദീർഘദൂരം നടന്നുനീങ്ങിയ നമ്മുടെ പിതാക്കൻമാർക്കു സഫലമാകാത്ത ആശകൾ നിറവേറിക്കണ്ട ഭാഗ്യശാലികളാണല്ലോ(മത്താ. 13:16)നമ്മൾ. നമ്മുടെ കണ്ണുകൾക്കു കൈവന്ന ഭാഗ്യം നന്ദിയോടെ ഓർമ്മിക്കാൻ വേണ്ടി നമ്മൾ തന്നെ നിലനിർത്തിപ്പോരുന്നവയാണ് പുരാണകഥകളും മറ്റും എന്നു പറയാം.

ദൈവവും മനുഷ്യനും തമ്മിലുള്ള ഹൃദയബന്ധത്തിന്റെ കൊടുമുടിയിലെത്തുവാൻവേണ്ടി നമ്മുടെ മുന്നിൽ തുറക്കപ്പെടുന്ന, ജീവിതം പോലെ രണ്ടറ്റവും കാണാത്ത, വഴിത്താരയാണല്ലോ ദൈവാവിഷ്ക്കരണം. അത് എവിടെ, എങ്ങനെ ആരംഭിച്ചു എന്നുറപ്പിച്ചുപറയാൻ ആർക്കെങ്കിലും ആകുമോ? അവ്യക്തമായ സ്വരങ്ങളും പിഞ്ചുകാൽവെയ്പുകളുമായി ആരംഭിക്കുന്ന ശിശുവിന്റെ ജീവിതം അപ്പന്റെയും അമ്മയുടെയും സ്നേഹത്തിന്റെ ചൂടിലും വെളിച്ചത്തിലും വിടർന്നു പുഷ്പിക്കുന്നുണ്ടല്ലോ. അതുപോലെ ദൈവസ്നേഹപാരമ്യത്തിലെത്താനാശിക്കുന്ന

മനുഷ്യൻ പുറപ്പെടുവിച്ച അവ്യക്തമായ സ്വരങ്ങളുടെയോ പിഞ്ചുകാൽവെയ്പിന്റെയോ, അല്ലെങ്കിൽ അവ ഫലപ്രാപ്തി യിലെത്തിച്ച ദൈവകൃപയുടെയോ, അതുമല്ലെങ്കിൽ കഥപറയുന്ന പുള്ളോൻമാരാണ് ഈ പുരാണകഥകളും ആഗമനകാലറീത്തുകളുമെക്കെ. പഴയവ മാറപ്പെടുന്നതിൽ അപാകതയൊന്നുമില്ല. എങ്കിലും സമാനമായ പുതിയവയെ തൽസ്ഥാനത്തു പ്രതിഷ്ഠിക്കാൻ നമുക്കില്ലെങ്കിൽ പഴയവയുടെ തിരോഭാവം നമുക്കു നഷ്ടമായിരിക്കും.

# ചാവറയുടെ ആധ്യാത്മിക ജീവിതത്തിൽ മാമ്മോദീസക്കുള്ള സ്ഥാനം

ഫാ. ജോസ് ഫ്രാങ്ക് സി. എം. ഐ.

ഫ്രാൻസിസ് മാർപാപ്പ ഒരിക്കൽ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ സമ്മേളിച്ചിരുന്നവരോട് ചോദിച്ചു, “നിങ്ങളുടെ മാമ്മോദീസ ദിവസം അനുസ്മരിക്കുന്നവർ കൈപൊക്കുക.” കൈ പൊക്കാൻ കാര്യമായി ആരും തന്നെ ഉണ്ടായിരുന്നില്ല. നമ്മിൽ പലരും മാമ്മോദീസയുടെ ദിവസം ഓർക്കുന്നവരായിരിക്കില്ല. നമ്മൾ ബർത്ത്ഡേ ഓർക്കുന്നുണ്ടാകും ആഘോഷിക്കുന്നുണ്ടാകും. പക്ഷേ മാമ്മോദീസ മുങ്ങിയ ദിവസം ഓർക്കുന്നുണ്ടാവില്ല, ആരും ഓർമ്മിപ്പിക്കാറുമുണ്ടാവില്ല. നാം സ്വീകരിക്കുന്ന ഏറ്റവും അടിസ്ഥാനപരമായ കൂദാശ മാമ്മോദീസയാണ്. അന്നാണ് നാം ക്രിസ്തുവിനോട് ഒട്ടിക്കപ്പെടുന്നത്. ക്രിസ്തുവിനോടുകൂടി മരിച്ചുയർക്കുന്നതും പുതിയ സൃഷ്ടിയാകുന്നതും. പക്ഷേ അതു നമ്മുടെ ജീവിതത്തിൽ കാര്യമായ സ്വാധീനം ചെലുത്താറില്ല. എനിക്കൊരു അപൂർവ്വ ഭാഗ്യം കിട്ടി. എന്റെ അമ്മ പലപ്പോഴും എന്നെ ഓർമ്മിപ്പിക്കുമായിരുന്നു എന്റെ മാമ്മോദീസയുടെ ദിവസം ഫെബ്രുവരി 2ന് ആണെന്ന്. എന്റെ ബർത്ത്ഡേ അമ്മയ്ക്ക് ഓർമ്മയുണ്ടോ എന്നറിയില്ല. അന്ന് ഫെബ്രുവരി 2 കടമുള്ള തിരുനാളായിരുന്നു എന്നാണ് എന്റെ ഓർമ്മ. മാതാവിന്റെ ശുദ്ധീകരണതിരുനാൾ. അമ്മ അതോർത്തിരുന്നതും അതുകൊണ്ടാകാം.

ചാവറപിതാവിനോട് മാമ്മോദീസ ദിവസം ഓർമ്മയുണ്ടോ എന്ന ചോദ്യം ചോദിച്ചാൽ എന്തുത്തരം പറയുമായിരുന്നു എന്നറിയില്ല. ഓർത്തിരിക്കാനാണ് സാധ്യത. കാരണം കന്നിമാസം എട്ടിൽ വെച്ചൂർ മാതാവിന് അടിമവെച്ച കാര്യം ചാവറപിതാവിന്റെ അമ്മ മറിയം വളരെ കൃത്യമായി ഓർമ്മിപ്പിച്ചിരുന്നതു കാണാം. അന്ന് ദേവാലയത്തിൽ നടന്ന ഓരോ കാര്യവും വളരെ വിശദമായി ആത്മാനുതാപത്തിൽ വിവരിക്കുന്നുണ്ട്.അമ്മ അതെല്ലാം പറഞ്ഞുതന്നതാണെന്ന് ചാവറ തന്നെ പറയുന്നു.

എന്നരുൾചെയ്തു ഗുരുവേല്പിച്ചാ മാതൃകരേ
എന്നവൾ ചൊല്ലിക്കേട്ടു ദൃഢമായതുകാലം.

വെച്ചൂർ അടിമ വെച്ച കാര്യം ഓർമ്മിപ്പിച്ചിരുന്നതു പോലെ മാമ്മോദീസ മുക്കിയ കാര്യം അമ്മ ഓർമ്മിപ്പിച്ചിരിക്കുമോ, തീർച്ചയില്ല. ഒരു കാര്യം തീർത്തുപറയാം. ചാവറപിതാവിന്റെ ആധ്യാത്മികതയിൽ താൻ സ്വീകരിച്ച മാമ്മോദീസ കാര്യമായ സ്വാധീനം ചെലുത്തിയിരുന്നു. ആത്മാനുതാപത്തിൽ ചാവറപിതാവ് താൻ സ്വീകരിച്ച മാമ്മോദീസയെ എങ്ങനെ ഓർക്കുന്നു എന്ന അന്വേഷണമാണീ ചെറുലേഖനം.

ആത്മാനുതാപത്തിൽ 6 സ്ഥലത്ത് താൻ സ്വീകരിച്ച മാമ്മോദീസയെപറ്റി പരാമർശിക്കുന്നു-തന്റെ ബാല്യകാല അനുസ്മരണത്തിന്റെ ഭാഗമായി. മാമ്മോദീസയെപറ്റിയുള്ള ഈ ആറു പരാമർശങ്ങൾ ഓരോന്നിന്റെയും പശ്ചാത്തലത്തിൽ നമുക്കൊന്ന് വിശകലനം ചെയ്യാം. അതിനുശേഷം മാമ്മോദീസയുടെ ആധ്യാത്മികത നമ്മുടെ ജീവിതത്തിൽ എങ്ങനെ എന്ന് ചിന്തിക്കാൻ പരിശ്രമിക്കാം.

മാമ്മോദീസയെപറ്റിയുള്ള ആദ്യത്തെ പരാമർശം ആദ്യത്തെ അധ്യായത്തിൽ രണ്ടു സ്ഥലത്ത് കാണാം. ദൈവം നൽകിയ ഒരു കരുണയായി മാമ്മോദീസയെ കാണുന്നു. പിതാവിന്റെതന്നെ വാക്കുകൾ കാണാം.

കാരുണ്യം നിന്റെ കരുണഹേതുവാൽ
കാരണപാപത്തോയമാം സ്നാനത്താൽ
കാരുണ്യാഭയും ശേഷം ഗുണങ്ങളും
കാലേയും പോക്കി നൽകിയതു കാലം (1/36)

ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായി
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലൊ
വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായെന്നെയും തീർത്തു നീ (1/44)

ഇവിടെ ജ്ഞാനസ്നാനം വലിയ കരുണയായാണ് ചാവറ ചിന്തിക്കുന്നത്. ഈ രണ്ട് ഖണ്ഡികക്കിടെ ചാവറ നന്ദിയോടെ ചോദിക്കുകയാണ്

ഈ കരുണക്ക് കൈമാറെന്തു നാഥാ (1/40)

കൈമാറ് എന്നു പറഞ്ഞാൽ പ്രതിനന്ദി എന്നർത്ഥം. മാമ്മോദീസ പ്രതിനന്ദി കാണിക്കാൻ പറ്റാത്ത അത്ര വലിയ അനുഗ്രഹമായി ചാവറ കാണുന്നു.

മാമ്മോദീസയെപറ്റി അടുത്ത പരാമർശം രണ്ടാമത്തെ അധ്യായത്തിലാണ്. ഇവിടെ ചാവറ തന്റെ ജീവിതത്തെ കുറച്ചുകൂടി അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിക്കുന്നു. വെച്ചൂർ പള്ളിയിൽ അടിമവെക്കുന്ന സംഭവത്തോടെ അധ്യായം ആരംഭിക്കുന്നു. വളർന്നു വരുന്നതനുസരിച്ച് താനൊരു നല്ല പയ്യനല്ല മോശക്കാരനാണ് എന്ന് ചാവറ സ്വയം വിലയിരുത്തുന്നു.

അക്കാമവൃത്തികളെ സൂക്ഷിക്കണമെന്നാകിലൊ
ദോഷക്കതിൽ ഇഷ്ടമത്രെ നന്മയിൽ രസമില്ല (11/22)

തുടർന്ന് അന്ന് കാലത്തുണ്ടായിരുന്ന വസന്തയുടെ വിവരണമാണ്. അതിൽ തന്നെ പ്രത്യേകമാം വിധം ദൈവം കാത്തു. അതുപോലെ ജനനത്തിൽ ദൈവം തനിക്ക് നൽകിയ അനുഗ്രഹങ്ങൾ അനുസ്മരിക്കുന്നു. പൂർണ്ണ ആരോഗ്യവാനായി ജന്മം നൽകി. ജനം ജനിക്കുന്നത് പല വിധത്തിൽ.

കണ്ണില്ലാ ചിലർക്കയ്യൊ ചിലർക്ക് കേൾവിഹീനം
കർണ്ണവും നാവുംകൊണ്ട് ഫലമില്ലാത്തവർ (11/80)

ചാവറ ഇങ്ങനെയൊന്നുമല്ല ജനിച്ചിരിക്കുന്നത്. പിന്നെ അത്ര ദരിദ്രനുമല്ല, സമ്പന്നനുമല്ല. ഇങ്ങനെ ഓരോഅനുഗ്രഹങ്ങൾ വിവരിച്ചശേഷം ചാവറയുടെ അമ്മ ചാവറയെ ഗർഭം ധരിച്ചിരുന്ന

അവസരത്തിൽ ഉണ്ടായ ഒരു അപകടത്തെപറ്റി ധ്യാനിക്കുന്നു.

എന്നുടെ മാതാവിന്റെ ഉദരെയിരിക്കയിൽ
നിന്നുടെ ശാപത്തോടെ മൃത്യുവെ വരുത്തുവാൻ
ശത്രുവാം പിശാച് വന്നെത്രയൊ ശ്രദ്ധിച്ചല്ലൊ
തത്ര നീ കാത്തില്ലെങ്കിൽ മൃത്യു സംശയം വിന (11/100)

ഗർഭസ്ഥാവസ്ഥയിൽ മാത്രമല്ല ജനനത്തിനുശേഷവും മാമ്മോദീസ സ്വീകരിക്കാതെ മരിക്കാൻ പിശാച് സകല പണിയും ചെയ്തു. പക്ഷെ ദൈവത്തിന്റെ വൻകരുണയിൻ കടക്കണ്ണിനാൽ സൂക്ഷിക്കയാൽ മാമ്മോദീസ സ്വീകരിക്കാൻ ഭാഗ്യം കിട്ടി. മാമ്മോദീസ സ്വീകരിക്കാൻ സാധിച്ചത് വലിയ ഭാഗ്യമായി ഈ പശ്ചാത്തലത്തിൽ ചാവറ വിവരിക്കുന്നു. പിതാവിന്റെ വാക്കുകൾ,

നിൻ കരുണയിൻ കടക്കണ്ണിനാൽ സൂക്ഷിക്കയാൽ
കന്മഷശുദ്ധിത്തോഴം കൈക്കൊൾവാൻ ഭാഗ്യം വന്നു
ഇത്തോയത്താലുണ്ടായ നന്മയും ഗുണവൃദ്ധി
ഇത്തരം ലോകത്തിന്റെ നിശ്ചയം പങ്കും കൂറും
അപ്പോലെയുള്ള ഗുണമൊക്കെയും വരുത്തീട്ട്
പൊയ്പ്പോയ പുത്രസ്ഥാനം വീണ്ടും നീ തന്നു നാഥാ
എന്നൊരു നേരത്തിങ്കലെന്നുടെ ദേഹീരശ്മൃ
അന്ന് വാനരന്മാർക്കും തെളിവും സന്തോഷവും
വരുത്തീടുവാൻ വണ്ണം ധരിപ്പിച്ചെന്നെ നന്മ
വരപ്പിച്ചെന്റെ നാമം തിരുപുസ്തകം തന്നിൽ (11/104...112)

പിറവിയിലുണ്ടായ അപകടം ദൈവാനുഗ്രഹത്താൽ മാറി മാമ്മോദീസ എന്ന മഹാദാനം സ്വീകരിക്കാൻ സാധിച്ചതിലുള്ള സന്തോഷവും നന്ദിയുമാണീ വരികളിൽ നാം കാണുക.

അടുത്ത രണ്ട് മാമ്മോദീസായെപറ്റിയുള്ള പ്രതിപാദനങ്ങളും അല്പംകൂടി ചാവറയുടെ ആത്മീയത ആഴത്തിൽ പ്രകടമാക്കുന്നതാണ്. ചാവറ അല്പംകൂടി വളർന്നു. ഇവൻ മറ്റുള്ളവരുടെ

മുമ്പിൽ ഓമനപ്പൈതലാണ്. പക്ഷേ യാഥാർത്ഥ്യം ചാവറ പറയുകയാണ്. അങ്ങനെയല്ല, ഞാൻ വെള്ള പൂശിയ കബറിടം പോലെയാണ്. പുറമെ മനോഹരം, പക്ഷേ ഉള്ളിൽ മുഴുവൻ അഴുക്ക്.

എത്രയും വെടിപ്പുള്ളതെന്നു തോന്നുന്ന പുറം
അത്ര സൂക്ഷിച്ചു തുറന്നകത്തു പാർക്കുന്നേരം
എത്രയും മഹാ കഷ്ട ദുർഗന്ധം വീശിടുമെ
അത്രയുമല്ലായതിനുള്ളകം നോക്കുന്നേരം (11/128)

ചാവറ ഇതുപോലൊരു കബറിടം എന്നാണ് പറയുന്നത്. 'നല്ലതിൻ വണ്ണമുള്ള' ഒന്നും തന്നെ ചാവറയിൽ ഇല്ല. ഈ പശ്ചാത്തലത്തിൽ മാമ്മോദീസയിൽ കിട്ടിയ വലിയ ഭാഗ്യം ഞാൻ നഷ്ടമാക്കി എന്ന് വിലപിക്കുകയാണ്. മാമ്മോദീസയിൽ നീ എന്നെ നിന്റെ സ്വന്തം മകനാക്കി. ഞാൻ അതെല്ലാം നഷ്ടമാക്കി. അതോർത്ത് എന്റെ കണ്ണുകൾ താഴുന്നു എന്ന് ചാവറ പറയുന്നു.

അയ്യയ്യോ മഹാ ദു:ഖമെന്നുടെ പാപത്താലെ
അയ്യം കൊടിയന്റെ കണ്ണുകൾ താഴുന്നു

ചാവറയുടെ ആധ്യാത്മികതയുടെ ഒരു അടിസ്ഥാന ഘടകമാണ് പാപബോധം. ഞാൻ മഹാപാപി എന്ന ആഴമായ ബോധം. ഈ ചാവറയുടെ പാപബോധം മനസ്സിലാക്കിയാലെ ഈ ടെക്സ്റ്റിന്റെ ആഴം മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ഈ പാപബോധം വിശുദ്ധർക്കെല്ലാവർക്കും ഉണ്ടായിരുന്നു. കണ്ണീരിന്റെ ദാനം എന്ന് ഇതിനെ വിശേഷിപ്പിക്കാം. ഈ കണ്ണീരിന്റെ ദാനത്തിന്റെ പ്രത്യേകത ഈ പാപബോധം വ്യക്തിയിൽ നിരാശയല്ല ഉളവാക്കുക, മറിച്ച് ദൈവസ്നേഹത്തിലേക്കും ദൈവിക രഹസ്യങ്ങളിലേക്കുമുള്ള ഉൾക്കാഴ്ച്ചയാണ്. മാമ്മോദീസയെപറ്റിയുള്ള ഈ രണ്ട് പരാമർശങ്ങൾ പാപബോധത്തിന്റെ പശ്ചാത്തലത്തിലാണ്. അതെസമയം ദൈവസ്നേഹ ത്തിന്റെ ഉന്നതതലങ്ങളിലേക്ക് ഉയരുന്നതും കാണാം. ഈ രണ്ട് പരാമർശങ്ങളുടെയും ഘടന വളരെ

മനോഹരമാണ്. ചാവറ മാമ്മോദീസയിൽ ലഭിച്ച പുത്രസ്ഥാനം നഷ്ടമാക്കിയതിൽ ഖേദം പ്രകടിപ്പിക്കുന്നു.

ജ്ഞാനസ്നാനത്താൽ തവപുത്രനായി വെച്ചെന്നെ നീ
അജ്ഞാനത്താൽ ഞാൻ മമ ഭാഗ്യത്തെ നഷ്ടം ചെയ്തു (11/136)

അതിനുശേഷം പശ്ചാത്താപത്തിന്റെ വരികൾ. പിന്നീട് ചാവറ ഈശോയുമായുള്ള ബന്ധത്തിന്റെ ഏറ്റവും മനോഹരമായ വരികൾ പാടുന്നു. ദു:ഖം കൊണ്ട് കണ്ണുകൾ താഴുന്നു എന്ന് പറഞ്ഞശേഷം ചാവറയുടെ ഉള്ളിൽ നിന്ന് വരുന്ന വരികൾ ഏറ്റവും ഹൃദയഹാരിയാണ്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ച കണ്ണീരിന്റെ ദാനത്തിന്റെ പ്രത്യേകത. ഈശോയുമായുള്ള ആഴമായ ബന്ധത്തിന്റെ പ്രകാശനം അടങ്ങുന്ന വരികൾ.

മമ പിതാവു നീയെ, ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയെ മറ്റെന്തുഗുണം നാഥാ
എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്ക് നീയെ
നിന്നാലല്ലാതെ ഞാനുമെങ്ങിനെ ജീവുക്കുന്നു
ശ്വാസവുമെനിക്കുനീ യാവനപാന നീയെ
ആശ്വാസം നിന്നിലല്ലാതെ എവിടെയെനിക്കയ്യോ (11/144)

ഈ വരികൾക്കുശേഷവും മാമ്മോദീസായെ പറ്റി പാടുന്നു. മാമ്മോദീസയിൽ ലഭിച്ച വലിയ അനുഗ്രഹങ്ങൾ, മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം എനിക്ക് കിട്ടിയത് ഞാൻ മാമ്മോദീസ സ്വീകരിച്ച അവസരത്തിൽ എനിക്ക് കിട്ടിയതാണ് എന്ന് ചിന്തിച്ച് മാമ്മോദീസയിൽ ചാവറക്ക് ലഭിച്ച അനുഗ്രഹങ്ങൾ ഓരോന്നോർത്ത് നന്ദിയോടെ പാടുന്നു.

ജ്ഞാനത്തിൻ തോയത്തിങ്കൽ നീയെന്റെ ദൈവമെന്നും
അജ്ഞാനമൊക്കെപ്പാടെ ത്യജിച്ചുവെന്നും ചൊല്ലി
ജ്ഞാനത്തിൽ ശത്രുവായ നരകപിശാചിനെ
സുജ്ഞാനത്താൽ ത്യജിച്ചവന്റെ ഘോഷങ്ങളും

വിശ്വാസം നിന്റെ നേരെ വെച്ചു ഞാൻ സത്യം ചെയ്തു
വിശ്വാസത്തിൻ സാക്ഷിയായ് എന്നുടെ പിതൃക്കളും
അന്നേരം മമ ദേഹത്തിനുണ്ടായ ഗുണവെണ്മ
നേരായ് കാട്ടിടുവാനുടുത്തേൻ വെള്ളവസ്ത്രം
സൽഗുണവൃത്തികളാൽ കാണുന്ന ജനങ്ങൾക്ക്
മെൻ ഗുണം കാട്ടീടുവാൻ കത്തിച്ചുതന്നു പന്തം
പാപത്താൽ നശിച്ചു ഞാൻ ചിന്തിടായെന്നു കാണ്മാൻ
നാമത്താൽ ജപിച്ചുള്ള ലവണം തന്നു. (11/148...156)

അടുത്തതായി മാമ്മോദീസ സ്വീകരണത്തെപറ്റി ഓർക്കുന്നതു ഇതിലും വിശേഷമായ ഒരു പശ്ചാത്തലത്തിലാണ്. ദൈവം എനിക്ക് വലിയ കാഴ്ചകൾ കാണാൻ കണ്ണു തന്നു. വലിയ കാഴ്ചകൾ എന്ന് പറയുന്നത് നമുക്ക് സാധാരണയായ സംഭവങ്ങളാണ്. ലോകത്തിലെ മനോഹരമായ സൃഷ്ടി, അതിലെ ഭംഗി. ഫ്രാൻസിസ് അസ്സിസ്സിയെപ്പോലെ സൃഷ്ടിയെകണ്ട് സ്രഷ്ടാവിലേക്ക് ഉയരുന്നു.

ആകാശഗമനവു മാദിത്യ ചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
...............................................
മിപ്പോലെയുള്ള ഭാഗ്യ മീലോകെ വെച്ചുവെങ്കി-
ലച്ചരലോകെയുള്ള ഭാഗ്യങ്ങളെത്ര ചിത്രം (11/296)

മറ്റൊരു കാഴ്ച്ച ലോകത്തിലുള്ളതെല്ലാം കടന്നുപോകും

ഇന്ന് കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചു വരളുന്നു വാടുന്നു സൂരോഷ്ണത്താൽ
മെച്ചമായ് കണ്ടിടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിന്നുള്ള ശോഭയും സുഗന്ധവു
മെത്രയും ക്ഷണംകൊണ്ട് മാറിപ്പോയ് വീണിടുന്നു. (11/316)

മറ്റൊരു കാഴ്ച്ച ഇന്ന് പേരും പെരുമയുമുള്ള ഗൃഹസ്ഥർ നാളെ വടികുത്തി ക്ഷീണിതരായി നടക്കുന്നു.

ഒരു നാളിവൻതന്നെ വടിയും കയ്യിലേന്തി
വരുമാതും കണ്ട് സൂക്ഷിക്കും ബഹുജനം. 11/328

ഈ ഗൃഹസ്ഥന്റെ പ്രതാപവും പതനവും വളരെ നാടകീയമായി വിവരിച്ചശേഷം പിതാവ് പറയുകയാണ്.

ഇതുപോലുള്ള മഹാകാഴ്ച്ചയെ സൂക്ഷിപ്പാനു
മതിനാൽ തന്നെ നിന്നെ സേവിച്ചാരാധിക്കാനും
കണ്ണുകളെനിക്ക് നീ തന്നല്ലോ സർവ്വേശ്വരാ
എണ്ണമില്ലാത്ത തിന്മക്ക് ഞാൻ കരുവാക്കി 11/348

ഇതിനുശേഷം ജ്ഞാനസ്നാനത്തിൽ ലഭിച്ച വിശിഷ്ടവരങ്ങളിലേക്കാണ് ചാവറയുടെ ചിന്ത പോകുന്നത്. അന്നെനിക്ക് വെള്ള വസ്ത്രം തന്നു, വഴികാട്ടാൻ പന്തം തന്നു. മാമ്മോദീസയിൽ എന്നെ നിന്റെ സ്വന്തം മകനാക്കി. നീ അന്ന് തന്ന വെളിച്ചത്തെ തമസാക്കി പകർത്തി. ഈ പരിചിന്തനം അവസാനിക്കുന്നത് നിരാശാബോധത്തിലല്ല മറിച്ച് മനോഹരമായ ഒരു സ്തുതിഗീതത്തിൽ.

അമ്മാനവേലെ നിനക്കുത്തസ്തോത്രമായി
അമ്മാന ചൊല്ലി നിന്നെ സ്തുതിച്ചീടുന്നേനഹം 11/364

മനോഹരമായ കാഴ്ചകൾ കാണാൻ കണ്ണുതന്നു. ഞാനതിനെ ദുരുപയോഗിച്ചു. മാമ്മോദീസയിൽ നീ എനിക്ക് തന്ന വലിയ സ്ഥാനം ഞാൻ നഷ്ടപ്പെടുത്തി. ഞാൻ പാപിയായി. പാപിയായ ഞാൻ അങ്ങയുടെ മഹത്വത്തെ അമ്മാന പാടി സ്തുതിക്കുന്നു.

ആദിമസഭയിൽ മാമ്മോദീസ സ്വീകരണം വലിയൊരു സംഭവമായിരുന്നു. അതിനവരെ പ്രത്യേകം ഒരുക്കും. ഈസ്റ്റർ അവസരത്തിൽ വളരെ ആഘോഷമായി മാമ്മോദീസ നൽകപ്പെടും. അതൊരു പുതിയ തുടക്കമായിരുന്നു അവർക്ക്. നമ്മുടെ ജീവിതത്തിൽ മാമ്മോദീസ സ്വീകരണം അങ്ങനെയല്ല.

നമുക്കാർക്കും അതോർമ്മയില്ല. ആരുംതന്നെ നമ്മെ ഓർമ്മിപ്പിക്കാറുമില്ല. അതേസമയം മാമ്മോദീസ ഏറ്റവും അടിസ്ഥാനപരമായ കൂദാശയാണ് അതു നമ്മുടെ ആധ്യാത്മികതയെ കാര്യമായി സ്വാധീനിക്കേണ്ട ഒന്നാണ്. നമ്മുടെ പിതാവായ ചാവറയുടെ ആധ്യാത്മികതയിൽ മാമ്മോദീസ സ്വീകരണം കാര്യമായ സ്വാധീനം ചെലുത്തിയിരുന്നു. അതാണ് വളരെ ചെറിയതായി വിശകലനം ചെയ്തത്.

നമ്മുടെ കുർബാനയിൽ നാം സ്വീകരിച്ച മാമ്മോദീസയെപറ്റി നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. നാലാമത്തെ പ്രണാമപ്രാർത്ഥനയിൽ മാമ്മോദീസയെന്ന സജീവവും ജീവദായകവുമായ അടയാളത്താൽ നാമെല്ലാവരും മുദ്രിതരാണെന്ന് ഓർമ്മിപ്പിക്കുന്നു. അതുവഴി സഭയുടെ സന്താനങ്ങളായ നമുക്കെല്ലാവർക്കും "നൈർമ്മല്യത്തിന്റെയും വിശുദ്ധിയുടെയും മാർഗ്ഗം" കാണിച്ചുതന്നുവെന്നും നമ്മെ ഓർമ്മിപ്പിക്കുന്നു. നമുക്കെല്ലാവർക്കും എന്ന് പറഞ്ഞാൽ പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ, വേദപാരംഗതന്മാർ, മെത്രാന്മാർ, പുരോഹിതർ, ശുശ്രൂഷകർ മാത്രമല്ല മാമ്മോദീസ സ്വീകരിച്ച എല്ലാവർക്കും ഒരുപോലെ നൈർമ്മല്യത്തിന്റെയും വിശുദ്ധിയുടെയും മാർഗ്ഗം ലഭിക്കുന്നു എന്നാണ്.

നമ്മുടെ പിതാവായ ചാവറയെപ്പോലെ നാം സ്വീകരിച്ച മാമ്മോദീസ നമ്മുടെ ആധ്യാത്മികതയുടെയും വിശുദ്ധിയുടെയും നൈർമ്മല്യത്തിന്റെയും അടിത്തറയാക്കാം.

# കാരുണ്യവർഷവും ചെറുകാട്ടുചേട്ടനും.

**ഫാദർ ജോൺ വിയാനി**

അങ്ങുദൂരെ വത്തിക്കാനിൽ, വി. പത്രോസിന്റെ ബസിലിക്കായുടെ ആനവാതിൽ സഘോഷം തുറന്നുകൊണ്ടു ഫ്രാൻസീസ് മാർപാപ്പ ഉദ്ഘാടനം ചെയ്തഅസാധാരണജൂബിലിവർഷമാണല്ലോ കാരുണ്യവർഷം(Year of Mercy). ധൂർത്തപുത്രന്റെ കഥ ഓർമിപ്പിക്കാൻ പോരുന്നതുപോലെ, ഒരു ധൂർത്തനെ ചുമലിലേറ്റിനില്ക്കുന്ന തിരുനാഥനാണ് അതിന്റെ തൂലികാചിത്രം(Logo). ഈ ജൂബിലിവർഷത്തിൽ ഈ ദേവാലയവാതിലിലൂടെ കടക്കുന്ന ഓരോ ഭക്താത്മാവിനും ധൂർത്തപുത്രന്റേതിനു തുല്യമായ ഒരു ആത്മീയാനുഭൂതി യുണ്ടാകണമെന്നു മാർപാപ്പ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. വീടുവിട്ടുപോയതുവഴി കൈമോശം വന്ന ആത്മാഭിമാനം തിരികെ പ്രാപിക്കുക, അവിവേകം കാണിച്ചതിനു മാപ്പു കിട്ടുക, അന്തസ്സോടെ വീണ്ടും തുടരാനുള്ള ജീവിതാവേശം കൈവരുക ഇവ മൂന്നുമാണ് ഉദ്ദിഷ്ഠാനുഭവത്തിന്റെ കാതൽ. കാരുണ്യവർഷാചരണം, സാമൂഹ്യസേവനത്തിന്റെ ഒരു പുതിയ അദ്ധ്യായം മാത്രമായി കരുതപ്പെടരുതെന്നും പിതാവ് ഓർമ്മിപ്പിക്കുന്നുണ്ട്. പിന്നെ? സദ്വാർത്തയായ സുവിശേഷത്തിന്റെ ആത്മാവിനെ കണ്ടെത്തുകയും അനുഭവിക്കുകയുമാകണം നമ്മുടെ പ്രഥമോദ്ദേശം.

ഈശോമിശിഹാ എന്ന വ്യക്തി (Person) ആണല്ലോ അക്ഷരാർത്ഥത്തിൽ സദ്വാർത്ത. ചെറിയവരെ(Poor) സുവിശേഷം അറിയിക്കാൻ വേണ്ടി (ലൂക്ക. 4:17) മാംസം ധരിച്ച് മനുഷ്യരുടെ ഇടയിൽ വാസമാക്കിയ(യോഹ. 1:14)ദൈവവചനമാണവിടുന്ന്. ഐസിയാസ് പ്രവാചകൻ വിവരിക്കുന്നതുപോലെ(42:1-4; 49:1-6; 50:4 -9; 52:13-53:12) ശ്രദ്ധാപൂർവം പഠിപ്പിച്ചൊരുക്കപ്പെട്ട ദാസനാണവിടുന്ന്. വി.പൗലോസ് ശ്ലീഹാ വിശദീകരിക്കും പോലെ(റോമ. 10:15-17) ചെറിയവർ കേട്ട് വിശ്വസിച്ച് രക്ഷ പ്രാപിക്കേണ്ടതിന് നിയമാനുസരണം അയക്കപ്പെടുന്ന

മനോഹരമായ പാദങ്ങളുള്ള (ശുശ്രൂഷകനായ) പ്രഘോഷകനാണ് അവിടുന്ന്.

നമ്മുടെ മരിച്ചുപോയ മാർട്ടിൻ ബ്രദർ ഒരു സുവിശേഷ പ്രഘോഷകനായിരുന്നു. ഞാൻ അൾത്താര ശുശ്രൂഷകനായപ്പോൾ മുതലാണ് ബ്രദറിനെ അടുത്തറിയാൻ തുടങ്ങിയത്. അന്ന് (1947) മുതൽ 1975 ൽ മരിക്കുന്നതുവരെ അദ്ദേഹം വാഴക്കുളം ആശ്രമത്തിൽ സങ്കീർത്തിക്കാരൻ (Sacristian) ആയിരുന്നു. പൗരോഹിത്യമല്ലാതെ സന്യാസജീവിതം നയിക്കുന്ന സഭാംഗങ്ങളെ ബ്രദേഴ്സ് എന്നു വിശേഷിപ്പിക്കുന്ന രീതി അന്നു നിലവിൽ വന്നിരുന്നില്ല. ചേട്ടന്മാർ എന്നവർ അറിയപ്പെട്ടിരുന്നു. വാഴക്കുളത്തു ചെറുകാട്ടു കുടുംബത്തിൽ നിന്നുള്ള സഭാംഗമായ ബ്രദറിനെ കരക്കാരെല്ലാം അറിയും. അന്നത്തെ സമ്പ്രദായമനുസരിച്ച് എല്ലാവരും അദ്ദേഹത്തെ ചേട്ടൻ എന്ന് വിശേഷിപ്പിക്കും. അങ്ങനെയായിരുന്നു നമ്മുടെ മാർട്ടിൻ ബ്രദർ ചെറുകാട്ടുചേട്ടനായത്. ചേട്ടൻ എന്ന വിശേഷണത്തിന് അന്ന് പൊതുവിൽ അയിത്തമൊന്നും ഉണ്ടായിരുന്നില്ല; പിൽക്കാലത്തുണ്ടായെങ്കിലും.

അൾത്താരബാലസംഘമായിരുന്നു മാർട്ടിൻ ബ്രദറിന്റെ പ്രേക്ഷിതരംഗം. ഞങ്ങളെ അദ്ദേഹം ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. അക്കാലത്ത് സമൂഹബലി എന്ന ഏർപ്പാടില്ല. ഓരോ വൈദികനും തനിച്ച് ദിവ്യബലി അർപ്പിക്കും. ആശ്രമത്തിൽ മിക്കവാറും ദിവസങ്ങളിൽ എട്ടുപത്തച്ചൻമാരുണ്ടാകും കുർബാന ചൊല്ലാൻ. ഓരോ കുർബാനയ്ക്കും ശുശ്രൂഷിയുണ്ടായിരിക്കുകയും വേണമായിരുന്നു. അതുകൊണ്ട് ശുശ്രൂഷികൾ അതിരാവിലെ സങ്കീർത്തിയിലെത്തിയിരിക്കണം. സമയത്തു വരിക എടുപ്പിലും നടപ്പിലും ഭവ്യത പാലിക്കുക, ശുശ്രൂഷയിലെ പ്രതിവചനങ്ങൾ സ്ഫുടമായിരിക്കുക, പഠനത്തിൽ ഉൽസാഹമുണ്ടാകുക, അൾത്താരസംബന്ധമായ ജോലികളിൽ പിശുക്കനാകാതിരിക്കുക തുടങ്ങിയവ അദ്ദേഹത്തിന്റെ ആദർശങ്ങളുടെ ദശാംശമായിരുന്നു. വല്ലപ്പോഴും ഡി.എ കിട്ടുന്ന നാരങ്ങാമിഠായി ലഘുനിക്ഷേപത്തിന്റെ സ്കീമിൽ പെടുത്തി, ഞങ്ങൾക്കുവേണ്ടി റിലീഫ് ഫണ്ട്

കരുതിവയ്ക്കുമായിരുന്ന ബ്രദറിന്റെ ഔചിത്യബോധം ഇന്നും ഓർത്തുപോകുന്നു. ഇന്നത്തെ ജീവിതത്തിന്റെ സമൃദ്ധിയെവിടെ? അന്നനുഭവിച്ചിരുന്ന പരിമിതികളുടെ മധുരിക്കുന്ന സ്മരണകളെവിടെ!

സ്ഥാനപരഗണനകൾക്കു ബ്രദറിന്റെ മനസിലിടമുണ്ടായിരുന്നെങ്കിൽ, ഒന്നാം സ്ഥാനം എപ്പോഴും ദേവാലയത്തിനായിരുന്നു. എല്ലാ ശനിയാഴ്ച്ചയും രാവിലെ കുർബാനകൾക്കു ശേഷം പള്ളിയടിച്ചുവൃത്തിയാക്കണം. ആശ്രമത്തിനു പരന്നുകിടക്കുന്ന പുരയിടമുണ്ട്. അവിടെ വേണ്ടുവോളം തെങ്ങും അതിന്റെ മടലുകളുമുണ്ട്. നേരാനേരങ്ങളിൽ ഓലചീകി ഈർക്കിലെടുത്ത് ചൂലുണ്ടാക്കി കുട്ടികളോടൊപ്പം മാർട്ടിൻ ബ്രദറും പള്ളിയടിക്കും.

ആയിടെയായിരുന്നു പള്ളിയിൽ വൈദ്യുതിയെത്തിയത്. ഒന്നുതൊട്ടാൽ കണ്ണുചിമ്മിക്കാട്ടുന്ന വൈദ്യുതവിളക്കന്റെ സ്വിച്ചുകൾ ഓൺ ഓഫ് ചെയ്യാനുള്ള ബാലസഹജമായ കൗതുകത്തെ, സ്നേഹമുള്ള ഒരു നേഴ്സറി ടീച്ചറിനെപ്പോലെ നിയന്ത്രിക്കാൻ മാർട്ടിൻ ബ്രദറിനു തനതായ ഒരു കലയുണ്ടായിരുന്നു. ദൈവത്തിന്റെ ദാനമായ പ്രകൃതിസമ്പത്തിനെ കൈകാര്യം ചെയ്യുന്നതിൽ അലംഭാവമരുതെന്നോർമ്മിപ്പിക്കുന്ന ഫ്രാൻസീസ് മാർപാപ്പായുടെ സ്വരം അന്നു ഞങ്ങൾ മാർട്ടിൻ ബ്രദറിലൂടെ കേട്ടിരുന്നിരിക്കാം.

ഗായകസംഘം രൂപീകരിച്ച്, സങ്കീർത്തനങ്ങൾ രചിച്ച്, കർത്താവിനു പുതിയ കീർത്തനം പാടിയ ദാവീദുരാജാവിനെപ്പോലെ, മാർട്ടിൻ ബ്രദറും ഒരു ഗാനതല്പരനായിരുന്നു. അന്നു കൊവേന്തപ്പള്ളിയിലുണ്ടായിരുന്ന പ്രധാനവാദ്യം ഒരു ഹർമ്മോണിയമാണ്. ഒരു ലൂക്കാച്ചേട്ടൻ ഭാഗവതരും. മാർട്ടിൻ ബ്രദർ അദ്ദേഹത്തെ കുഞ്ഞുലൂക്കാ എന്നു വിളിക്കും. ബ്രദർ മരിച്ച് പത്തുപതിനഞ്ചുവർഷം കഴിഞ്ഞു ചിലപ്പോൾ ലൂക്കാച്ചേട്ടനെ ഞാൻ ആ ഓമനപ്പേരുചൊല്ലിവിളിച്ചിരുന്നു. 'മധുരസ്മരണകളുടെ മാറാപ്പാണാസ്വരം', ലൂക്കാച്ചേട്ടൻ പ്രതികരിക്കും.

ഈശോ തന്റെ ചെറിയവരെ പറഞ്ഞു പഠിപ്പിച്ച കാരുണ്യത്തിന്റെ സദ്വാർത്ത പദപ്രവാഹമായി പ്രസംഗവേദികളിലും ക്രിയാവിധിയായി സാമൂഹ്യരംഗത്തും ഒതുങ്ങിപ്പോകരുതെന്നു ഫ്രാൻസീസ് മാർപാപ്പ ഓർമ്മപ്പെടുത്തിയപ്പോൾ, മനസിൽ പൊന്തിയ ചലിക്കുന്ന സദ്വാർത്തയാണ് നമ്മുടെ മാർട്ടിൻ ബ്രദർ എന്ന ചെറുകാട്ടുചേട്ടന്റെ മുഖം.

# സഭാംഗങ്ങളുടെ അറിവിലേക്കായി

നമ്മുടെ സഭയുടെ ബൗദ്ധിക സമ്പത്തു തിരിച്ചറിയാനുള്ള ഒരു മാധ്യമമാണ് സഭാംഗങ്ങൾ എഴുതി പ്രസിദ്ധീകരിക്കുന്ന ബുക്കുകളും ലേഖനങ്ങളും. മരണത്തിന്റെ അതിർത്തിക്കപ്പുറത്തേയ്ക്ക് ഈ ലോകത്തിൽ പഠനവിഷയമാക്കാനും മറ്റുള്ളവർക്കെന്നും സംലഭ്യമാക്കാനും കരുതിവെക്കുന്ന നിക്ഷേപമാണ്, സഭയുടെ പൊതുസമ്പത്താണ് ഇത്തരം പ്രസിദ്ധീകരണങ്ങളുടെ ശേഖരം. നമ്മുടെ എഴുത്തുകാരും ദൃശ്യശ്രാവ്യ കാസറ്റുകളുടെ നിർമ്മാതാക്കളായ അംഗങ്ങളും തയ്യാറാക്കുന്ന ഇവയുടെ കോപ്പികൾ നമ്മുടെ ഡോക്യുമെന്റേഷൻ സെന്ററിൽ സൂക്ഷിച്ച് ഇവയെ സ്ഥിരപ്രതിഷ്ടിതമാക്കണമെങ്കിൽ ഓരോ അംഗങ്ങളും കോപ്പികൾ ഇവിടേയ്ക്ക് തന്നെങ്കിൽ മാത്രമെ സാദ്ധ്യമാകു.

കഴിഞ്ഞ എട്ടുവർഷങ്ങൾക്കിടയിൽ നമ്മുടെ സഭാംഗങ്ങളാൽ എഴുതപ്പെട്ട ആയിരത്തോളം പുസ്തകങ്ങൾ ഡോക്യുമെന്റേഷൻ സെന്ററിലേ സി.എം.ഐ. റൈറ്റേഴ്സ് ഷെൽഫിലേക്ക് ശേഖരിക്കുവാൻ കഴിഞ്ഞു. അടുത്ത കാലത്തു നമ്മുടെ എല്ലാ പ്രൊവിൻഷ്യൽ ഹൗസുകളിലൂടെയും പോകാനിടവന്നപ്പോൾ എഴുത്തുകാരായ അനേകം അംഗങ്ങളും അവരുടെ അനേകം പുസ്തകങ്ങളും ഉണ്ടെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. സഭാംഗങ്ങളോടു തുടർന്നുള്ള അഭ്യർത്ഥന ഇതാണ്: നിങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള ബുക്കുകളോ, ശ്രവ്യ,ദൃശ്യ കാസറ്റുകളോ ഉണ്ടെങ്കിൽ അതിന്റെ ഓരോ കോപ്പികൾ ചാവറ ഹിൽസിലെ ഡോക്യുമെന്റേഷൻ സെന്ററിലേക്കെത്തിക്കുക എന്നതാണ്. അതു പ്രയാസമെങ്കിൽ ഇവിടത്തെ അഡ്രസ്സിൽ അതാതു പ്രൊവിൻഷ്യൽ ഹൗസുകളിലെങ്കിലും എത്തിക്കുക. നിങ്ങളുടെ ബയോഡേറ്റാ കാർഡുകളിൽ പുസ്തകങ്ങളുടെ പേരുകൾ ചേർക്കാനും മറക്കരുത്. ഇപ്രകാരം ലഭിക്കുന്നവ പ്രൊവിൻഷ്യൽ ഹൗസുകളിൽനിന്ന് ഇവിടേക്ക് കൊണ്ടു വന്നുകൊള്ളാം.

ഇപ്രകാരം ലഭിക്കുന്ന ബുക്കുകളുടെയും മറ്റിതരസാധനങ്ങളുടേയും ലിസ്റ്റ് കർമ്മലസന്ദേശത്തിലൂടെ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വി. ചാവറപിതാവിന്റെയും അദ്ദേഹത്തെക്കുറിച്ചുള്ളതുമായ ബുക്കുകളുടെ ലിസ്റ്റ് ഈ പതിപ്പിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അംഗങ്ങളുടെ ബയോഡാറ്റാ കാർഡിന്റെ ഫോർമാറ്റ് (സോഫ്റ്റ് കോപ്പി) അതാതു പ്രൊവിൻഷ്യൽ ഹൗസുകളിൽ ഏല്പിച്ചിട്ടുണ്ട്. അതും സോഫ്റ്റു കോപ്പിയിലൂടെ രേഖപ്പെടുത്തി പ്രൊവിൻഷ്യൽഹൗസുകളിലേക്ക് നൽകുമല്ലോ. അതിന്റെ കോപ്പികൾ അവിടെനിന്നും ഇവിടേക്ക് നൽകിക്കൊള്ളും. **ഓരോ അംഗത്തിന്റെയും തനിമയും അവരുടെ സംഭാവനകളും രേഖപ്പെടുത്തി സൂക്ഷിക്കുവാൻ നടത്തുന്ന ശ്രമത്തോടു സഹകരിക്കണമെന്നു വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.** 2016 മാർച്ചു 31-നു മുമ്പായി ഇതുവരെയുള്ള ഇവയുടെ ശേഖരണം പൂർത്തിയാക്കി രേഖപ്പെടുത്തുവാൻ സഹായിക്കുമല്ലോ

ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

## വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ രചനകൾ

1. നാളാഗമങ്ങൾ (മലയാള ഭാഷയിലെ ആദ്യ ചരിത്ര നാളാഗമം)
2. ആത്മാനുതാപം (മഹാകാവ്യം)
3. ധ്യാനസല്ലാപങ്ങൾ (മലയാള ഭാഷയിലെ ആദ്യ ധ്യാനാത്മക കൃതി)
4. മരണവീട്ടിൽ പാടുന്നതിനുള്ള പാന
(മരണവീട്ടിൽ എത്തുന്നവരെ പ്രാർത്ഥനാപൂർവ്വം പ്രചോദിപ്പിക്കുന്ന ആദ്യ കവിതാസമാഹാരം)
5. അനസ്താസ്യായുടെ രക്തസാക്ഷ്യം (മലയാള ഭാഷയിലെ ആദ്യ ഖണ്ഡകാവ്യം)
6. ഒരു നല്ല അപ്പന്റെ ചാവരുൾ (മലയാള ഭാഷയിൽ എഴുതപ്പെട്ട ആദ്യ കുടുംബക്രമം)
7. പാലക്കൽ തോമ്മാ മല്പാന്റെ ജീവചരിത്രം
(മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ മലയാള ജീവചരിത്രം)

8. കത്തുകളും സർക്കുലറുകളും
9. തുക്കാസ (ആരാധന ശുശ്രൂഷാക്രമം)
10. ആരാധനക്രമ കലണ്ടർ
11. എക്ളോഗുകൾ/ഇടയനാടകങ്ങൾ (മലയാള ഭാഷയിലെ ആദ്യത്തെ നാടകാവിഷ്കാരം)

1. ശാസ്ത്രികളുടെ എക്ളോഗ്
2. അവിശ്വാസികളുടെ എക്ളോഗ്
3. പിറവി അറിയിപ്പിന്റെ എക്ളോഗ്
4. കുഞ്ഞിപൈതങ്ങളുടെ എക്ളോഗ്
5. വിശ്വാസം, ശരണം, ഉപവി എക്ളോഗ്
6. യൗസേപ്പിതാവിന്റെ എക്ളോഗ്
7. മാലാഖമാരുടെ എക്ളോഗ്
8. വിശ്വാസികളുടെ എക്ളോഗ്
9. മുഗൂശന്മാരുടെ എക്ളോഗ്
10. ഉറക്കക്കാരുടെ എക്ളോഗ്

**സംയോജിത പ്രസിദ്ധീകരണങ്ങൾ**

1. വൈദികർക്കുള്ള കാനോന നമസ്ക്കാരം
2. മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസുകൾ
3. കന്യകാമാതാവിന്റെ ചെറിയ ഒപ്പീസ്
4. ദുഃഖ ശനിയാഴ്ച ക്രമം
5. നാല്പതു മണി ആരാധന ക്രമം
6. വെഞ്ചിരിപ്പുകൾക്കുള്ള ക്രമം

## ചാവറ ഹിൽസിലെ ഡോക്യുമെന്റേഷൻ സെന്ററിൽ ഉള്ള കോപ്പികൾ

## A. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ-കുറിച്ചെഴുതിയ കൃതികൾ: ജീവചരിത്രം മലയാളം

1. മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം അഥവ വ. ദിവ്യശ്രി ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

- ഫാ വലേരിയൻ സി.എം.ഐ

2. അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ
-ഫാ. മൂഴൂർ സി.എം.ഐ

3. ധന്യനായ ചാവറയച്ചൻ
- ഫാ. ചെറിയാൻ കുനിയന്തോടത്ത് സി.എം.ഐ

4. കേരള സഭാ ദീപം - ഡി . മാണിക്കത്തനാർ സി.എം.ഐ

5. വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
-ഫാ. മൂഴൂർ സി.എം.ഐ

6. ചാവറ കുര്യാക്കോസച്ചൻ - ബ്രദർ ഡൊമിനിക്ക് സി.എം.ഐ

7. തൃതിയ ഭാരത അപ്പസ്തോലൻ
- ഫാ വലേരിയൻ സി.എം.ഐ എഡിറ്റർ

8. ചാവറയച്ചൻ കഥ പറഞ്ഞാൽ - ടി.ടി മുണ്ടക്കൽ

9. കർമ്മയോഗി - പ്രൊ. പി.ടി.തോമസ്

10. ഭാരതത്തിന്റെ സൂര്യതേജസ്സ്
- ഫാ. മാത്യു കണിയാംപറമ്പിൽ സി.എം.ഐ

11. സ്വപ്ന സാഫല്യം - സി. ക്ലിയോപാട്ര സി.എം.സി

13. ധീരനായ ചാവറയച്ചൻ - ഡോ. കുര്യൻ മാതോത്ത്

14. വാഴ്സ്ഥപ്പെട്ട ചാവറയച്ചൻ - ഡോ. കുര്യൻ മാതോത്ത്

15. വാഴ്ത്തപ്പെട്ട ചാവറയച്ചനും കേരളസഭയും
- ഫാ. ജോർജ്ജ് വയലിൽ കളപ്പുര സി.എം.ഐ

16. കേരളത്തിന്റെ മണിദീപം - ഫാ. വലേരിയൻ സി.എം.ഐ

17. വാഴ്ത്തപ്പെട്ട ചാവറയച്ചൻ - ഫാ. ജോൺ റോമയോ പട്ടശ്ശേരി

18. യാഗദീപം - സി. കൊച്ചുത്രേസ്യാ

19. ചാവറനക്ഷത്രം - ഫാ. ജോഷി കണ്ണുക്കാടൻ സി.എം.ഐ

20. വാഴ്ത്തപ്പെട്ട കുര്യാക്കോസ് എലിയാസച്ചൻ
- ഫാ. ആൻസലം സി.എം.ഐ

21. മനസ്സിൽ നിറയുന്ന ചാവറയച്ചൻ - കുഞ്ഞൂഞ്ഞമ്മ ജോസഫ്

22. തീർത്ഥാടകനായ മാർപാപ്പയും വിശുദ്ധാത്മാക്കളായ ചാവറയും അൽഫോൺസയും - വർഗീസ് കാഞ്ഞിരത്തുങ്കൽ

23. ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചൻ
- ഫാ. ആൻസലം സി.എം.ഐ

24. കുടുംബപ്രേഷിതൻ ചാവറയച്ചൻ - ടി.ടി മുണ്ടക്കൽ

25. ചാവറയച്ചൻ കഥ പറഞ്ഞാൽ - ടി.ടി മുണ്ടക്കൽ

26. ചാവറയച്ചന്റെ കഥ - സാൻജോസ്
27. ചാവറ പെ. ബ. കുറിയാക്കോസ് മല്പാനച്ചൻ
- പോരൂക്കര കുറിയാക്കോസ് ഏലിശാ അച്ചൻ സി.എം.ഐ
28. ചാവറയച്ചൻ കേരളത്തിന്റെ പുരോഹിത പുണ്യം
- ഫാ. തേക്കുങ്കൽ സി.എം.ഐ
29. നന്മയുടെ ഗീതകങ്ങൾ - ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ
30. കർമ്മയോഗി - പ്രൊ. പി. ടി തോമസ്
31. ചാവറയച്ചൻ - എം.പി. ബീന
32. വിശുദ്ധ ചാവറയച്ചൻ - ഫാ. ജോബി മാത്തൻകുന്നേൽ
33. ജീവിതം തന്നെ സന്ദേശം - എം..കെ. സാനു
34. കുടുംബങ്ങളുടെ ചാവറയച്ചൻ (ബുക്ക്ലെറ്റ്)
- ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.
35. കിഴക്കുനിന്നൊരു താരോദയം
- ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ

.

## Chavara biographies in English

1 .Father Kuriackos Elias Chavara - K.C.Chacko
2. Blessed Kuriakose Elias Chavara. Fr. Kurian Mathothu
3. Blessed Chavara The Star of the East. - ZM Moozhoor CMI
4. Blessed Kurikose Elias Chavara - Fr.Leopold Beccaro OCD
5. Blessed Kuriakose Elias Chavara - Biju Tharaniyil CMI
6. The Servant of God Fr. Kuriaockse Elias Chavara - Fr.Anslem CMI
7. Blessed Kuriakose Elias Chavara - Fr.Valerian CMI
8. Fr. Kuriakose Elias Chavara Servant of God 1805-1871
9. A Pearl Truly Indian - Fr.Thomas Panthaplackal CMI
10. Bl.Kuriakose Elias Chavara - Fr. Valerian plathottam CMI
11. The Servant of God Kuriakose Elias Chavara - Fr.Valerian CMI
12. Blessed Kuriakose Elias Chavara - AM Mundadan CMI
13. Kuriakose Elias Chavara: Great soul of India
– Fr. Thomas Panthaplackal CMI

14. Lead Kindly Light – Chevalier KC Chacko

**Biographies of Chavara in other languages**

1. Der Selige Kuriakose Elias Chavara
- Dr.Jammes MuttickalCMI (French)
2. Yuga Dhara - Anoop Dev (Hindi)
3. Kurikaose Elias Chavara - KC Chacko (Hindi)
4. Dhanya Kuriakose Elias Chavara - Anoop Dev (Hindi)
5. Blessed Kuriakose Elias Chavara
- Fr. Thomas Malickal CMI (Hindi)
6. Dhanya Kuriakose Elias Chavara - Jose ML (Hindi)
7. Ciriaco Elia Chavara - Leopold Boccaro OCD (Italian)
8. Dhanya Kuriakose Elias Chavara - Fr. Kurian Mathoth (Hindi)
9. Kuriakose Elias Chavara GRANDE ANIMA DELL'INDIA
– Thomas Panthaplackal CMI (Italian)
10. Blessed Chavara, Patron of Families (Booklet)
– Fr. Thomas Panthaplackal CMI

## B. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനെക്കുറിച്ചുള്ള പഠനങ്ങൾ

1. ചാവറ ആധ്യാത്മിക
- ഡോ. കുര്യാക്കോസ് ഏലിയ വടക്കേടത്ത് സി.എം.ഐ
2. എന്റെ ധ്യാനസാധന - വാഴ്ത്തപ്പെട്ട ചാവറയച്ചൻ
- ഡോ. പോൾ കല്ലുവീട്ടിൽ സി.എം.ഐ
3. ചാവറ സുക്തങ്ങൾ - ഡോ. പോൾ കല്ലുവീട്ടിൽ സി.എം.ഐ
4. ദൈവകല്പനകൾക്കൊരു ചാവറ ഭാഷ്യം
- സി.സോഫി റോസ് സി.എം.സി
5. ചാവറയുടെ ചരിത്രം നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും
- ഡോ. പോൾ കല്ലുവീട്ടിൽ സി.എം.ഐ

6. ചാവറ ജീവിത ദർശനം

- ഫാ. ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ

7. ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ

- ഫാ. ജോസ് ഫ്രാങ്ക് സി.എം.ഐ

8. ചാവറ സിദ്ധി ധ്യാനം - സിഎംസി

9. വചനപാലകൻ ചാവറയച്ചൻ

- ഫ്രാൻസീസ് വള്ളപ്പുര സി.എം.ഐ

10. ചാവറയച്ചൻ വിവിധ വിക്ഷണങ്ങളിൽ

- സെഡ്. എം മൂഴുർ സി.എം.ഐ

11. ചാവറയച്ചൻ പറഞ്ഞ കഥകൾ

- സെഡ്. എം മൂഴുർ സി.എം.ഐ

12 ചാവറയച്ചന്റെ 101 കിരണങ്ങൾ

- സെഡ്. എം മൂഴുർ സി.എം.ഐ

13. പ്രാർത്ഥനയ്ക്കൊരു മഹനീയ മാതൃക

- സെഡ്. എം മൂഴുർ സി.എം.ഐ

14. വാ. ചാവറയച്ചന്റെ ദളിത് ദർശനം

- വിത്സൺ കോക്കാട്ട് സി.എം.ഐ

15. ചാവറയച്ചന്റെ ഹൃദയതുടിപ്പുകൾ

- ഫാ. എം. ജെ കളപ്പുരയ്ക്കൽ സിഎംഐ

16. ചാവറ വ്യക്തിയും സിദ്ധിയും - സിഎംഐ, സിഎംസി

17. ചാവറ പ്രതിഭയും പ്രഭയും - സി.എം.ഐ, സി.എം.സി

18. ചാവറോക്തികൾ- ഫാ. എം. ജെ കളപ്പുരയ്ക്കൽ സി.എം.ഐ

19. വാഴ്ത്തപ്പെട്ട ചാവറയച്ചൻ മാന്നാനത്തും കൂനമ്മാവിലും

- വൈസ് പോസ്റ്റുലേറ്റർ

20. ദർശനം പുണ്യദർശനം

- സി. ഡോ. സോഫി റോസ് സി.എം.സി

21. ഭൂമി കന്യകമാർക്കൊരു ഉണർത്തുപാട്ട്

- സി. ഡോ. ആവില സി.എം.സി

22. അറിവിന്റെ വഴിയെ താപസമനസ്സ് - സി. ഡോ.ആവില സി.എം.സി, സി. ധന്യ സി.എം.സി, സി. മരിന സി.എം.സി.

23. എന്റെ ഓഹരിയും പാനപാത്രവും

- സി. മരീന സി.എം.സി, സി. ഡോ. ആവില സി.എം.സി

24. സുകൃതം സ്മര - വിവിധ ലേഖകർ ജോൺപോൾ(എഡിറ്റർ)
25. ഇതാ ഞാൻ അവിടത്തെ ദാസൻ
- ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ
26. ഇതാ ഈ വഴിയെ - ഡോ. സോഫി റോസ് സി.എം.സി
27. കാലം നമിക്കുന്ന കർമ്മയോഗി സുകൃതം സ്മര രണ്ടാം ഭാഗം - എഡിറ്റർ ഫാ. അലക്സാണ്ടർ പൈകട സി.എം.ഐ
28. ആത്മാനുതാപത്തിന്റെ അനുധ്യാനശ്രുതികൾ
- സി. ലയോനില സി.എം.സി
29. അനസ്താസ്യായുടെ രക്തസാക്ഷ്യം ഒരു പുനർ വായന
- ഫാ. റോബി കണ്ണൻചിറ സി.എം.ഐ (എഡിറ്റർ)
30. ചാവറയച്ചന്റെ കാവ്യകൃതികൾ പഠനങ്ങൾ
- ഫാ. സെഡ്. എം. മൂഴൂർ സി.എം.ഐ
31. ചാവറയച്ചന്റെ ധ്യാനസല്ലാപങ്ങൾ
- ഫാ. സെഡ്. എം. മൂഴൂർ സി.എം.ഐ
32. കനൽ - റെജിനാ മേരി എഡിറ്റർ
33. പൊതുവിദ്യാഭ്യാസം പ്രസക്തിയും പ്രശ്നങ്ങളും
- രാധാകൃഷ്ണൻ കെ.എസ്., അബ്ദു സമദ് സമദാനി
34. ചാവറയച്ചന്റെ കത്തുകൾ - ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ, സി. ജോസി സി.എം.സി.
35. വിശുദ്ധ സൂനങ്ങൾ - സി. ഡോ. സോഫി റോസ് സി.എം.സി
36. മാനവീകതയുടെ മാനിഫെസ്റ്റോ
- ഡോ. ജോർജ്ജ് താഞ്ചൻ സി.എം.ഐ എഡിറ്റർ
37. ചാവറദർശൻ - ഡോ. ജെ. എസ്. തേക്കുങ്കൽ സി.എം.ഐ.
38. വിശുദ്ധ ചാവറയച്ചൻ കർമ്മവും കാലവും
- എമിൽ പുള്ളിക്കാട്ടിൽ സി.എം.ഐ
39. ചാവറയുടെ ചാവരുൾ - പ്രൊഫ. ജോസഫ് മറ്റം
40. ചാവറ ധ്യാനസംഗ്രഹം
- ഫാ. ജെയിംസ് ഏർത്തയിൽ സി.എം.ഐ
41. വിശുദ്ധ ചാവറ - ഡോ. സിറിയക് തോമസ്
42. ചാവറയച്ചന്റെ ഭക്തിസാധനയെക്കുറിച്ച്
- ഫാ. ജോർജ്ജ് നെരെപറമ്പിൽ സി.എം.ഐ
43. പിതൃസവിധേ - സി. ഫിലമിൻ സി.എം.സി

44. അപ്പൻ മക്കളോട് - ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ
45. ദർശനസല്ലാപ ധ്യാനം-ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ
46. സമയമാം രഥത്തിൽ ഞാൻ
- ഫാ. ജോർജ്ജ് താഞ്ചൻ സി.എം.ഐ. (എഡിറ്റർ)
47. ചാവറയുടെ ചരിത്രം നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും
- ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ
48. ചാവറ ചരമശതാബ്ദി - 1871–1971 വിവിധ ലേഖകർ
49. ചാവറയച്ചൻ കടന്നുപോയ വഴികൾ
- ഡോ. ജെ.എസ് തേക്കുങ്കൽ സി.എം.ഐ
50. മതാത്മക സൗഹൃദ സംവാദവും വാഴ്ത്തപ്പെട്ട ചാവറയും
- ഫാ. പീറ്റർ ക്ലാരൻസ് സി.എം.ഐ
51. അഴകുള്ള ആത്മാവ് വിശുദ്ധ ചാവറയച്ചൻ
- ഫാ. ആന്റണി ഞള്ളംപുഴ സി.എം.ഐ
52. ചാവറയച്ചന്റെ കഥകൾ
- ഫാ. വിൽസൺ കോക്കാട്ട് സി.എം.ഐ
53. പദ്യ ചാവരുൾ-റവ. ഡോ. ജയിംസ് ഏർത്തയിൽ സി.എം.ഐ
54. എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ - സി. ഹാരിയറ്റ് സി.എം.സി
55. ചാവറയച്ചനെ അറിയാൻ - സി. ധന്യ സി.എം.സി
56. ചാവറയച്ചൻ കേരള ആധുനിക തലത്തിന്റെ ശില്പി
- ജോൺ മണ്ണാത്തറ സി.എം.ഐ (എഡിറ്റർ)
57. കേരളസഭാ സമുദ്ധാരകൻ വാല്യം 1
- ഫാ. കനിഷ്യസ് സി.എം.ഐ
58. കേരളസഭാ സമുദ്ധാരകൻ വാല്യം 2
- ഫാ. കനിഷ്യസ് സി.എം.ഐ
59. കേരളസഭാ സമുദ്ധാരകൻ വാല്യം 3
- ഫാ. കനിഷ്യസ് സി.എം.ഐ
60. കേരളസഭാ സമുദ്ധാരകൻ വാല്യം 4
- ഫാ. കനിഷ്യസ് സി.എം.ഐ
61. വാഴ്ത്തപ്പെട്ട ചാവറയച്ചൻ വ്യക്തിയും വീക്ഷണവും
- ഫാ. ജോൺ റോമയോ പട്ടശ്ശേരി സി.എം.ഐ

62. ചാവറയച്ചൻ ഒരു രേഖാചിത്രം
- ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ
63. ചാവറയച്ചനും തദ്ദേശീയ സന്യാസസഭകളും
- ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ
64 പുരോഹിതർക്കൊരു മാർഗരേഖ
- ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ
65. ചാവറയുടെ കരിസ്മയും സി.എം.ഐ. കാരിസവും
- ജോസ് കുറിയേടത്ത് സി.എം.ഐ

1. Chavara A multidimensional Saint
– De. Thomas Kadankavil CMI
2. The Guidelines for Priests - Fr. Thomas Panthaplackal CMI
3. Chavara Darsan (Pictorial Presentation)
- Fr.Thomas Panthaplackal CMI
4. The Pastoral Vision of Kurikose Elias Chavara
- Joseph Kanjiramattathil
5. A study of Blessed Kuriakose Elias Chavara As social Reformer - Dissertation of Sr. Bincy Joseph CMC
6. The Spiritual Vision of Athmauthapam
- Sunny Pulparambil CMI
7. Empowered Womenhood – Navya Maria CMC
8. Saint Kuriakose Elias Chavara, The founder of the women TOCD in Kerala – Jossy Veliyan CMC
9. The Lord of Heaven & Earth
- Paul KalluveettailCMI, Paulachan Kochappilly CMI
13. The life and legacy of Saint Kuriakose Elias Chavara
– John Mannarathara (Editor)
14. Dream fulfilled - Sr.Jossy, Fr. Thomas Kochumauttom
15. Apostle of the Eucharist - Fr.AnslemCMI
16. An epic of Dreams - Fr.Antony Vallavanthara CMI
17. A Dream Comes True - Sr.Cleopatra CMC
18. Testament of a Loving Father – Fr. Thomas Panthaplackal

## 19. Guidelines of Priests – Fr. Thomas Panthaplackal CMI

### C. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനെക്കുറിച്ചുള്ള കലാ സാഹിത്യരൂപങ്ങൾ

1. കേരളം കണ്ട കർമ്മയോഗി
   - ചെറിയാൻ കുനിയന്തോടത്ത് സി.എം.ഐ (ലഘു കാവ്യം)
2. കെടാവിളക്ക് - വാഴ്ത്തപ്പെട്ട ചാവറയച്ചൻ
   - സി. ക്രുസിഫിക്സ് സിഎംസി (വഞ്ചിപ്പാട്ട്)
3. കാർത്തികനക്ഷത്രം - ഇടമറ്റം (ഖണ്ഡ കാവ്യം)
4. ജൈത്രയാത്ര - സി. ക്രുസിഫിക്സ് സിഎംസി (കവിതകൾ )
7. അദ്ഭുത പ്രവർത്തകനായ ചാവറയച്ചൻ - സി ക്രുസിഫിക്സ് സിഎംസി (കഥാപ്രസംഗം)
8. കുട്ടികൾക്ക് ഒരു കഥാപ്രസംഗം അനസ്താസ്യാ - ഫാ.മുഴുർ സി.എം.ഐ
9. ചാവറനാദം - ഫാ. ജയിംസ് മുട്ടിക്കൽ സി.എം.ഐ (ഗാനങ്ങൾ)
10. വാഴ്ത്തപ്പെട്ട ചാവറയച്ചൻ - ചിത്രകഥ
11. ചാവറയച്ചൻ കലാ സാഹിത്യ തരംഗങ്ങളിൽ - സിഎംസി വിമല പ്രൊവിൻസ്
12. കഥ പറയാം ഉണ്ണികളെ - ഫാ. ജോഷി കണ്ണൂക്കാടൻ സി.എം.ഐ (ബാലസാഹിത്യം)
13. കാലത്തിനു മുൻപേ നടന്നു നീങ്ങിയ കർമ്മയോഗി - ഫാ. സെഡ് മുഴുർ സി.എം.ഐ (ബാലസാഹിത്യം)
14. ചാവറ നക്ഷത്രം - ഫാ. ജോഷി കണ്ണൂക്കാടൻ സി.എം.ഐ (ബാലസാഹിത്യം)
15. ആകാശദീപങ്ങൾ സാക്ഷി - ജോൺ ആന്റണി
16. ഞാൻ ചാവറ - ഡോ. മാത്യു മാമ്പ്ര

*News&Views*

# DHARMARAM NEWS

The Dharmaram family witnessed a series of colourful events that showed the excellence, creativity and community spirit of our fathers and brothers under the empowering presence and able leadership of our beloved father Rector.

We began the month of November with a few ever-memorable events. The Dharmaram community celebrated very solemnly the 75th Birthday of Rev. Fr. Augustine Thottakara and Rev. Bro. Joseph Muttanolil on 10th.Dharmaram ventured into a new creative programme "Meet the Great" under the auspices of Dharmaram LCA. It is an exploration in to the lives of great people, living or dead, and an excellent opportunity to get inspired by them.

## Rector's Day

The Rector's day was celebrated in a very colourful manner, expressing and enlivening the community spirit and feeling of togetherness. The sports day in connection with the rector's day, involving track and field events, was conducted on Saturday, 1st November. The athletic competitions had a very good standard and the cheering and support of all sections spurred up the atmosphere. The indoor and outdoor games witnessed many spirited moments and all the matches had encouraging spectator view. The basket ball and volleyball games between fathers as two opposite groups turned back the clock as the veterans produced scintillating performances and eye catching movements.

Rector's day celebrated for the nearby religious communities was

held on Saturday, 21 November and the superiors and members from all the communities came and wished Fr. Rector and had lunch together with the Dharmaram Community. The Rector's day celebrations for the CMI Community on Sunday commenced with the concelebrated Divine Liturgy which was followed by community gathering in the BJTM Hall.

**Malayalam Drama :Kanal Kireedam**

The Drama, as part of Rector's Day celebrations, was staged on Saturday, 21 for Religious Communities and Sunday, 22 for the Public. The Drama, entitled 'Kanal Kireedam' was based on the life of St. Stephen, the martyr. The drama brought forth the message of Christian witnessing in the context of atrocious persecutions towards Christians around the world. The hard work and commitment of the 2nd year theologians, the Drama organizers, directors left an everlasting impression, an impression and impact that was really message filled. It was also broadcasted live in http://original.livestream.com/dharmaram.

We had a meaningful preparation for Christmas by coordinating a relief-work programme for the victims of Chennai flood. Along with selected DVK students, the representatives from each section visited Chennai to help the victims and we distributed some relief materials that were bought using the money collected from fathers and brothers.

A Committee instituted by Rev. Fr. Prior General in council to study the scope for restructuring Dharmaram formation visited Dharmaram from10-17 of December under the leadership of Bishop Gratian Mundadan.

The Conferral of Diaconate and Sub-Diaconate Ordinations to our brothers was held on 22and 23 of December respectively. Our 26 brothers received their Sub-Diaconate Ordination and 31 brothers received their Diaconate Ordination from His Excellency Mar Antony Kariyil CMI, Bishop, Eparchy of Mandya.

**Founder's Day**

Dharmaram celebrated Founder's Day on Sunday, 3 January. Representatives from various parishes were invited for the celebrations. It began at 11 am with a prayer session followed by a gathering and Lunch. Mr. K. Mathai KAS, Asst. Commissioner BBMP, was the chief guest. A large number of our parishioners were present in the evening at 5.30 to participate in the solemn concelebrated Divine Liturgy. It was followed by a procession to St. Thomas Forane Church. Statue of St. Chavara was carried on a special chariot prepared by the parish youth. Rev. Fr. Rector officiated the Novena and final blessing at St. Thomas Church. The Founder's Day celebrations were concluded by Oottunercha arranged by the parish.

For the first time, Dharmaram staged a devotional Orchestra "Mercificat" on 9 January and gave a prayerful start to the New Year 2016. Our community celebrated the Golden Jubilee of Priestly Ordination of Fr. John Marius and Fr. Silvin Manjaly solemnly with concelebrated Holy Qurbana and congratulated them in the public gathering held on 16 January. The newly ordained priests celebrated their thanksgiving mass at Dharmaram on 26th of January. The Samavarthanam of newly ordained priests from Dharmaram was conducted in an Indian traditional way on 28 January. The decoration of the auditorium with lighted oil lamps and the arrangement of the Gurus being seated beneath a huge banyan tree like structure gave the feel of the ancient Indian Gurukul Samavarthanam.

## English Drama: Benhur

After the gap of a couple of years, the College section organized an English Drama, "Benhur" the tale of Christ, a theatrical presentation of the classic movie Benhur, which was staged on 6and 7th February. It was a grand success and a return to Dharmaram Drama Legacy. All literary and cultural activity of this year came to a conclusion by the LCA Validictory which was held on 12 February. Mr. T. Raja, a renowned social worker who committed his life for the destitute and the poor was the chief guest for the programme. Dharmaram was taken up by his inspiring sharings.

## St. Thomas Forane Church

St. Thomas Forane Church celebrated the parish feast on 31 January. A music stage show by a famous team of artists Thaikudam Bridge was conducted in connection with the parish feast. On Sunday, 7 February, a requiem Mass was celebrated for the repose of Rev. Fr. Job Myladiyil CMI, who served St. Thomas Parish for about 10 years, and it was followed by a condolence gathering in the parish hall. Fr. Rector inaugurated the gathering and shared his inspiring memories of Fr. Job, a batch mate of his.

## DVK

Dharma Endowment Lectures for the academic year 2015-2016 was held from 16 – 18 December, 2015 on the topic "To know is to Empower: Right to Information (RTI) and Social and Political Transformation in India." Publication of Dharma Endowment Lectures 2014-2015 on the topic "Christian Identity: Between Secularity and Plurality," co-authored by Jeffrey Bloechl and Catherine Cornille was released on the last day of this year's Dharma Endowment Lectures.

Paul Wiegelmann Annual Lectures on Environmental Studies on the topic “Human Ecology: A Call for Conservation and Preservation” was offered by Dr. Oliver Inchody CMI during 11-12 January, 2016.

DVK Day was celebrated on 14 – 15 January 2016. Cultural day and Sports day celebrations added colour, vigour and beauty to the campus.

The 39th Convocation of DVK was held on 28 of January, 2016 which was presided over by the new Pro Chancellor, Mar Antony Kariyil, CMI. The convocation address was delivered by Dr. Ruth Manorama.

**Christ University**

On Monday 25th January, Christ University celebrated the 80th Birthday of Fr. Rector in Kuriakose Elias Auditorium with a gathering cum cultural programme and dinner. Members of the faculty of the university and fathers of Dharmaram participated in it. On Friday 19th February, Fr. Rector blessed the new CMI residence on our Lavasa Campus of the University.

**Christ Group of Schools**

Christ Kindergarten, Christ State, Christa Vidyalaya, ICSE, and Christ Special School had their Annual Day celebrations conducted very colourfully on 19 December 2015, January 21&22, 2016, January 30, February 05 and February 26 respectively.

## CARMEL VIDYABHAVAN PUNE

### Mission Trip

During the semester holidays our third year brothers went for a mission trip and retreat in Bijnor mission. They had a wonderful experience there. They attended the retreat at Jaiharikhal Ashram under the guidance of Rev. Fr. Thomas Kochumuttam CMI in preparation to the Holy Order of Diaconate.

### Diaconate

November 8$^{th}$was a day of great joy and blessing for all of us. Seven of our sub deacons received the holy order of diaconate and six of our second year brothers received the minor orders from Mar Thomas Elavanal, Bishop of Kalyan. It was a great celebration in our community and in our parish. On this auspicious day we were blessed to have with us Rev. Fathers from different provinces, parents and relatives of our deacons.

### Grand Christmas celebration

We celebrated Christmas elegantly under the leadership of our Rector Rev. Fr. Antony Puthenangady CMI. The season was an occasion of blessings both spiritual and physical preparation for advent began before December. As per the tradition we selected Christmas friends and Fr. Rector reminded us the importance of praying for the friends. We made a beautiful crib in front of the house and Fr. Rector inaugurated it. On the eve of Christmas day, carol singing and cake distribution added to the sweetness of the celebrations. There were Santa Clauses with angels, band music and carol singing with the float of Christmas crib were the peculiarities of this Christmas

pageantry. The season of Christmas was indeed a colourful one with lots of blessings from above.

## Jubilee Greetings

31th January Sunday was the day of proud moments to Carmel Vidyabhavan family. Our 22 fathers who celebrate the silver jubilee of their ordination visited us and offered Holy mass in the church. They shared their experience with the parishners and thanked the people for their prayers and support on the ways of their priestly ministry. They were happy to offer their blessings and prayers in return to the warmth of love and assistance of both Carmel Vidyabhavan family and Carmel parish. Sharing the joy of the jubilee, an agape was arranged for the community. Thank you fathers for your lovable presence.

## Welcome to Newly Ordained Priests

In this Jubilee year of mercy, Lord has been so compassionate to Carmel Vidyabhavan Pune, to give us four new priests Fr. Jilson, Fr. Jeneesh, Fr. Jojo and Fr. Jijo. The newly ordained priests reached here for Samavarthanam on 6th February. They offered the thanks giving mass in Carmel Vidyabhavan and Carmel parish. Reception was given to them in their respective wards and associations, in which they were actively involved for last 3 and half years. The Samavarthanam in Carmel Vidyabhavan started with prayer service, which was followed by community gathering in which Fr. Antony Puthenangady CMI, Rector of Carmel Vidyabhavan felicitated them for their selfless service. Carmel family wish all the very best in their future apostolate.

# Darsana  Wardha

## Darsana Day and St. Chavara Day

On Sunday 10th January 2016 along with Darsana day, and St. Chavara day the community celebrated the Inauguration of the silver Jubilee year of the ordination of Rev. Fr. Sebastian Alackappally, Rector, Darsana Institute of Philosophy, the valedictory of Darsana Kala Samidhi (DKS) and Darsana Samaj Kalyan Samidhi (DSKS). The programme began at 5.00 pm with solemn Holy mass. Rev. Fr. Kurian Kachappally, provincial of Bhopal was the main celebrant. Rev. Fr. Antony Kuttiyanickal, provincial of Chanda delivered the Homily. After the Holy Mass, a Hindi drama was played by the brothers of Darsana. The programme ended with agape.

## Feast of St. Sebastian: Patron of Fr. Rector

The celebrations of the heavenly patron day of Rev. Fr. Sebastian Alackappally Rector, Darsana Institute of Philosophy were conducted on 20th January 2016. It began with solemn Eucharistic celebration after which the Eucharistic community wished Rev. Fr. Rector with a felicitation song. In the evening we conducted a foot ball match between seniors and juniors. Various other programmes were also conducted as part of the festal day celebration.

## Republic Day

On 26th January 2016, the Republic Day, Rev. Fr. James Pampara, a visiting professor, celebrated the Holy Mass. After the Holy Mass the National Flag was hoisted by rev. Fr. Wilson Edattukaran, dean of studies, Darsana Institute of Philosophy. Bro. Jerin Illickel delivered the message of the day. A foot ball match was conducted

between seniors and juniors. There were also celebrations of the Republic Day in St. Chavara School and other schools in which our fathers and brothers participated.

## Atmadarsan Valedictory

On 10th February, 2016, on the birth day of St. Chavara, the Atmadarsan students conducted "Marvels of Divine Mercy", their Valedictory programme with the help of the brothers. The programme started at 6 pm in the evening in which Rev. Sr. Arpitha SJB, The Provincial Superior of Sisters of John the Baptist, was the chief guest. The programme was a great success and was appreciated by all as it truly conveyed the message of the Year of Mercy.

## Reception to the Newly Ordained Priests

The newly ordained priests who are the alumni of Darsana were given a reception on 11th February 2016. The newly ordained priests were Fr. Joshy Kandathil and Fr. Justin Manninezhath of Kochi province, Fr. Blessan Pettikkal and Fr. Dijo Payyapilly of Trichur province, Fr. Jomet Kalapurackal and Fr. Jayin Kalamparambil of Bijnor province and Fr. Meljo Parappuram of Chanda province. Representatives of the neighboring communities were present for the Eucharistic celebration. Rev. Fr. Rector welcomed newly ordained priests before mass. Fr. Meljo Parappuram was the main celebrant and Fr. Blessan gave the Homily. After the Holy mass, there was a gathering in which we felicitated the newly ordained priests. It was followed by breakfast with the Eucharistic community.

*ചാവറ കൾച്ചറൽ സെന്റർ*

# ലെഫ്റ്റനന്റ് കേണൽ നിരഞ്ജൻ കുമാറിന് ആദരാഞ്ജലി അർപ്പിച്ചു



രാജ്യത്തിനു വേണ്ടി വീരമൃത്യു വരിച്ച പട്ടാളക്കാരോട് ആദരവ് പ്രകടിപ്പിക്കുകയെന്നത് ഒരു രാജ്യസ്നേഹിയുടെ കടമയാണ്. ജാതിയുടെയോ മതത്തിന്റെയോ അതിർ വരമ്പുകളില്ലാതെ മനസ്സിൽ ധീര ജവാന്മാരെ ആദരിക്കണം. ഭാരതീയനാവുകയെന്നതാണ് പ്രഥമമായ കാര്യം, അതിലൂടെ രാജ്യസ്നേഹം മുറുകെ പിടിക്കുവാൻ സാധിക്കുമെന്ന് ലെഫ്റ്റനന്റ് കേണൽ നിരഞ്ജൻ കുമാറിന് ആദരാഞ്ജലി അർപ്പിച്ചു കൊണ്ട് മേജർ രവി അഭിപ്രായപ്പെട്ടു. തന്റെ പിതാവ് ഒരു പട്ടാളക്കാരനായതിൽ താൻ അഭിമാനിക്കുന്നുവെന്ന് സിനിമാ നടൻ കൈലാഷ് അഭിപ്രായപ്പെട്ടു. എറണാകുളം കരയോഗം സെക്രട്ടറി രാമചന്ദ്രൻ, ജോളി ജോസഫ്, ഫാ. റോബി കണ്ണൻചിറ സി.എം.ഐ, കൊച്ചി കോർപ്പറേഷൻ സ്ഥിരം സമിതി അധ്യക്ഷൻ കെ.വി.പി. കൃഷ്ണകുമാർ, സുരേഷ് ബാബു ആർ.ജി. എന്നിവരും സ്ക്കൂൾ വിദ്യാർത്ഥികളും ലെഫ്റ്റനന്റ് കേണൽ നിരഞ്ജന്റെ ചിത്രത്തിനു മുന്നിൽ പുഷ്പാർച്ചന നടത്തി.

# ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾ- സെമിനാർ സംഘടിപ്പിച്ചു




ഭിന്നശേഷിയുള്ളവരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ പൊതു സമൂഹം തയ്യാറാവണം, അത് അവരോടുള്ള ഔദാര്യമല്ല, അവകാശമാണെന്ന് മുൻ കേരള ഹൈക്കോടതി ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ അഭിപ്രായപ്പെട്ടു. ജനുവരി 17ന് ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച "ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾ"-എന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നമ്മുടെ ഭരണഘടനയിൽ ഭിന്നശേഷിക്കാർക്ക് പ്രത്യേക വ്യവസ്ഥയില്ല, 1969 ൽ ആണ് ഇതിനായി ചെറിയ നിയമങ്ങൾ ഉണ്ടായിട്ടുള്ളതെന്നും, അതിന് മാറ്റം വരുത്തി ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രത്യേക നിയമ വ്യവസ്ഥ ഉണ്ടാക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ചഡ് ഡയറക്ടർ **ഡോ.എം. കെ. ജയരാജ്** മുഖ്യപ്രഭാഷണം നടത്തി: ഭിന്നശേഷിയുള്ളവരെന്ന് ഏറ്റവും ഉദാത്തമായ പദാവലി കൊണ്ട് അഭിസംബോധന ചെയ്യുന്നുവെന്നതുകൊണ്ടുമാത്രം കാര്യമില്ല. ഭിന്നശേഷിയുള്ളവരിൽ തന്നെ മസ്തിഷ്ക സംബന്ധമായ വൈകല്യമുള്ളവരോട്, പ്രതികരിക്കാൻ ശേഷിയില്ലാത്ത ഒരു ജനവിഭാഗത്തോട് കേരള സമൂഹം നീതി കാണിച്ചില്ല.

പരിഗണന അർഹിക്കുന്നവരായിട്ടു പോലും വേണ്ടപ്പെട്ടവർ പരിഗണിച്ചില്ല എന്നതാണ് വസ്തുത. മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കുടുംബം, രക്ഷിതാക്കൾ ആജീവനാന്ത തടവറയിലേക്ക് നീക്കപ്പെടുന്നു. പ്രതികരിക്കാനോ, പ്രതിക്ഷേധിക്കാനോ പോലും സാധ്യമല്ലാത്ത പശ്ചാത്തലമാണ് ഇവരുടേത്. 8 ലക്ഷത്തോളം വരുന്ന കുടുംബങ്ങൾ അനുഭവിക്കുന്ന വേദന സമാനതകളില്ലാത്തതാണ്. ഇക്കാര്യത്തിൽ കേരള സമൂഹത്തിന്റെ നിസംഗത, കടുത്ത ക്രൂരതയാണെന്നും ഡോ. എം.കെ. ജയരാജ് ചൂണ്ടിക്കാട്ടി. നിരവധി ഉദാഹരണങ്ങൾ സഹിതമുള്ള ഡോ. ജയരാജിന്റെ പ്രഭാഷണം കേൾവിക്കാരെ പിടിച്ചിരുത്തി. സി.എം.ഐ സഭാ വികാർ ജനറൽ റവ. ഫാ. വർഗ്ഗീസ് വിതയത്തിൽ അദ്ധ്യക്ഷത വഹിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.റോബി കണ്ണൻചിറ സി.എം.ഐ, ആർ.ടി.ഐ ഫെഡറേഷൻ പ്രസിഡന്റ് അഡ്വ.ഡി.ബി. ബിനു, സുശീല കുര്യച്ചൻ, ജോളി പവേലിൽ എന്നിവർ പ്രസംഗിച്ചു

## പത്മരാജനെ അനുസ്മരിച്ചു

മലയാള സിനിമയുടെ ചരിത്രം മാറ്റിയെഴുതിയ ചലച്ചിത്രകാരനായിരുന്നു പത്മരാജൻ. തന്നെതന്നെ അനുകരിച്ചില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. പത്മരാജന്റെ സിനിമകളും ചെറുകഥകളും ഒന്നിനൊന്നു വ്യത്യസ്തമായിരുന്നെന്നും ജനുവരി 29ന് ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച പത്മരാജൻ അനുസ്മരണം ഉദ്ഘാടനം ചെയ്തു കൊണ്ടു തിരക്കഥാകൃത്ത് ജോൺപോൾ പറഞ്ഞു. പത്മരാജന്റെ **ഒരിടത്തൊരു ഫയൽവാൻ** എന്ന സിനിമയുടെ പ്രദർശനവും നടന്നു.

# സർക്കാർ ഉദ്ദ്യോഗസ്ഥരുടെ അച്ചടക്കം : തത്വവും പ്രയോഗവും സെമിനാർ സംഘടിപ്പിച്ചു




ചാവറ കൾച്ചറൽ സെന്ററും കേരള ആർ.ട്ടി.ഐ. ഫെഡറേഷനും സംയുക്തമായി ജനുവരി 21 ന് സംഘടിപ്പിച്ച ***സർക്കാർ ഉദ്ദ്യോഗസ്ഥരുടെ അച്ചടക്കം : തത്വവും പ്രയോഗവും*** എന്ന വിഷയത്തെക്കുറിച്ചു നടന്ന സെമിനാർ ശമ്പളക്കമീഷൻ ചെയർമാൻ **ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ** ഉദ്ഘാടനം ചെയ്തു. സർക്കാർ സംവിധാനത്തിലെ ധാരാളം വകുപ്പുകൾ ജോലിയൊന്നുമില്ലാതെ വെറുതെയിരിക്കുകയാണ്. അവർക്ക് ജോലി ഉണ്ടാക്കിക്കൊടുത്താൽ മാത്രമേ കാര്യക്ഷമത അളക്കുവാൻ സാധിക്കു, പുനഃസംഘടനയും സംയോജവുമാണ് അടിയന്തിരമായി നടപ്പിലാക്കേണ്ടതെന്ന് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ അഭിപ്രായപ്പെട്ടു. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ശാക്തീകരണം അനിവാര്യമാണ്. ആദ്യം പുനസംഘടിപ്പിക്കേണ്ടത് സ്ക്കൂളുകളെയാണ്. സ്ക്കൂളുകളുടെ സംയോജനം, അധ്യാപകരുടെ പുനർവിന്യാസം നടപ്പാക്കണം. സമൂഹത്തിലും, തൊഴിലിലും ജീവിതരീത രീതിയിലും വന്നിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിവിധ സർക്കാർ വകുപ്പുകൾ പ്രത്യേകിച്ച് കാർഷിക, മൃഗസംരക്ഷണ, ക്ഷീര

കർഷക വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥരെ, ഇന്നത്തെ സാഹചര്യത്തിൽ പുനർ വിന്യസിക്കേണ്ടിവരും. കേരളം ഒരു ഹൗസിംങ്ങ് കോളനിയായിരിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ശമ്പളക്കമ്മീഷന്റെ ആദ്യ റിപ്പോർട്ടിന് കാര്യമായ പ്രതികരണം ഉണ്ടായിരുന്നില്ല. കാരണം; കാര്യമായ ശമ്പള വർദ്ധനവ് ഉണ്ടായിരുന്നു. എന്നാൽ രണ്ടാം റിപ്പോർട്ടിൽ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയുടെ കാര്യത്തിൽ പ്രതികരണം ഉണ്ടായി, അതിനായി പുതിയ സമിതിയെ നിയോഗിച്ചിരിക്കുകയാണ്.

സാധാരണക്കാരായ ആളുകളോട് അനുകമ്പയോടെ പെരുമാറുന്ന സർക്കാർ ഉദ്യോഗസ്ഥർ കുറവാണ്, സേവനമേഖലയിൽ പ്രവർത്തിക്കുന്നവരെ ആദരിക്കുന്ന പരിഷ്കരണമാണീ വർഷത്തേത്. വീടുകളിൽ ആരാരും ശ്രദ്ധിക്കാതെ രാവിലെ മുതൽ രാവേറും വരെ ജോലിചെയ്യുന്ന അമ്മമാരെക്കൂടി ഗവൺമെന്റ് പരിഗണിക്കേണ്ടതുണ്ടെന്ന് എന്ന് കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ **ഡോ. എം.സി.ദിലീപ് കുമാർ** അഭിപ്രായപ്പെട്ടു. മുതിർന്ന അഭിഭാഷകൻ ശ്രീ. എം.ആർ. രാജേന്ദ്രൻ നായർ, ജോയിന്റ് കൗൺസിൽ ചെയർമാൻ ജി. മോട്ടിലാൽ, കേരള ആർ.ടി.ഐ. ഫെഡറേഷൻ പ്രസിഡന്റ് അഡ്വ.ഡി.ബി. ബിനു എന്നിവർ പ്രസംഗിച്ചു.

## ചാവറ ഇൻസ്പയർ ചാരിറ്റബിൾ സൊസൈറ്റി-സംസ്ഥാന ക്യാമ്പ് ഏപ്രിൽ 2 മുതൽ 8വരെ : കലൂർ റിന്യൂവൽ സെന്ററിൽ

ജന്മനാ എച്ച്.ഐ.വി. ബാധിതരായ കുഞ്ഞുങ്ങളേയും കാഴ്ച വൈകല്യമുള്ളവരെയും പ്രത്യേകം പരിഗണിച്ചും, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പൊതുവായും സഹായമെത്തിക്കുവാൻ ലക്ഷ്യമിട്ട് കൊച്ചിയിലെ ചാവറ കൾച്ചറൽ സെന്റർ കേന്ദ്രമാക്കി സ്ഥാപിതമായിട്ടുള്ളതാണ് ചാവറ ഇൻസ്പയർ ചാരിറ്റബിൾ സൊസൈറ്റി. പ്രൊഫ. എം.കെ.സാനു പ്രസിഡന്റായും ശ്രീ. ജോൺപോൾ വൈസ് പ്രസിഡന്റായുമായുള്ള സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന നാലാമത് സംസ്ഥാന ക്യാമ്പ്

ഏപ്രിൽ 2 മുതൽ 8 വരെ കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. ജന്മനാ എച്ച്.ഐ.വി. ബാധിതരായി കേരളത്തിൽ 888 കുട്ടികളാണ് ഗവൺമെന്റ് രേഖയിലുള്ളത്. ഇവരിൽ 150 ൽപരം കുട്ടികളാണ് ഇവർ മാത്രം അംഗങ്ങളായുള്ള **ചാവറ ഇൻസ്പയർമ്യൂവ്മെന്റിൽ**(CIM)ഉള്ളതും ഈ ക്യാമ്പിൽ പങ്കെടുക്കുന്നതും. ഈ സൊസൈറ്റിയുടെ എക്സ്ക്യൂട്ടീവ് ഡയറക്ടേഴ്സ് സി.എം.സി. സഭാംഗങ്ങളായ സിസ്റ്റർ ചൈതന്യ (ഇടുക്കി), സിസ്റ്റർ ലിറ്റിൽ തെരേസ്, (എറണാകുളം) എന്നിവരാണ്. ഫാ. റോബി കണ്ണൻചിറ സി.എം.ഐ. സെക്രട്ടറിയും, ശ്രീ ജിജോ പാലത്തിങ്കൽ ട്രഷററുമാണ്.

മറ്റു കുട്ടികളെപ്പോലെ പഠിക്കുവാനും ജോലി ചെയ്യുവാനും കഴിവുള്ള ഇവരിൽ പകുതിയിലധികമാളുകൾക്കും മാതാപിതാക്കൾ ഇല്ലാത്തവരും ബന്ധുക്കളുടെകൂടെ കഴിയുന്നവരുമാണ്. സാധാരണ രോഗം പോലെ കരുതി എച്ച്.ഐ.വി. രോഗബാധിതരേയും സമൂഹം സ്വീകരിക്കേണ്ടതുണ്ട്. തങ്ങളുടേതല്ലാത്ത കാരണം കൊണ്ട് ഈ രോഗം പേറുന്ന, സമൂഹം തിരസ്കരിച്ചിരിക്കുന്ന കുഞ്ഞുങ്ങളെ ഏറ്റെടുക്കേണ്ട കടമ പൊതുസമൂഹത്തിന്റെതാണ്. കാരുണ്യ വർഷത്തിന്റെ തണലിൽ വിശുദ്ധ ചാവറ പിതാവിന്റെ മക്കൾക്ക്-സംയുക്തമായൊരു സുകൃതസാക്ഷ്യത്തിന് ഈ കുഞ്ഞുങ്ങൾ നിമിത്തമാകുന്നു.

## കാഴ്ചയില്ലാത്തവർക്കൊരു ഐ.റ്റി. സമ്മാനം! സ്മാർട്ട് കെയിൻ

കാഴ്ചയില്ലാത്തവർ ഉപയോഗിക്കുന്ന വെള്ള വടി (White Cane)ക്കു പകരമായി ഡെൽഹി ഐ.ഐ.റ്റി. രൂപകൽപ്പന ചെയ്ത സ്മാർട്ട് കെയിൻ (Smart Cane)ശ്രദ്ധയാകർഷിക്കുന്നു. മുട്ടിനുമുകളിൽ മൂന്നു മീറ്റർ ചുറ്റളവിലുള്ള ഏതു പ്രതിബന്ധങ്ങളെയും വൈബ്രേ ഷനിലൂടെ തിരിച്ചറിഞ്ഞ് ഗതി മാറ്റി യാത്രചെയ്യുവാൻ ഇതിലൂടെ

ഇവർക്ക് കഴിയുന്നു. അൾട്രാ സൗണ്ട് സെൻസർ ഉപയോഗിച്ചു കൊണ്ടാണ് ഇതു സാധിക്കുന്നത്. കേരളത്തിൽ ആദ്യമായി സ്മാർട്ട്കെയിൻ വിതരണം ചെയ്യുന്നത് കൊച്ചിയിലെ ചാവറ കൾച്ച റൽ സെന്ററിലാണ്. ചാവറയിൽ സൊസൈറ്റി ഫോർ റീഹാബിലി റ്റേഷൻ ഫോർ വിഷ്വലി ചാലഞ്ച്ഡ് (SRVC) എന്ന സംഘടന യുടെ സഹായത്തോടെ ചാവറ ഇന്റർനാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ വിഷ്വലി ചലഞ്ച്ഡ് (CIIVC) നടത്തുന്ന കാഴ്ചയില്ലാത്ത വർക്കുവേണ്ടിയുള്ള എട്ട് മാസം നീളുന്ന പ്രത്യേക പരിശീലന പ രിപാടിയുടെ തുടർച്ചയിലാണ് ആദ്യമായി സ്മാർട്ട് കെയിൻ വിത രണം ചെയ്തത്. തുടർന്ന് പല അഭ്യുദയ കാംക്ഷികളുടെയും സഹ കരണത്തോടെ ഏതാണ്ട് നാനൂറിൽപരം സ്മാർട്ട് കെയിനുകൾ വിത രണം ചെയ്തു കഴിഞ്ഞു. മൂവായിരം രൂപ വില വരുന്ന സ്മാർട്ട് കെയിൻ സി.ആർ.ഐ. കോയമ്പത്തൂർ മേഖലയിൽ നൂറ്റമ്പത് എണ്ണവും തൃശ്ശൂർ ഇരിങ്ങാലക്കുട മേഖലയിൽ 250 ഓളവും വിത രണം ചെയ്യുവാൻ കോയമ്പത്തൂർ പ്രേഷിതാരാം പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ ബഹു. വിൽസൺ മൊയലൻ അച്ചനാണ് നേതൃത്വം നൽകുന്നത്. ഇതിന്റെ തുടർച്ചയിൽ മൂവാറ്റുപുഴ കാർമ്മൽ പ്രൊവി ശ്യയിലെ ഇടുക്കി വാഴത്തോപ്പ് ഗിരിജ്യോതി കോളേജിൽ ബഹു ബാബു മറ്റത്തിലച്ചന്റെയും ഫാ. ടോജി പുത്തൻകടുപ്പിലിന്റെയും നേതൃത്വത്തിൽ സ്മാർട്ട് കെയിൻ വിതരണം നടത്തുകയുണ്ടായി. തൃശ്ശൂർ മണ്ണൂത്തിയിൽ ഡേവിസ് കുറ്റിക്കാട്ടിലച്ചന്റെ നേതൃത്വത്തിൽ 50 ഓളം ആളുകൾക്ക് സ്മാർട്ട് കെയിൻ വിതരണം ചെയ്യുന്നതി നുള്ള നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

നമ്മുടെ വിദ്യാലയങ്ങളും സ്ഥാപനങ്ങളും സംയുക്തമായി പരിശ്രമിച്ചാൽ ഓരോ പ്രദേശങ്ങളിലുമുള്ള കാഴ്ചവൈകല്യമുള്ള വരെ സഹായിക്കുവാൻ എളുപ്പം സാധിക്കും. ഈ കാരുണ്യ വർഷത്തിൽ കാഴ്ചയില്ലാത്തവർക്കുള്ള നമ്മുടെ സമ്മാനമാകട്ടെ ഈ സ്മാർട്ട്കെയിൻ.

# 27–ാമത് അന്തർസർവ്വകലാശാല ചാവറ പ്രസംഗമത്സരം



എറണാകുളം ചാവറ കൾച്ചറൽ സെന്റർ നടത്തി വരുന്ന അന്തർസർവ്വകലാശാല ചാവറ പ്രസംഗ അന്തിമതലമത്സരം ജനുവരി 29ന് സംഘടിപ്പിച്ചു. അച്ചടി മാധ്യമരംഗത്ത് നിസ്തുലമായ സംഭാവ നൽകി ഇന്നത്തെ മാധ്യമ വളർച്ചയ്ക്ക് തുടക്കമിട്ട ചാവറ പിതാവ് അറിവിന്റെ വിശാലലോകം പൊതുസമൂഹത്തിന് തുറന്നു കൊടുത്തു കൊണ്ടായിരുന്നു പ്രവർത്തിച്ചതെന്ന് സി.എം.ഐ. സഭയുടെ അജപാലന വിഭാഗം ജനറൽ കൗൺസിലർ റവ. ഡോ. ജോർജ്ജ് താഞ്ചൻ സി.എം.ഐ. വിജയികൾക്ക് സമ്മാനങ്ങൾ നൽകിക്കൊണ്ട് പറഞ്ഞു . **ജനാധിപത്യവും മാധ്യമവിചാരണയും; വാഴപിണ്ടി പ്രസ്സ് മുതൽ വാട്ട്സാപ്പ് വരെ** എന്നതായിരുന്നു വിഷയം.കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള കേരളത്തിലെ 9 കോളേജ് കേന്ദ്രങ്ങളിൽ നടന്ന പ്രാഥമികതല മത്സര വിജയികൾ

അന്തിമതലത്തിൽ പങ്കെടുത്തു. പാല സെന്റ് തോമസ് കോളേജിലെ അഷിൻ പോൾ ഒന്നാം സമ്മാനവും (11,111 രൂപയും പ്രശസ്തി പത്രവും) എറണാകുളം, മഹാരാജാസ് കോളേജിലെ ഫഹീൻ ബിൻ മുഹമ്മദ് രണ്ടാംസമ്മാനവും (7,777 രൂപയും പ്രശസ്തി പത്രവും) തൃശ്ശൂർ ഗവൺമെന്റ് ലോകോളേജിലെ റെബിൻ വിൻസെന്റ് ഗ്രാലൻ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ അഷ്ന കെ. അശോക് എന്നിവർ മൂന്നാം സമ്മാനം (5,555 രൂപയും പ്രശസ്തി പത്രവും) പങ്കിട്ടു. ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് പ്രിൻസിപ്പാൾ പ്രൊഫ. എ.എക്സ്. എഡ്വിൻ, തേവര സേക്രട്ട് ഹാർട്ട് കോളേജ് മുൻ പ്രൊഫസർ ഡോ. വി.ജെ.ഡൊമനിക്, സെന്റ് ആൽബർട്സ് കോളേജ് അസി. പ്രൊഫസർ ജോർജ്ജ് വിനീത് എൻ.ജെ., കോഡിനേറ്റർമാരായ ജോളി പവേലിൽ, ഷാനൽ ലോപ്പസ്, സേവ്യർ നെൽബൻ എന്നിവർ പ്രസംഗിച്ചു.

## കാഴ്ച വെല്ലുവിളി നേരിടുന്നവർക്കായ് തൊഴിലധിഷ്ഠിത പരിശീലനം ആരംഭിച്ചു

ഫെബ്രുവരി 10ന് ചാവറ കൾച്ചറൽ സെന്ററിന്റെയും എസ്.ആർ.വി.സി.യുടെയും (സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് ദി വിഷ്വലി ചലഞ്ച്ഡ്) സംയുക്താഭിമുഖ്യത്തിൽ കാഴ്ചവെല്ലുവിളി നേരിടുന്നവർക്കായുള്ള 8 മാസത്തെ കമ്പ്യൂട്ടർ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ഫാ. റോബി കണ്ണൻചിറ സി.എം.ഐ. ഉദ്ഘാടനംചെയ്തു. കാഴ്ച വെല്ലുവിളി നേരിടുന്നവരെ സമൂഹത്തിന്റ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരിക, അതിനായ് അവരെ പ്രാപ്തരാക്കുക, പ്രോത്സാഹിപ്പിക്കുക, താങ്ങായ് നിൽക്കുക എന്നത് സമൂഹത്തിന്റെ കടമയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇംഗ്ലീഷ് ഭാഷാപഠനം, വ്യക്തിത്വവികസനം, സ്മാർട്ട്കെയിൻ മൊബിലിറ്റി ട്രയിനിംഗ്, കമ്പ്യൂട്ടർ പരിശീലനം എന്നിവയിലൂടെ വിവിധങ്ങളായ ജോലികൾക്ക് പ്രാപ്തരാക്കുന്ന ഈ കോഴ്സ് സൗജന്യമായാണ് നടത്തുന്നത്. പ്രത്യേക സ്കോളർഷിപ്പ് നൽകി താമസ

സൗകര്യം നൽകുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് എസ്.ആർ.വി.സി. ഡയറക്ടർ എം.സി. റോയി അറിയിച്ചു. ചാവറ കൾച്ചറൽ സെന്ററിൽ നടന്ന പുതിയ ബാച്ചിന്റെ ഉദ്ഘാടനയോഗത്തിൽ പ്രൊഫ. എ.എക്സ്. എഡ്വിൻ, വന്ദന തമ്പി, റോസ് മോൾ ജേക്കബ്, എന്നിവർ പ്രസംഗിച്ചു. കാഴ്ച വെല്ലുവിളി നേരിടുന്നവർക്കായുള്ള തുടർ കോഴ്സിൽ സ്കോളർഷിപ്പോടുകൂടി പഠിക്കാനാഗ്രഹിക്കുന്നവർ ചാവറ കൾച്ചറൽ സെന്ററിൽ ബന്ധപ്പെടേണ്ടതാണ്.

# *Amala*

# അമല ആയുർവ്വേദവിഭാഗത്തിന് ദേശീയ അംഗീകാരം




*കേന്ദ്ര സർക്കാരിന്റെ ആയുഷ് ഡിപ്പാർട്ട്മെന്റ് എൻ.എ.ബി.എച്ച്. തുടർ അംഗീകാര സർട്ടിഫിക്കറ്റ് തൃശ്ശൂർ സബ് കളക്ടർ ഹരിത വി. കുമാർ തൃശ്ശൂർ അമല ആയുർവ്വേദ ആശുപത്രി അസോസിയേറ്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കലിന് കൈമാറുന്നു.*

അമലനഗർ: ആയുഷിന്റെ (AYUSH) കീഴിൽ ദേശീയ അംഗീകാരമായ എൻ.എ.ബി.എച്ച്. ലഭിച്ചിട്ടുള്ള 80 ബെഡ്ഡിന് മുകളിലുള്ള ആശുപത്രികളിൽ ഇന്ത്യയിൽതന്നെ 3-ാം സ്ഥാനവും കേരളത്തിൽ ഒന്നാം സ്ഥാനവും അമല ആയുർവ്വേദ ആശുപത്രിക്ക് ലഭിച്ചു. ചികിൽസാസൗകര്യം, ശുചിത്വം, സേവനത്തിലെ മികവ് എന്നിവ പരിഗണിച്ചാണ് എൻ.എ.ബി.എച്ച്. ലഭിച്ചത്. 3 വർഷത്തേക്കാണ് ഈ തുടർ അംഗീകാരം. കഴിഞ്ഞ വർഷം 40 രാജ്യങ്ങളിൽ നിന്നായി 450-ൽ പരം വിദേശ രോഗികൾ ആയുർവ്വേദ വിഭാഗത്തിൽ സേവനം തേടിയെത്തി.

എൻ.എ.ബി.എച്ച്. തുടർ അംഗീകാരത്തിന്റെ കൈമാറ്റം തൃശ്ശൂർ സബ് കളക്ടർ ഹരിത വി. കുമാർ I.A.S നിർവഹിച്ചു. അമല അസോസിയേറ്റ് ഡയറക്ടർ ഫാ. ഡെൽജോ പുത്തൂർ, ആയുർവ്വേദ അസോസിയേറ്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ, ആയുർവ്വേദ ഫിസിഷ്യന്മാരായ ഡോ. എം. കേശവൻ, ഡോ. സിസ്റ്റർ ഓസ്റ്റിൻ, ഹോമിയോ വിഭാഗം മേധാവി ഡോ. നിർമ്മല എന്നിവർ പ്രസംഗിച്ചു. വിദേശപ്രതിനിധികളടക്കം നിരവധി പേർ പങ്കെടുത്തു.

***News and Views***

## Chapel-in-the-Mall, Peabody, MA

On February 1, 2016, the CMI Congregation officially took over St Therese Chapel in the Mall and Carmelite Gift Shop, set within the North Shore Shopping Mall in Peabody near Boston, MA in the USA, adding one more center in the United States, to the three centers we already have, namely, New York, Liberty TN, and Sacramento CA. The congregation took over this ministry on the request made by the priests of the Carmelite Province of the Most Pure Heart of Mary, O.Carm Congregation, as they could not continue the ministry for shortage of personnel. Fr. Day Kavungal, Coordinator General for US and Canada, is the Director of this center too, and Fr Janesh who is pursuing his studies in Boston College assists him.

The shopping center was inaugurated in 1960 and ever since it was managed by the Carmelite Friars. Fr. Herbert Jones and Fr. Felix from whom our fathers are taking over the stewardship have put in about 30 years of service to this center between the two of them. Both have 55 years and 57 years of priestly ministry respectively. Fr. Adrian Wilde also has been working there at the time of this transfer.

In the middle of the liturgy, on January 30, 2016, in a meaningful ceremony, the members of Carmelites of Mary Immaculate (CMI), an indigenous religious congregation from India belonging to the Syro-Malabar Catholic Church, took over the management of St. Therese Chapel in the Mall and the Religious Gift Shop, Carmelite, operating inside the Northshore Shopping Mall, Peabody, Massachusetts, USA by the Carmelite Friars (O.Carm) of the Province of the Most Pure Heart of Mary, USA.

## History

It was in 1959 that Archbishop Cushing extended an invitation to the Carmelite Friars to participate in a new ministry in the Archdiocese of Boston. As the website mentions:

"The developments of shopping centers (ie: clusters of stores in the suburbs) were in the experimental stage at the time and Archbishop Cushing thought that the Church should be a part of that experiment. The Carmelites readily agreed to be a part of this new ministry and signed a lease with the developers of the North Shore Shopping Center in Peabody, Massachusetts."

The chapel in the mall started functioning from January 1960, and it was probably one of the first of its kind at that time in the United States of America, providing spiritual care and sacramental assistance to the employees, visitors and public who started flocking in this place of worship.

The Carmelite friars, due to paucity of personnel, are handing over the administration of the Chapel in the Mall to the Carmelites of Mary immaculate (CMI) after 55 years of spiritual care and leadership to the people of the area through the uninterrupted service from 1960. God willing, it is the hope that the worship in this busy shopping mall, will be carried on for many more years through the support and at the behest of the CMIs.

## Location

Northshore Shopping Mall is about 20 miles away from the city of Boston in the state of Massachusetts in the USA. Boston boasts of its rich history, universities, and the ideological stalwarts of New England who laid the foundation for American culture and revolution.

## Liturgical Service

The chapel offers two daily masses Monday through Friday, at 12 Noon and 3:00 PM.On Saturday the daily Mass is offered at 12:00 Noon and the Vigil Masses of Sunday are offered at 4:00 and 5:30 PM. On Holy Days of Obligation there is a Mass on the Vigil of the Feast at 4:00 PM. The Masses of the Feast Day are offered at 12:00 Noon, 4:00 and 5:30 PM.Facility for confession is available on all the days prior to the mass and adoration of the Blessed Sacrament is held between the masses to welcome those who seek solace in the presence of the Eucharist.

## Transfer

The transfer took place on Saturday, Janurary 30, 2016 during the 4 pm mass officiated by Very Rev Fr Gerry Petringa, Episcopal Vicar. The concelebrants at the mass were: Rev. Fr. William Harry O Carm (Provincial), Rev. Fr. Joseph Atcher O Carm (Vice Provincial), Rev. Fr. Herbert Jones O Carm, Rev. Fr. Felix Prior O Carm, Rev. Fr. Adrian Wilde O.Carm and from the CMI Congregation, Frs. Sebastian Thekkedathu (General Councillor), Davy Kavunkal (Co-ordinator General for USA & Canada), Sebastian V Moolayil (Janesh), Shaji Kochuthara, and Sijo Muthanatt. Rev.Fr. Davy Kavunkal CMI will be the Director of the facility, a responsibility he bears in addition to the coordination of the CMIs in Canada and the USA. Very Rev. Fr. Gerry Petringa profusely thanked Rev. Fr. Herbert Jones and the other fathers of the O.Carm Congregation for the services in the chapel and to the diocese and welcomed the CMIs taking over the stewardship.

During the mass Purple Stole, Bible, Chalice and Keys to the Tabernacle were handed over to the new incumbents symbolizing

the ministry handed over. Rt. Rev. William Harry spoke after the communion to which Fr Sebastian Thekkedathu responded with words of gratitude and the willingness to carry on the ministry. It was a great spiritual experience for all and the chapel was full to the brim with the Eucharistic community.

## Carmelite Gift Shop

Attached to the chapel, Carmelite Gift Shop carries an array of religious articles, gifts, bible and books. The gift shop also functions as a place to get Mass cards and to have the queries about the chapel. The facility provides various supporting services to the chapel.Let us continue to pray for the success of this new venture taken up by the CMI Congregation.

*പുസ്തകപരിചയം*

# റിവേഴ്സ് ഗിയർ

സൈ സി.എം.ഐ




വർത്തമാനകാല സംഭവങ്ങളേയും ആനുകാലികപ്രസക്തിയുള്ള നുറുങ്ങുചിത്രങ്ങളേയും ചിന്തകളേയും സുവിശേഷ ചൈതന്യത്തിന്റെ പശ്ചാത്തലഭംഗിയോടെ അവലോകനം ചെയ്യുകയും ഗതിവേഗത്തിലും രുചിഭേദങ്ങളിലും പരിസരം മറന്നോടുന്ന സമൂഹത്തെ അല്പമൊന്നു പിന്നോട്ടടിച്ച് 'റിവേഴ്സ് ഗിയറി'ട്ട് പരിസരം നോക്കിക്കാണാനും മുന്നേറാനും പ്രചോദിപ്പിക്കുന്ന കുറേ പ്രതികരണ ഭാവങ്ങളാണ് ഗ്രന്ഥകാരനായ സൈമൺ വർഗീസ് പഴമ്പള്ളിയച്ചൻ അനുവാചകർക്കായി അവതരിപ്പിക്കുക. പത്രപ്രവർത്തനപഠനവും ദൈവശാസ്ത്ര തത്വശാസ്ത്ര പഠനവും പ്രായോഗിക തലത്തിലെത്തി നില്ക്കുന്ന ലേഖനങ്ങളുടെ പരമ്പരതന്നെയാണീ ഗ്രന്ഥം. കർമ്മെല സാഹിത്യ പാരമ്പര്യത്തിലെ 'കർമ്മലകുസുമം' മാസികയിലൂടെ വെളിച്ചം കണ്ട ഈ ചിന്താശകലങ്ങൾ സാമാന്യവായനക്കാരുടെ ഹൃദയം കവരുന്ന ചിന്താശകലങ്ങളാൽ നിറഞ്ഞ ആത്മദർശനങ്ങൾ ഉൾക്കൊള്ളുന്നവയാണ്.

ഗ്രന്ഥത്തിന്റെ പ്രവേശികയിൽ ജെ. റ്റി മേടയിൽ സൂചിപ്പിക്കുന്നതുപോലെ “പച്ചയായ ജീവിത്തിന്റെ രൂക്ഷഗന്ധമുള്ള വിശേഷങ്ങളെ ഗുരുമൊഴികളിലേക്ക് പരാവർത്തിച്ച് പുടപാകം ചെയ്ത അക്ഷരക്കൂട്ടമാണ് ‘റിവേഴ്സ് ഗിയർ’ എന്ന കൊച്ചുപുസ്തകം”. അതിൽ ധ്യാനമുണ്ട്, ആത്മശോധനയുണ്ട്, വചനപ്രഘോഷണമുണ്ട്, സുവിശേഷാഖ്യാനമുണ്ട്, സാധാരണ ജീവിതത്തിൽനിന്നടർത്തിയെടുത്ത ഏടുകളുണ്ട്, പ്രവാചക ശബ്ദങ്ങളുണ്ട്. ഗുരുസാന്നിധ്യത്തിന്റെ തുടിപ്പുകളും, കുടുംബബന്ധങ്ങളിലെ ഊഷ്മളതയും, ക്രൈസ്തവ ജീവന്റെ അന്തസത്തയും ഈ മഷിക്കൂട്ടിൽ സന്നിവേശിച്ചിട്ടുണ്ട്. മുറിവേറ്റവർക്കാശ്വാസവും, മറിമായങ്ങളുടെ കമ്പോളശബ്ദവും അതിന്റെ പോള്ളത്തരവും ഇവിടെ ലേഖകൻ അണിനിരത്തുന്നുണ്ട്. പുതുതലമുറയുടെ അപകടം നിറഞ്ഞ വഴികളും, മുതിർന്ന തലമുറയുടെ ഹൃദയകാഠിന്യവും സംഭവബഹുലമായ സാമൂഹ്യ ചുറ്റുപാടുകളിൽ പ്രകടമാകുന്നതും ഈ ഗ്രന്ഥത്തിന്റെ പ്രമേയങ്ങളാണ്. നാടകവേദിയിലെ സാധ്യതകളെ ജീവിതദർപ്പണമാക്കിയ ഷേക്സ്പിയർ സങ്കല്പം കടമെടുത്താൽ നൈരന്തര്യങ്ങളെ ചിന്തോദീപങ്ങളായ സംഭവങ്ങളും ആത്മദർപ്പണവുമായി പരിണമിപ്പിക്കുന്ന അക്ഷരക്കൂട്ടങ്ങളുടെ വ്യാപാരമാണീ ഗ്രന്ഥം.

വായനക്ക് എളുപ്പവും ഹൃദ്യവുമായ ശൈലി. ഗ്രന്ഥകർത്താവിന്റെ സാഹിത്യസഞ്ചാരങ്ങൾക്ക് ആശംസകൾ. അനുമോദനം!

പ്രസാധകർ : മീഡിയാ ഹൗസ്, കോഴിക്കോട്
വില : 100 രൂപ.




**St. Kuriakose Elias Chavara**
**A Spiritual Flame for Children & Religion**
Fr. Sebastian Kalapurackal CMI

അരസഹസ്രം ചാവറചോദ്യങ്ങളുമായി വി. കുര്യാക്കോസ് ഏലിയാസ് ചാവറയുടെ ചരിത്രത്തിലേക്ക് എത്തിനോക്കുന്ന ഒരു പഠനസഹായിയാണ് ഫാ. സെബാസ്റ്റ്യൻ കളപ്പുരക്കൽ സി.എം.ഐ. യുടെ ഈ ചെറുഗ്രന്ഥം. കുട്ടികളുടെ മത്സരങ്ങൾക്ക്, ക്വിസ് സംരംഭങ്ങൾക്ക് തികച്ചും അനുയുക്തം. വലിയവർക്കും ചാവറചരിത്രം കൈപ്പിടിയിലൊതുക്കാൻ ഒരു പഠനസഹായി.

ചാവറപ്പിതാവിന്റെ ജീവിതത്തിലെ നാഴികക്കല്ലുകളും പിതാവിന്റെ ഗ്രന്ഥങ്ങളിൽ നിന്നും അരിച്ചെടുത്ത ഉപദേശശകലങ്ങളും ഈ ഗ്രന്ഥത്തിന്റെ മൂല്യവർദ്ധനക്കു കാരണമായിട്ടുണ്ട്. കുട്ടികൾക്ക്, മാതാപിതാക്കൾക്ക്, സന്യസ്തർക്ക് - ഇങ്ങനെ പിതാവിന്റെ ദർശനങ്ങളും ബോധനങ്ങളും തരം തിരിച്ച് ആത്മീയ പോഷണത്തിനുതകുന്ന വിധം ക്രമീകരിച്ചിരിക്കുന്നു.

ഗ്രന്ഥകാരനു നന്ദി, നമോവാകം!

പ്രസാധകർ : CMI Provincial House, Chavara Mount,
Thiruvallom P. O, Trivandrum -695027

വില : 50 രൂപ

**അനുസ്മൃതി -37**

# സി.എം.ഐ. സ്ഥാപകപിതാക്കളിൽ ഒരുവനായ പോരൂക്കര തോമ്മാ മല്പാൻ

സി.എം.ഐ. സഭയുടെ രണ്ടാം ജനറാളും തോമ്മാ മല്പാന്റെ ഇളയസഹോദരനും, 1831 മുതൽ 1890 വരെ സഭയുടെ എല്ലാക്കാര്യങ്ങളിലും അടുത്തു ഇടപെട്ടിരുന്നവനുമാണ് പോരൂക്കര കുര്യാക്കോസ് ഏലിശാച്ചൻ. ഇദ്ദേഹം എഴുതിയ തോമ്മാ മല്പാന്റെ ജീവചരിത്രമാണ് മറ്റു രണ്ടുപിതാക്കന്മാരുടെ ചരിത്രത്തോടും ചേർത്ത് 'സ്ഥാപകപിതാക്കന്മാർ' എന്ന പേരിൽ 1905-ൽ പ്രസിദ്ധീകരിച്ചത്. ഇതേചരിത്രം 111വർഷങ്ങൾക്കുശേഷം ഭാഷയിൽ ചില തൊടലോടുകൂടി ഫാ. തോമസ് പന്തപ്ലാക്കൽ പുനരവതരിപ്പിക്കുന്നു.

**എഡിറ്റർ**

സി.എം.ഐ. സഭയുടെ രണ്ടാം ജനറാളും, സ്ഥാപകപിതാക്കളിൽ ഒരുവനുമായ പോരൂക്കര തോമ്മാമല്പാന്റെ ഇളയസഹോദരനും, 1831-ൽ മാന്നാനത്തു ആശ്രമത്തിനു പണി തുടങ്ങിയകാലം മുതൽ 1890വരെയുള്ള സഭയുടെ വളർച്ചയിലും പ്രതിസന്ധികളിലും ഇടപെട്ടയാളും സഹയാത്രികനുമായിരുന്നു പോരൂക്കര കുര്യാക്കോസ് ഏലിശാച്ചൻ. 1839-ൽ സന്യാസസഭയിലെ അംഗമായിത്തിർന്ന ഇദ്ദേഹം ചാവറപിതാവിനോടൊപ്പം 1855-ൽ ആദ്യബാച്ചിൽതന്നെ ആദ്യവ്രതം സ്വീകരിച്ചു. സ്വന്തം സഹോദരനെക്കുറിച്ചുള്ള അറിവിലും സഭയോടു ചേർന്നുള്ള പ്രവർത്തനങ്ങളിൽ അനുഭവസമ്പന്നനുമായിരുന്നു അദ്ദേഹം. ഇങ്ങനെയുള്ള അറിവിന്റെ സമ്പത്തുമുഴുവനും ഉപയോഗിച്ചു കൊണ്ടും ചാവറപിതാവ് എഴുതിയ നാളാഗമത്തിന്റെ പിൻബലത്തോടും കൂടിയാണ് ജേഷ്ഠനായ പോരൂക്കര തോമ്മാ മല്പാന്റെ ജീവചരിത്രം അദ്ദേഹം എഴുതിയത്. അദ്ദേഹത്തിന്റെ കൈപ്പടയിൽ എഴുതി മാന്നാനത്തു സൂക്ഷിച്ചിരുന്ന ഈ ചരിത്രം 1905-ൽ സഭയുടെ കാനോനിക സ്ഥാപനത്തിന്റെ

സുവർണ്ണജൂബിലിയോടു ചേർന്നാണ് 'സ്ഥാപകപിതാക്കന്മാർ' എന്നപേരിൽ മറ്റു രണ്ടു സ്ഥാപകപിതാക്കന്മാരുടേതുംകൂടി ആദ്യമായി പ്രസാധനം ചെയ്തത് എന്ന് മുന്നാം പ്രിയോർ ജനറാളായിരുന്ന അലക്സാണ്ടർ ജോസഫ് കട്ടക്കയം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പൂർവ്വത്തിന്മേലുള്ള ബഹുമാനത്താൽ യാതൊരു മാറ്റവും വരുത്താതെ അതേഭാഷയിൽതന്നെയാണ് പ്രസിദ്ധീകരിച്ചത് എന്നും അദ്ദേഹം ഉറപ്പുതരുന്നു. 111 വർഷങ്ങൾക്കുശേഷം വീണ്ടും ഇതു കർമ്മലസന്ദേശത്തിൽ പുനപ്രകാശനം ചെയ്യുമ്പോൾ ഒറിജിനൽ ഭാഷയിലെ ചുരുക്കം ചില വാക്കുകൾ മാത്രമേ മാറ്റം വരുത്തിയിട്ടുള്ളു എന്നും ഇവിടെ സാക്ഷ്യപ്പെടുത്തുന്നു. പോരൂക്കര തോമ്മാമല്പാനെക്കുറിച്ചുള്ള പഠനത്തിന് ഏറ്റവും ആധികാരികമായ ഒന്നാമത്തെ രേഖയാണ് ഇത്.

**ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.**

# കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭക്കാരുടെ അടിസ്ഥാനക്കാരനും രണ്ടാമത്തെ ശ്രേഷ്ഠനുമായ കല്ലൂർക്കാട്ടു പള്ളി ഇടവകക്കാരൻ പോരൂക്കര പെ. ബ. തോമ്മാ മല്പാനച്ചന്റെ ചരിത്രം

**(പെ. ബ. പ്രിയോർ കുരിയാക്കോസച്ചനാൽ എഴുതപ്പെട്ടത്.)**

ഈ ദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ ഭരണത്തിൻ കീഴുള്ള പ്രധാന പള്ളിയായ കല്ലൂർക്കാട്ടു ഇടവകയിൽ പോരൂക്കര തറവാട്ടിൽ ഇട്ടിക്കുരുവിളത്തരകൻ, മറിയം എന്ന ദൈവ ഭക്തയും അറിവും ഗുണശീലവുമുള്ള മാതാപിതാക്കന്മാരിൽ നിന്ന് 1800-ാം കാലം ജനിച്ചു. തന്റെ കൂടപ്പിറപ്പുകളായി നാലു സഹോദരരും മൂന്നു സഹോദരികളും ഉണ്ടായിരുന്നു. ഈ ദേഹം എല്ലാവരിലും മൂത്തവനും പൈതൽപ്രായത്തിലെതന്നെ എല്ലാവരും സന്തോഷിപ്പാൻ തക്കവണ്ണം നിഷ്കളങ്കത, സാധുത്വം മുതലായ സൽഗുണ

ങ്ങളാൽ തമ്പുരാനും മനുഷർക്കും ഇഷ്ടമുള്ളവനുമായിരുന്നു. ചെറു പ്രായത്തിൽ എഴുത്തും വായനയും പഠിച്ചു. അതിനാൽ പള്ളിയിൽ തന്നെക്കൊണ്ടു വലിയ വേദോപദേശം വായിപ്പിച്ചിരുന്നു. ബുദ്ധി സാമർത്ഥ്യവും ഗുണശീലവുംകണ്ടു പട്ടത്തിനായി പഠിപ്പിക്കണമെന്ന് തന്റെ കാരണവരായിരുന്ന പോരൂക്കര വല്യച്ചനും ശേഷം പേരും നിശ്ചയിച്ചു. അക്കാലത്തിൽ സംബന്ധക്കാരും കീർത്തിപെട്ട മല്പാന്മാരുമായിരുന്നവരു പഠിപ്പിച്ചിരുന്ന വടയാറ്റു സെമിനാരി, കുമരകത്തു സെമിനാരി മുതലായവയിലാക്കുവാൻ പല കാരണത്താലും ഇടയുള്ളതായിരുന്നു. എങ്കിലും തന്റെ പിതാവു മഹാ ബുദ്ധിയും, വിശേഷാൽ അധികദൈവഭക്തിയും ജ്ഞാന അറിവുമുള്ളവനായിരുന്നതിനാൽ പഠനത്തിന്റെമേൽ താല്പര്യംവെച്ചു തമിഴിൽ നിന്നു ജപപ്പുസ്തകം, സുവിശേഷ വിരൈത്തുര, മുതലായ പുസ്തകങ്ങൾ താൻ എഴുതിയെടുക്കുകയും പുസ്തകം പിടിച്ചു പൂജകാണുകയും മറ്റുമുള്ള ജ്ഞാനക്രമത്തിന്റെ തുടക്കക്കാരൻ എന്ന പോലെ ആയിത്തീർന്നു. അഞ്ചുതെങ്ങിൽ നിന്നു ഇംഗ്ലീഷ്, പോർത്തുഗീസ് മുതലായ പേച്ചുകൾ പഠിക്കുന്നതിനായിട്ട് അധികശമ്പളം കൊടുത്ത് ഒരദ്ധ്യാപകനെ വരുത്തി തന്റെയും മറ്റും പൈതങ്ങളെ പഠിപ്പിക്കയും, ദൈവശുശ്രൂഷികൾക്കടുത്ത സ്ഥിതിയിൽ ആയിരിക്കണം പട്ടക്കാരും എന്നുള്ള ആഗ്രഹത്താൽ വരാപ്പുഴ അപ്പസ്തോലിക്കാ സെമിനാരിയിൽ, പഴെ മുറവിട്ടു അയക്കണമെന്നു നിശ്ചയിക്കയും ചെയ്തു. അതുപ്രകാരം ഞാറയ്ക്കൽ ചെറിയാൻ കുര്യനെന്ന അപ്പസ്തോലിക്കാ മല്പാനച്ചൻ കല്ലൂർക്കാട്ടു കണക്കു കേൾപ്പിക്കാനായി ചെന്നിരുന്നപ്പോൾ യോഗക്കാരെക്കൂട്ടി അപേക്ഷ അറിയിക്കുകയും എല്ലാവരുടെ സന്തോഷത്തോടുകൂടെ ദൈവാശീർവാദത്തിനായി മൂന്നു പട്ടക്കാരുടെ കുർബ്ബാനയും നടത്തി, മാർ തോമ്മാ ശ്ലീഹായുടെ അൾത്താരയിങ്കൽ നേർച്ചയുംവെച്ചു പ്രാർത്ഥിച്ചുകൊണ്ടു പഠിനവും തുടങ്ങിച്ച് പഠിപ്പാൻ അയയ്ക്കയും ചെയ്തു. എന്നാൽ തന്റെ പിതാവിന്റെ ശുദ്ധലാക്കിനു തക്കവണ്ണം ലോക പ്രപഞ്ചങ്ങളിലും വീട്ടുകാര്യങ്ങളിലും കലരാത്ത ദൈവ ശുശ്രൂഷയിൽ കാലം പോക്കണമെന്നുള്ള ആഗ്രഹപ്രകാരം സെമിനാരിയിൽ തന്റെ മല്പാനച്ചനും യജമാനന്മാരു കൂട്ടുകാരും വിസ്മയിപ്പാനും സന്തോഷിപ്പാനും തക്കവണ്ണം പഠനകാര്യത്തിലും പുണ്യ ജീവിതത്തിലും

ജീവിക്കയാൽ മല്പാനച്ചനും മറ്റും വളരെ പ്രിയവും സമ്മതവും ആയിരുന്നു.

1817-ാം കാലം ഇടവം (ഫെബ്രുവരി) 1 നു പത്രോസു ദെൽക്കാന്തര എന്ന ബോംബെയുടെ മെത്രാനച്ചനിൽനിന്നു ആസ്തപ്പാടു ഏറ്റു. 18-ാം വയസ്സിൽ നാലാം പട്ടമായിരിക്കുമ്പോൾ പിതാവു നാല്പത്തൊന്നു വയസ്സു പ്രായത്തിൽ മരിക്കയാൽ എല്ലാംകൊണ്ടും വളരെ വ്യാകുലം അനുഭവിച്ചു. ചെറിയ പട്ടങ്ങൾ ഉള്ള കാലത്തിൽതന്നെ നാളാഗമം അതായതു വർത്തമാനങ്ങൾ എഴുതിവന്നിരുന്നു. പ്രസംഗവും നിത്യമായിട്ടെന്നപോലെ എല്ലാവർക്കും വളരെ സന്തോഷമാകാൻ തക്കവണ്ണം പുത്തൻ കുർബ്ബാനകൾക്കും, തിരുന്നാളുകൾക്കും മല്പാനച്ചൻ പറയിപ്പിച്ചിരുന്നു. പൊതുപ്പരീക്ഷകളിൽ ജയിച്ചിരുന്നു. ഉത്സാഹം ഇത്രയും അധികവും സഭയിൽ അധിക ശോഭയും ഉണ്ടായിരുന്നു. 1823-ാം കാലം കന്നിമാസം (സെപ്തംബർ) 22-നു കുർബ്ബാനപ്പട്ടമേറ്റു. ടി. തുലാ (ഒക്ടോബർ) മാസം 26-നു ഞായറാഴ്ച ഘോഷത്തോടുകൂടെ പുത്തൻ കുർബ്ബാന ചൊല്ലുകയും ചെയ്തു. ഉടൻ തന്റെ ഇടവകയാകുന്ന കല്ലൂർക്കാട്ടു വികാരിയായി.

ആ കാലങ്ങളിൽ പട്ടക്കാരു ളോവ ഉടുത്തു നടക്കുക എന്നരീതി ഇല്ലായിരുന്നു. എങ്കിലും വരാപ്പുഴ സെമിനാരിയുടെ മുറയ്ക്കു പട്ടമേറ്റനാൾ മുതൽ താൻ അപ്രകാരം ക്രമത്തോടെ നടന്നുവന്നു. അക്കാലത്തിൽ വളരെ പട്ടക്കാരു വയസ്സും പ്രായവും ചെന്നവരായി ഉണ്ടായിരുന്നു. എങ്കിലും തന്റെ സാധുത്വത്താലെയും വിവേകത്താലെയും വഴക്കുകൾക്കും മറ്റും ഇടവരാതെ പലപല നല്ല വഴക്കങ്ങളെ നടത്തുകയും പൂർവിക ദുർമാതൃകകളെ നീക്കുകയും ചെയ്തു. അക്കാലത്തിൽതന്നെ റബേക്കുകൊട്ടും പാട്ടുകളും പഠിപ്പിക്കുന്നതിനായി തെക്കുനിന്നു ഒരു കലാകാരനെ കൊണ്ടുവന്ന് തന്റെ സഹോദരരു മുതലായി പലരെയും പഠിപ്പിച്ചു. പള്ളിയിൽ പാട്ടുകളും കൊട്ടുകളും നടന്നു. ആകാലം പള്ളിപ്പുറത്തും നടന്നു. സെമിനാരിയിൽ വെച്ചുതന്നെ ബുധനാഴ്ച പതിവ് പ്രസംഗം വായിച്ചിരുന്നു. യൌസേപ്പുപിതാവിന്റെ മേൽ ഭക്തിയായിരുന്നതിനാൽ ആ ഭക്തി

വർദ്ധിപ്പിക്കുന്നതിലേക്കായി ഒരു സഭക്കൂട്ടമുണ്ടാക്കി, ബുധനാഴ്ച തോറും ഓരോ പ്രസംഗം വായിക്കയും ചില ജപങ്ങൾ എത്തിക്കയും ചെയ്തിരുന്നു. ഒരു സ്വരൂപം വാങ്ങിക്കുന്നതിന്നായി ഓരോ ചക്രം പിരിച്ചു കീർത്തിപെട്ട പണിക്കാരനായിരുന്നു കൊച്ചുകുട്ടി മേസ്തിരിയെ ഏൾപ്പിച്ചിരുന്നതു മാന്നാനത്തിൽ കൊവേന്ത തുടങ്ങിയപ്പോൾ ഈ രൂപം വന്നുചേർന്നു. ആയതു പ്രധാന അൾത്താരയിൽ ഇരിക്കുന്നു. ഈ ഭക്തി വഴിയായിട്ടു കല്ലൂർക്കാട്ടും പെരുന്നാൾ തുടങ്ങി. തന്റെ ആഗ്രഹം പോലേ അനേകകാലം വീട്ടകാർ നടത്തി. ഇപ്പോൾ കൊമ്പ്രേരിയ ആയി സ്ഥാപിച്ചു എത്രയും പ്രബലപ്പെട്ടു. ഞായറാഴ്ചതോറും പള്ളികളിൽ പ്രസംഗം പറയുന്ന ക്രമവും തന്നാലെ തുടങ്ങിയതുപോലെയായിരിക്കുന്നു. രണ്ടുവർഷം കല്ലൂർക്കാട്ടു വികാരിത്വം ഭരിച്ചശേഷം അതായതു, 1827-ാം കാലം ചിങ്ങം (ഓഗസ്റ്റ്) 15-നു മുതൽ തങ്കച്ചേരി പുത്തമ്പള്ളിയുടെ വികാരിയായി കല്പിക്കയാൽ അവിടെ വികാരിയായി. ആ ദേശക്കാരു എല്ലാവരും വിസ്മയിക്കാൻ തക്ക പുണ്യമാതൃകയാലും ജ്ഞാന പ്രസംഗങ്ങളാലും സ്ഥിരമായ ഉത്സാഹത്താലും, നല്ല ഭരണം ഉണ്ടായിട്ടില്ല എന്നിരിക്കുന്ന ആ ദിക്കിൽ, ഇടിമുഴക്കത്താൽ ഭൂമി ഇളകി പഞ്ചഫലാദികളെ മുളപ്പിക്കുന്നതുപോലെ, ഏറിയ കാലമായി കുമ്പസാരിക്കാതിരുന്നവരെയും ഏറിയ ദുർന്നടപ്പുകാരെയും വലിയവരായിട്ടും ചെറിയവരായിട്ടുമുള്ളവരെയും ദൈവഭയത്താൽ ഇളക്കി ഭക്തിക്കാരാക്കി. ഇന്നും ആ ഓർമ്മവിടാതെ ഭക്തിക്കാരായിരിക്കുന്നവരുമുണ്ട്. ശനിയാഴ്ചതോറും കൂട്ടമായിട്ടു വരുന്ന ഭിക്ഷക്കാർക്കു സൽബുദ്ധി പറഞ്ഞു കൊടുത്ത് അവരോടുകൂടെ പള്ളിയിൽപോയി അൻപത്തുമൂന്നുമണി എത്തിച്ചിട്ടു ഭിക്ഷ കൊടുത്തയച്ചിരുന്നു. നിത്യവും സന്ധ്യാസമയം പൈതങ്ങൾ പള്ളിയിൽ വരുന്നതിനു ചട്ടമിട്ടു പ്രാർത്ഥന നടത്തിയിരുന്നു. കുമ്പസാരിപ്പാൻ വരുന്നവർക്കു കുമ്പസാരത്തിനൊരുക്കി കുമ്പസാരിപ്പിച്ചിരുന്നു. അടുക്കലടുക്കെ ഭക്തിയായിട്ടു കുമ്പസാരിച്ചുവരുന്ന രീതി അവിടെ തന്നിൽനിന്നു തുടങ്ങിയപോലെ തോന്നുന്നു. അതെന്ത്യേ, ഈ എഴുത്തുകാരൻ പുസ്തകം എടുത്തു മാറ്റിവെപ്പാൻ പാടില്ലാത്ത ചെറുപ്രായത്തിൽ കുർബ്ബാനയ്ക്കു കൂടുന്നതു പഠിച്ചു, അപ്പോൾ ഈ വേലയ്ക്കായി അവിടെ പാർത്തിരുന്നു. കണ്ണാലെ ഇതൊക്കയും കണ്ടതുപോലെ

ആയിരിക്കുന്നു, തന്റെ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവ സ്നേഹാധിക്യത്താലെ ഞായറാഴ്ച തിരുനാളുകളിൽ മഹാ എരി വോടുകൂടെ പറഞ്ഞുവന്നിരുന്ന പ്രസംഗങ്ങളാലും പുണ്യജീവിത ത്താലും പോർത്തുഗീസ് ഭാഷ സെമിനാരിയിൽ വെച്ചു പഠിച്ചിരു ന്നതു കൂടാതെ കുർബാന ഒഴികെ ശേഷമുള്ള വേസ്പര, കുമ്പ ഞ്ഞിമേന്ത് മുതലായ കർമ്മങ്ങൾ ലത്തീനിൽ നടത്തിവന്നതിനാലും വിശേഷമായ തന്റെ ഭരണത്താലും ആ ദിക്കുകാർക്കു ഒക്കയ്ക്കും ബഹു സമ്മതമായിരുന്നു. ഇതിനും പുറമെ പെ. ബ. മാനുവേൽ ഗോവർണ്ണദോരച്ചനും, വികാരി ജനറാൾ യൂസേമരിയാ പാദ്രി അച്ച നും, കൊല്ലം, തൂയം മുതലായ പള്ളികളിലുള്ള പ്രധാനികൾക്കും, ആ കാലത്തിൽ ദിവാൻ കച്ചേരിയും, റസിഡണ്ടു ആപ്പീസും കൊല്ലത്ത് ആയിരുന്നതിനാൽ ഏറിയ ഉദ്യോഗസ്ഥന്മാരായി തങ്ക ച്ചേരിയിലും മറ്റും ഉണ്ടായിരുന്നതിനാൽ ആയവർക്കൊക്കെക്കും വളരെ സമ്മതമായിരുന്നു. ലോകപ്രപഞ്ചത്തെക്കുറിച്ചല്ലാതെ ജ്ഞാന ജീവിതം അറിയാത്തപോലെ ഇരുന്ന രാജ്യം ഒന്നു പകർന്നു മേസ്തർ ലേദീസിന്റെ വീടു, മേല്ലൊ എന്ന വീടു മുതലായതു മഠ ങ്ങൾ പോലെ ആയിത്തീർന്നു.

പിതാവു മരിച്ചതു മുഖാന്തരം ഒരു മനോഗുണപ്രവൃത്തി എന്നപോലെ പുത്തൻ കുർബാന ചൊല്ലിയതു മുതൽ അമ്മയെയും കൂടപ്പിറപ്പുകളെയും സന്ധിച്ചും പരിപാലിച്ചും പഠിപ്പിച്ചും നടത്തി വന്ന ഒരു ഭാരം തന്നിൽ നിന്നു ഒഴിഞ്ഞുപോകും വണ്ണം നടന്നു പോകണമെന്നുള്ള താത്പര്യത്താലും, പിതാവു ഉദ്യോഗസ്ഥനായി രുന്നതിനാൽ അനുജനു ആയതിന്മേൽ ആഗ്രഹമായിരിക്കയാലും, റസിഡൻണ്ട് ഒന്നാം റയിട്ടരായിരുന്ന മേജർ ഡോണ്ണാ, രണ്ടാമത്ത വൻ ലേവീസ് ഇവരു ഇങ്ങോട്ടു പറകയാലും റസിഡൻണ്ട് ആഫീ സിൽ എഴുത്തുകാരനായ അനുജൻ അന്തോനിയെ ആക്കി. ലോക പ്രപഞ്ചത്തിൽ മോശമായിപ്പോകാതിരിപ്പാൻ സൂക്ഷത്തിന്നായി ലേഡി സാന്ദ്രയെ ഏൾപ്പിച്ചു.

ഇങ്ങനെ ഏറെക്കുറെ രണ്ടു വർഷത്തോളം തങ്കച്ചേരിയിൽ ഇരിക്കുമ്പോൾ എ.പെ.ബ. മൌറല്യോസു മെത്രാനച്ചൻ വരാപ്പുഴ

ഇടക്കാല വികാരി അപ്പസ്തോലിക്കാ ആയിട്ടു വരികയും പാല യ്ക്കൽ തോമ്മാ മല്പാനച്ചന്റെയും, സ്നേഹിതൻ പാസ്ക്കാൾ പാദ്രി അച്ചന്റെയും താല്പര്യത്താൽ സെക്രത്താരി വേലയ്ക്കായിട്ടു കല്പ നവരികയാൽ 1828-ാം കാലം മീന (മാർച്ച്) മാസം 16-നു വരാപ്പുഴ ചെന്നുചേർന്നു. ആ ജോലിയിൽ കഴിയമ്പോൾ സെമിനാരിയിൽ പാർത്തിരുന്ന കാലത്തിൽത്തന്നെ, പള്ളിപ്പുറത്ത് ഞങ്ങളുടെ വലിയ പിതാവു തോമ്മാ മല്പാനച്ചൻ ഒരു ജ്ഞാന സൂര്യനെപ്പോലെ പെ. ബ. തയ്യിൽ അബ്രാഹം മല്പാനച്ചനോടു പഠിച്ച് കുറേനാൾ പാർത്തി രുന്നു. അപ്പോൾ തന്നോടുള്ള അടുപ്പവും സ്നേഹവും തുടങ്ങി. പിതാവായിട്ടും മഹാ സ്നേഹിതനായിട്ടും സ്നേഹിച്ചുവന്നു. ഈ മെത്രാനച്ചൻ അവരുടെ അവസ്ഥയും ഗുണശീലവും കണ്ട് മഹാ പുണ്യവാനായിരുന്ന താൻ ഇവരെ ഏറ്റവും സ്നേഹിച്ച് വിശേഷ കാര്യങ്ങൾക്കു വരുത്തി ആലോചിച്ചിരുന്നു. അവിടെവച്ചു വലുതായ ഒരു പനി ഉണ്ടായി എങ്കിലും ദൈവസഹായത്താൽ പൂർണ്ണ സൌഖ്യം പ്രാപിച്ചു. വരാപ്പുഴ എല്ലാ ഞായറാഴ്ചകളിലും തിരുനാ ളുകളിലും വിസീത്തയ്ക്കു പോകുമ്പോൾ എല്ലാ പള്ളികളിലും പ്രസംഗം തന്നെക്കൊണ്ടു പറയിച്ചിരുന്നു.

ഇങ്ങനെ നടന്നു വരുമ്പോൾ അഞ്ഞൂറ്റിക്കാർക്കു പട്ടം കൊടു ത്തുകൂടാ എന്ന് എഴുനൂറ്റിക്കാരു കൂട്ടമായി വിരോധിക്കയാൽ പെ. ബ. മെത്രാനച്ചനു സങ്കടമായി, ഇപ്രകാരം ഉള്ളവരെ ഭരിക്കുന്നതു കഴിയുന്നതല്ല, പോകണമെന്നു നിശ്ചയിച്ചിരിക്കുന്ന ഭാവം അറിഞ്ഞു. പള്ളിപ്പുറം സെമിനാരിക്കാരു മുതലായ ശമ്മാശ്ശന്മാരും, പള്ളിക്കാ രും, അഞ്ഞൂറ്റിക്കാരും പോകരുതെന്നും, ഏതു പള്ളിയിൽ എങ്കിലും ഇരിക്കാമെന്നും എല്ലാവരുംകൂടെ നിർബന്ധിക്കയാൽ അർത്തുങ്കൽ പള്ളിയിൽ വന്നു താമസിച്ചു. ഇങ്ങനെയിരിക്കയിൽ ഇവരുടെ ഉള്ളിൽ അനേക കാലമായി കാത്തു സൂക്ഷിച്ചിരുന്ന അപേക്ഷ മെത്രാനച്ചനെ ബോധിപ്പിച്ച ഉടൻ മെത്രാനച്ചൻ എത്രയും തെളിഞ്ഞു സന്തോഷിച്ചു, ഈ മലയാളത്തിൽ പൂർവ്വം മുതൽ ക്രിസ്ത്യാനി കൾ ഉണ്ടായിരുന്നിട്ടും ഈ കാലംവരെ ജ്ഞാനജീവിതത്തിനായിട്ടു തപസ്സു ഭവനം ഇല്ലാത്തതിനാൽ ദർശനമഠം പണിയിക്കുന്നതിനും സന്യാസജീവിതം ആരംഭിക്കുന്നതിനും ആയിട്ട് ഇവരിരുവരെയും

നിയമിച്ചിരിക്കുന്നതാകയാൽ ഇതിനു വേണ്ടിയ സഹായം ചെയ്യ ണമെന്നും മറ്റും തന്റെ കൈയ്യെഴുത്താലെ പസ്തേന്തിയും ഇരു നൂറു രൂപായും 1829-ാം കാലം കൊടുത്തു.

പസ്തേന്തി കിട്ടിയ ഉടൻ ആറ്റുവഴിയായി പല സ്ഥലങ്ങളും അന്വെഷിച്ചാറെ ഓരോ കാരണത്താൽ തക്കതായി കണ്ടെത്താതെ തിര്യെ വന്നു അവരവരുടെ ജോലിയിൽ തുടർന്നു. പസ്തേന്തി കല്ലൂർക്കാട്ടു പള്ളിയിൽ കാണിച്ചിട്ടു ഇരുനൂറു രൂപായ്ക്കു ആയിര പ്പറ നെല്ലു കൊടുക്കത്തക്കതിൻ വണ്ണം സമ്മതിച്ചു പസ്തേന്തിയിൽ കുറിച്ചു. കോയിൽമുക്കു പള്ളിയിൽ കാണിച്ചിട്ടു പതിനായിരം ചക്രം തരാമെന്നു കുറിക്കുകയും, ഉടൻ പതിനായിരം ചക്രം അവർക്കു കൊടുക്കുകയും ചെയ്തു. അനന്തരം ഇവർ രണ്ടുപേരുംകൂടെ പള്ളി പ്പുറത്തുനിന്നു തെക്കോട്ടു പുളിങ്കുന്നിൽ ചെന്ന് പുളിങ്കുന്നു പള്ളി ക്കാരുമായിട്ടു പറഞ്ഞ് ആയിരപ്പറനെല്ല് അവർ കൊടുക്കത്തക്കതിൻ വണ്ണം കുറിക്കയും, അപ്പോൾ തന്നെ ഇരുനൂറു പറ നെല്ലു കൊടു ക്കുകയും ചെയ്തു. കുടമാളൂർ കണ്ടെത്തിയ സ്ഥലത്തിന് ഉത്തരവു വരുത്തിയെങ്കിലും പട്ടേരി മുതലായവരുടെ വിരോധത്താൽ നട ക്കാതെ ആയി. ഇങ്ങിനെ പലതിനാലും മനസ്സു തളർന്നു, അതിര മ്പുഴ കുരിശുപള്ളിപോലെ ഒതുക്കമുള്ള ഒരു സ്ഥലമുണ്ടായാൽ അവിടെ ഒതുങ്ങി ഇരുവരുംകൂടി പാർത്തു കാലം കഴിക്കാമായിരു ന്നു എന്നുകൂടെ വിചാരിച്ചു. അപ്രകാരം ഒരാണ്ടിൽ അധികം വിഷാ ദത്തിൽ കഴിച്ചു. പിന്നെ സെക്രത്താരിവേലയ്ക്കു വേറിട്ട ആളെ ആക്കിയുംവച്ചു പുറപ്പെട്ടു ഏറിയനാൾ ബുദ്ധിമുട്ടി, അവസാനമായി ഈ സ്ഥലം കണ്ടെത്തി. മണ്ടപത്തുംവാതുക്കൽ ഒളശെ മുതൽ പിടി ക്കാരൻ മുതലായവരുടെ സഹായത്താൽ മുമ്പിലത്തെ ഉത്ത രവുതന്നെ ഇതിന് ഉപയോഗപ്പെടുത്തി. വിചാരണയും മറ്റും തര കൻ മുതൽപേരുടെ സഹായത്താൽ നിറവേറ്റി. തഹശീൽദാരുടെ സാധനവും വാങ്ങിച്ചുകൊണ്ട് താൻതന്നെ കൊല്ലത്തിനു പോയി. പള്ളിവയ്ക്കുന്നതിനു കയ്യിൽ ഉത്തരവു വാങ്ങിക്കൊണ്ടുവന്നു. മുൻപിനാലെതന്നെ പ്രിയോരു കുറിയാക്കോസു ഏലിയാഅച്ചനും ഈ പിതാക്കളുടെ വേലയിൽ ഉൾപ്പെട്ട് ഈ ദൈവവേലയ്ക്കായി പല യാത്രകഴിച്ചു വളരെ ബുദ്ധിമുട്ടുകയും ഒന്നാമത്തെ കുർബാന

യിൽ അപേക്ഷിക്കയും പുത്തൻ കുർബാന ചൊല്ലിക്കഴിഞ്ഞ ശേഷം കുറെനാൾ ചേന്ദങ്കരി, പുളിങ്കുന്നു ഈ സ്ഥലങ്ങളിൽ താമസിച്ചു പള്ളിപ്പുറത്തു ചെന്നു. അവിടെനിന്ന് ഇങ്ങോട്ടു വന്നപ്പോൾ ഉത്ത രവു കിട്ടിയിരിക്കയാൽ താമസപ്പെട്ടാൽ നഷ്ടപ്പെട്ടേക്കും. ഇപ്പോൾ തന്നെ വെട്ടിത്തെളിച്ചു കുരിശുവച്ചു കപ്പേളയ്ക്കു പണി തുടങ്ങണ മെന്നു നിശ്ചയിച്ചു ദൈവാനുകൂലത്താൽ ചീട്ടും വാങ്ങിച്ചു വെട്ടി ത്തെളിച്ചു. 1831-ാം കാലം മേട(ഏപ്രിൽ) മാസത്തിൽ ഉയർപ്പിന്റെ ശേഷം ഘോഷത്തോടുകൂടെ കുരിശും വച്ചു കപ്പേളയ്ക്കു പണി തുടങ്ങുകയും ചെയ്തു.

കുരിശുവച്ചു ഘോഷത്തിനു കൂടിയിരുന്നതിൽ പാലാക്കാ രൻ ഉള്ളാട്ടുതറ ശമ്മാശ്ശന്റെ അനുജൻ ഒരു പൈതൽ ഉണ്ടായിരു ന്നു. സന്ധ്യകഴിഞ്ഞ സമയം ലുത്തനിയാ ചൊല്ലിയ ഉടൻ അവന്റെ കാലിൽ ഏതാണ്ടു കടിച്ചതായി അറിയിച്ചു. ഉഷ്ണവും പുകച്ചിലും വ്യസനവും ഉണ്ടായി കാണുകയാൽ താഴത്തോട്ടു കൊണ്ടുപോകു വാൻ പറഞ്ഞു. നാലാറുചുവടു നടന്നപ്പോൾ നടപ്പാൻ പാടില്ലാതെ യാകയാൽ ഒരു പ്രകാരം താഴത്തിറക്കി കളപ്പുരയിൽ ചെന്ന ഉടൻ പോരൂക്കര അച്ചൻ ഹന്നാൻ വെള്ളം അവന്റെ മേൽ തളിച്ചുകൊണ്ട് എല്ലാവരും അപേക്ഷിക്കണമെന്നും വിഷഹാരികളെക്കൊണ്ടു യാതൊന്നും ചെയ്യിക്കണ്ടാ എന്നും പറഞ്ഞതിൻവണ്ണം ഒന്നും ചെയ്യാതെ സൌഖ്യമാകുകയും ചെയ്തു.

പെ. ബ. മെത്രാനച്ചൻ കുളിപ്പാനായിട്ടു വന്ന് കുടമാളൂർ പാർത്തിരിക്കുന്നതിനാൽ കല്ലിടുന്നതിന് നല്ല സമയം എന്നു നിശ്ച യിച്ചു ആ ഇടവം (മെയ്) 11-നു അഗതിത്വത്തിന്നടുത്തതായി മലമു കളിൽ തരകനോടു മേടിച്ച ഒരു മുളംകൂടു നാലു കാട്ടുതൂണുകളിൽ നിറുത്തി കെട്ടിമേഞ്ഞു പനമ്പുകൊണ്ടു രണ്ടുമുറിയായിട്ടു കുത്തിമ റച്ചു ഒരുക്കമാക്കി. ആയതിൽ ബഹുമാനപ്പെട്ട പിതാവ് ഒരു രാത്രി പാർത്തു. പിറ്റേദിവസം പെ. ബ. തോമ്മാച്ചന്റെ മനസ്സിനു മെത്രാന ച്ചനും മല്പാനച്ചനും സമ്മതിച്ച് യൌസേപ്പു പിതാവിന്റെ നാമത്തിൽ കല്ലിടുകയും ചെയ്തു അപ്പോൾ തന്നെ പിതാവിനെ കുടമാളൂരേക്കു യാത്രയാക്കുകയും ചെയ്തു. താൻ അതിരമ്പുഴ പോയി കുർബ്ബാന

ചൊല്ലുകയും ചെയ്തു.

എന്നാൽ ഇതിനിടയിൽ ഈ കാര്യം പ്രമാണിച്ചു കഴിച്ചയാത്രകളും ചെയ്ത ബുദ്ധിമുട്ടു പ്രയാസങ്ങളും വളരെ ആയിരിക്കുന്നു. ഈ പന്തലിൽ പാർത്തുകൊണ്ടും, അതിരമ്പുഴയും മറ്റും പോയി ചൊല്ലിക്കൊണ്ടും, എത്രയും ഉത്സാഹത്തോടുകൂടെ കപ്പേള പൂർത്തിയാക്കി. അമ്പതാം പെരുന്നാളിൽ (ഈസ്റ്റർ) അതിൽ ചൊല്ലി. ഒന്നാമതായി യൗസേപ്പു പിതാവിന്റെ തിരുനാൾ ഘോഷമായി കൊണ്ടാടി. ഈ തിരുനാളിന്റെ രണ്ടു ദിവസം മുമ്പു കുറിയാക്കോസ് ഏലീശാ എന്ന എഴുത്തുകാരനും (അതിരമ്പുഴ ഏറിയനാൾ പാർത്തുകൊണ്ടു സ്ഥലം അന്വേഷിച്ചപ്പോൾ കൂടെ ഉണ്ടായിരുന്നു.) തന്റെ സമാനങ്ങളായ മേശ, കസേര മുതലായ കൂട്ടങ്ങൾ കൊണ്ടുവന്നപ്പോൾ ജ്യേഷ്ഠന്മാരോടുകൂടെവന്ന് കടലാസുകൊണ്ട് കത്ത്സാൾ മുതലായതും മറ്റും ഉണ്ടാക്കി. തിരുനാൾ കഴിഞ്ഞുടൻ പഠിപ്പാനും തുടങ്ങി, പള്ളിവേലയും നടത്തി, അന്നുമുതൽ ബേസ് റൌമ്മായിൽതന്നെ ഞാൻ പാർത്തുവന്നിരുന്നു.

തങ്ങളുടെ ആഗ്രഹം ഒരു പ്രകാരം നിറവേറ്റിയ ഉടൻ ഇവരുടെ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ഭക്തിയുടെ ജ്വാല പൊങ്ങുവാൻ തുടങ്ങി. അരൂപിയ്ക്കടുത്ത നമസ്കാരങ്ങളും, ധ്യാനങ്ങളും, നോയമ്പും, ഉറക്കമൊഴിച്ചിൽ, എത്രയും ദൈർഘ്യമുള്ള ഹൂദറാ നമസ്ക്കാരം, മൂന്നുനോയമ്പിന്റെ നമസ്ക്കാരം മുതലായതുകളും ഞായറാഴ്ച പെരുന്നാളുകളിൽ റാസാ, പാട്ടുകുർബാന മുതലായതുകളും പ്രസംഗവും വിശേഷ പെരുനാളുകളിൽ പാട്ടുകുർബാന മുതലായതുകളും ഉണ്ടായിരുന്നു. പണിക്കാര്യത്തിൽ വേലക്കാരോടുകൂടെ വേലകൾ ചെയ്യുകയും, ചിലസമയം രാത്രിയിൽ, കക്കാ, കല്ല് മുതലായവ മസുമോറ പാടിക്കൊണ്ടു ചുമക്കുകയും, എല്ലാപ്പോഴും പണിക്കാരുടെ അടുക്കൽ ഓരോരുത്തരു മാറാതെ വേല ചെയ്യിപ്പിക്കുകയും ചെയ്തിരുന്നു. ഭക്ഷണ കാര്യങ്ങളിൽ എത്രയോ ഞെരുക്കമായിട്ടും കിടപ്പാൻ സ്ഥലമില്ലാതെ മഹാ ബുദ്ധിമുട്ടായിട്ടും കഴിച്ചത് എങ്ങനെ എന്ന് ഓർത്താൽ എത്രയോ വിസ്മയം ആയിരിക്കുന്നു.

വല്യച്ചനു ശരീരസൌഖ്യം ഇല്ലാതെയും ഇവിടെ തുടർച്ചയായി പാർക്കാൻ പാടില്ലാതെയും, അന്നു പ്രിയോരച്ചന് ചെറുപ്പമാകകൊണ്ടും പുറത്തോട്ടു ഇറങ്ങി ശീലമില്ലായ്കയാലും ബേസ്റൌമ്മായിൽ പാർത്തുകൊണ്ടു പണി നടത്തുകയും ചെയ്തിരുന്നു. ഇതിനാൽ താൻതന്നെ മഹാ പരാക്രമത്തോടെ സർവ വേലകളും അതായതു ഉച്ചകുർബാന, പ്രസംഗം, പാട്ടുപൂജ, റാസ മുതലായവകളും മറ്റു പള്ളിക്കടുത്ത കർമ്മങ്ങളും നടത്തിയിരുന്നു. വഞ്ചിയും അതിനുവേണ്ട അനുസാരികളും ഇല്ലായ്കയാൽ മഹാബുദ്ധിമുട്ടോടുകൂടെ എല്ലാ ഇടങ്ങളിലും ധർമ്മത്തിന്നായി യാത്ര ചെയ്തിരുന്നു. വേലയുടെ നടത്തിപ്പിന്നു വേണ്ടി വെറ്റില, പാക്കു, കൂട്ടുവാനുള്ളതു, കുറെ നെല്ലു മുതലായതുകൂടെയും മേടിച്ചു വരുമായിരുന്നു. ഇതിനാൽ ഈ പുണ്യകാര്യത്തിന്റെ നടപ്പിനുവേണ്ടി തന്റെ അവസ്ഥയെ വിട്ടുകൊണ്ടു കാട്ടിയ എളിമയും, ക്ഷമയും അനുഭവിച്ച ബുദ്ധിമുട്ടുകളും കഴിച്ച യാത്രകളും എന്തുമാത്രമെന്നു വിവരിക്കാവതല്ല.

ഇങ്ങനെ മഹാപ്രയോസത്തോടുകൂടെ ഈ കൊവേന്തയുടെ വടക്കോട്ടുള്ള മുറിയും തീർത്തു പള്ളിയുടെ പണിയും നടത്തി വരുമ്പോൾ പദ്രുവാദോ പ്രമാണിച്ചു ശീസ്മ ഉണ്ടായ സമയം തെക്കേദിക്കുകൾക്കു ദലഗാത്തായിരുന്ന പ്രെ. ബർണ്ണദീനോസ് മൂപ്പച്ചനോടുകൂടെ കൊല്ലം, കോട്ടാർ മുതലായ ദിക്കുകളിലേക്കു പോകണമെന്നു എ.പെ.ബ. ഫ്രാൻസീസ് ശൌര്യാർ മെത്രാനച്ചന്റെ കല്പന വരികയാൽ ഈ കൊവേന്തക്കാര്യം സർവതും നടത്തിവരുന്ന ആളിനെ മാറ്റിയാൽ ഈ വേല നിന്നുപോകുമെന്നും ഇല്ലാതാക്കുന്നതിനുള്ള സൂത്രം ഇതായിരിക്കുന്നു എന്നും ഇതു ശത്രുക്കളുടെ വേലയാകുന്നുവെന്നും ആകയാൽ സങ്കടം ബോധിപ്പിക്കണമെന്നും എല്ലാവരും നിർബന്ധിച്ചതിനാലും ഇതു ദൈവകല്പനയെന്നും ദൈവതിരുമനസ്സുപോലെ ആകട്ടെ എന്നും പറഞ്ഞുകൊണ്ടു യാത്ര പുറപ്പെട്ടു. വലിയ യുദ്ധകാലത്തിൽ കന്യാകുമാരിവരെയും പോയി ചെയ്ത വേലകളും വിരോധികളാൽ ഉണ്ടായ ഞെരുക്കങ്ങളും ബുദ്ധിമുട്ടുകളും നടന്ന വഴികളും ആയതിനാൽ തിരുസ്സഭയ്ക്കു ഉണ്ടായ ഉപകാരങ്ങളും എത്രയും അധികമായിരിക്കുന്നു. ഈ യാത്രയിൽ

പ്രസംഗത്താലും ഗുണദോഷങ്ങളാലും മറ്റും വളരെ ജ്ഞാനപ്രയോജനം ആയിടങ്ങളിൽ ചെയ്കയും പദ്രൂവാദോ വികാരി ആയിരുന്ന ഒരു പട്ടക്കാരൻ ളുദവിക്കോസ് മെത്രാനച്ചൻ ആ പള്ളി എടുത്താറെ ഏതാനും ജനങ്ങളോടുകൂടെ ഇറങ്ങാതെ ആ പള്ളിയിൽ ഇരിക്കയാൽ ആ ദേഹത്തെ മഹറോൻ ചൊല്ലിയിട്ടും തുടർന്നു കുർബ്ബാന ചൊല്ലിവരികയാൽ വലിയ കലാപമായി. നിർവ്വാഹമില്ലാതെ വിമ്മിഷ്ടപ്പെട്ടിരിക്കുമ്പോൾ താൻ ചെന്നു ഗുണദോഷിച്ചു. അപ്പോൾ തന്നെ ആ ദേഹത്തെ ഇറക്കി സ്വദേശത്തേക്ക് അയച്ചു. ഇങ്ങനെ പല വിശേഷ സംഗതികളും നടന്നിട്ടുണ്ട്. ഇതിനാൽ അന്നാൾവരെയും കൊവേന്തക്കാരുടെ മേൽ സന്തോഷം കാണിക്കാതിരുന്ന പ്രംസീസ്തോസ് ശൌര്യാർ മെത്രാപ്പോലീത്താച്ചനു ഞങ്ങളുടെ കൂട്ടത്തിന്മേലും വേലകളിന്മേലും സന്തോഷമായി.

ഏറെക്കുറെ രണ്ടു വർഷത്തോളം ബുദ്ധിമട്ടിയതിനാലും പ്രമേഹ ശരീരമായിരുന്നതിനാലും അസ്വസ്ഥത കൂടുകയാൽ ആ ചടപ്പോടെ ബേസ്റൌമ്മായിൽ വന്നു ചേർന്നു. പതിവുപോലെ തന്റെ ഭാരങ്ങളൊക്കെയും ചുമന്നുകൊണ്ടു കൊവേന്തചട്ടങ്ങൾ ഒന്ന് പുത്തനാക്കി. ആ കാലത്തിൽ തോപ്പിലച്ചനും വന്നു. കൊവേന്തയ്ക്കായിട്ടു വന്ന് സെമിനാരിയയിൽ പഠിച്ചു വരുന്നവരെ ആ കൂട്ടത്തിൽനിന്നു വേർതിരിച്ചു അവർക്കും ചില ക്രമചട്ടങ്ങൾ കൊടുത്തു. ഇതിനാൽ ചില വിരോധികൾ ഉണ്ടാകാതിരുന്നില്ല. ഇങ്ങനെ എല്ലാ കാര്യങ്ങളും നടന്നു വരികയിൽ എല്ലാറ്റിലും തന്റെ പിതാവും സഖിയുമായിരിക്കുന്ന പെ. ബ. പള്ളിപ്പുറത്തു തോമ്മാ മല്പാനച്ചനു ദീനം വർദ്ധിച്ചു. എല്ലാവരും കൂടി വേണ്ടിയതെല്ലാം നിറവേറ്റി. കൂദാശകളും കൈക്കൊണ്ടു 1841-ാം കാലം മകര (ജനുവരി) മാസം 16-ാം നു മരിക്കയാൽ തന്റെ ചുമടിന്റെ ഭാരം കൂടുകയും തനിക്കും ശരീരസൗഖ്യവും ഇല്ലാതായി തീരുകയും ചെയ്തു. ഇതിനാൽ ഏറ്റവും വ്യസനിച്ചു എങ്കിലും ദൈവതിരുമനസ്സിനു കീഴ്വഴങ്ങി തന്റെ ശരണമെല്ലാം ദൈവത്തിൽ വച്ച് കവറടക്കത്തിനുള്ള പ്രസംഗവും താൻ പറഞ്ഞിട്ട് ബേസ്റൌമ്മായിൽ വന്നു ചേർന്നു.

അനന്തരം, പണി ഇത്രയും ഒക്കെ ആയല്ലോ, ചെലവിനായി

യാതൊന്നും ഉണ്ടായിട്ടില്ലാത്തതിനാൽ കുർബാനയ്ക്കായി നേർച്ചനിയോഗം വെയ്ക്കണം. അങ്ങനെ ഒരു നടപ്പു ഉണ്ടാക്കണം എന്നു പെരുമാലിൽ തരകൻ, അനുജൻ കൊച്ചുപോത്തൻ മാപ്പിള ഇവരുമായി ആലോചിക്കയാൽ അവരുതന്നെ ഒന്നാമതായി വെയ്ക്കയും ദൈവാനുഗ്രഹത്താൽ ആ വഴി തെളിച്ചു പലരും കുർബാനയ്ക്കു നേർച്ച നിയോഗങ്ങൾ വെയ്ക്കുകയും ചെയ്തു.

പെ. ബ. മെത്രാപ്പോലീത്താച്ചനും ഇവരുടെമേൽ പ്രിയം അധികരിച്ചു. കൽദായസുറിയാനികൂട്ടത്തിന്റെ തലവന്മാരും മല്പാന്മാരും പരീക്ഷക്കാരുമെന്ന് വിശേഷ താല്പര്യത്താൽ ഇവർക്ക് പസ്തേന്തി കൊടുത്തു. ബ. കാഞ്ഞിരപ്പള്ളി ഇടവകക്കാരൻ പുത്തമ്പുരയിൽ കുഞ്ഞാക്കോ മല്പാനച്ചൻ മദ്രാസ്, മുതലായ ദേശങ്ങളൊക്കെയും സഞ്ചരിച്ചു അവസാനം ഇവിടെ വന്നുചേർന്നു, പ്രിയോരു ചാവറ അച്ചനും എല്ലാം കൊണ്ടും എല്ലായിടത്തും എല്ലാവരുടെ പക്കലും ശ്രുതിപെട്ടിരുന്നു. ഇദ്ദേഹം മലയാളഭാഷയിൽ പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിന് അത്യന്തം ബുദ്ധിമുട്ടി ആ വേല നടത്തി. ഇതിന്നു തോപ്പിൽ ഇക്കോച്ചൻ ഏറ്റവും സഹായിച്ചിരുന്നു.

1843-ാം കാലം ബ. അച്ചൻ ശു. കുർബാനയുടെ റാസയും ചൊല്ലി പ്രസംഗവും പറഞ്ഞു. പിറ്റേ ദിവസം മുതൽ പ്രമേഹം പെട്ടെന്നു വർദ്ധിച്ചു. വൃശ്ചികമാസംവരെയും അധികഠിനമായി വർദ്ധിച്ചിരുന്നു. ഇതിനിടയിൽ ദൈവസ്തുതിയേയും ആത്മോപകാരത്തേയും ആഗ്രഹിച്ചു തുടങ്ങിയിരിക്കുന്ന ഈ വേല ശുദ്ധ. പള്ളി കൈക്കൊണ്ട് ഈ അപേക്ഷ നിറവേറ്റിത്തരണമെന്നു അപേക്ഷിച്ചുകൊണ്ട് തങ്ങളെല്ലാവരെയും ഈ സ്ഥലത്തെയും മലയാളത്തിന്റെ വികാരിയായ ളുദവിക്കോസ് മെത്രാനച്ചനെ ഏൾപ്പിക്കുകയും സന്തോഷത്തോടെ ഭരമേല്ക്കയും ചെയ്തുകൊണ്ടു മരണത്തിന് വിശേഷ ആസ്ഥപ്പാടുകൂട്ടിയിരുന്നു. വൈദ്യനെ കാണ്മാനായി കല്ലൂർക്കാട്ടുപോയി അവിടെ കുറെനാൾ താമസിക്കയിൽ ഒരു ദിവസം ധനു (ഡിസംബർ) 27-നു രാത്രിയിൽ വിശേഷാൽ വായുവിന്റെ ഇളക്കവും ക്ഷീണവും കാണുകയാൽ കൂലിപ്പുരയ്ക്കൽ ബ.

മത്തായിക്കത്തനാരു കുമ്പസാരിപ്പിക്കുകയും യാത്ര പ്രകാരമായി എന്റെ കൈയ്യാൽ ശുദ്ധ. കുർബാനയും എല്ലാ പട്ടക്കാർക്കും ഉണ്ടായിരിക്കേ ഒടുക്കത്തെ ഒപ്രുശുമായും കൈക്കൊണ്ടു. പ്രിയോരച്ചനും സമീപമുള്ള പള്ളിക്കാരും വന്നുകണ്ടു. വൈദ്യനുമായി ആലോചിച്ചാറെ മുൻപറഞ്ഞു ബോധിച്ചിരിക്കുന്നതിൻവണ്ണം കൊവേന്തയ്ക്കു പോകുവാൻ സമയമായിരിക്കുന്നു. ചെന്നു ചേരുന്നതിനകത്തു യാതൊരു ഭയത്തിനും ഇടയില്ല എന്നു പറഞ്ഞു. പ്രത്യേക ദൈവസഹായത്താൽ എഴുന്നേറ്റു പുരയുടെ വാതുക്കൽ ചെന്ന് അമ്മയോടും മറ്റും യാത്ര പറഞ്ഞു ക്രമം പോലെ കയ്യും മുത്തി, യാതൊരു പ്രയാസവും കാണിക്കാതെ വഞ്ചിയിൽ കയറി. അന്നേദിവസം തന്നെ ഞങ്ങളെല്ലാവരും സൌഖ്യത്തോടെ മാന്നാനത്തിൽ വന്നു ചേർന്നു. പിറ്റെദിവസം കുറെ ആശ്വാസം തോന്നി. ഒരു ദിവസം കുമ്പസാരിച്ചു ശുദ്ധ. കുർബാന കൈക്കൊണ്ടു. വെന്തീഞ്ഞത്തിന്റെ ദോഷപൊറുതി കൈക്കൊള്ളുകയും താൻ ചൊല്ലുവാനുള്ളതൊക്കെയും താൻ തന്നെ ചൊല്ലുകയും ചെയ്തു. പന്നെ മറ്റൊരു ദിവസം ശുദ്ധ. കുർബാന കൈക്കൊണ്ടു സൂർപ്പലേശും ഇട്ടു മുട്ടിന്മേൽ നിന്നുകൊണ്ട് എല്ലാവരുമായി മരണനേരത്തു ചൊല്ലുന്ന വഴിക്കാലായും അതിന്റെ അപേക്ഷകളും നിറവേറ്റി കർത്താവിന്റെ വരവിനെ പാർത്തിരുന്നു. തന്റെ സ്നേഹിക്കപ്പെട്ട സഖിയായ പ്രിയോരച്ചനുമായി എല്ലാ ഒരുക്കങ്ങളും ചെയ്തിരിക്കയിൽ എട്ടാം തീയതി വ്യാഴാഴ്ച പകൽ ഒടുക്കത്തെ യാമത്തിൽ മരണവായു തുടങ്ങി. സന്ധ്യാസമയത്തിൽ കുമ്പസാരിച്ചു. വ്യസനങ്ങൾ ഒക്കെയും എത്രയും ക്ഷമത്തോടെ സഹിച്ചിരുന്നു. ആ സമയത്തിനടുത്ത സുകൃതജപങ്ങളും ചൊല്ലിയിരുന്നു. ബ. തോപ്പിലച്ചൻ കൂടെക്കൂടെ ചൊല്ലിക്കൊടുക്കുകയും, സമീപെ ആസ്ഥമാക്കിയിരുന്നു സ്വരൂപങ്ങളെ മുത്തുകയും സൂക്ഷിക്കുകയും ചെയ്തിരുന്നു. മഹാ വ്യസനമായിരിക്കുന്നു, വ്യസനം കൂടിവരുന്നു എന്നല്ലാതെ സഹിപ്പാൻ വഹിയാത്ത പ്രകാരം കാഴ്ചക്കാർക്കു തോന്നിയിരുന്നില്ല. സമൂഹം തനിക്കായി പള്ളിയിൽ അപേക്ഷിച്ചിരുന്നു.

ഇങ്ങനെയിരിക്കെ എല്ലാവരും നില്ക്കയിൽ പെട്ടെന്ന് താൻ ഒന്നു പകർന്ന് എത്ര മണി ആയി എന്നു ചോദിച്ചു. പന്ത്രണ്ടുമണി

ആയിരിക്കുന്നു എന്നു പറഞ്ഞയുടൻ ഞാൻ അനുഭവിക്കുന്ന സങ്കടങ്ങൾ പ്രായശ്ചിത്തമായി നിശ്ചയിച്ചുകൊണ്ട് എന്റെ ദോഷങ്ങൾ പോക്കിക്കൊള്ളണം എന്നു പറഞ്ഞുകൊണ്ടു മുട്ടിന്മേൽ താൻ ഇരിക്കുംവണ്ണം കട്ടിലേൽ ഒരുവൻ താങ്ങിക്കൊണ്ടിരിക്കുമ്പോൾ കയ്യെടുത്തു ചേർച്ചയായിട്ടു കുരിശുവരച്ചു. തൂങ്ങപ്പെട്ട രൂപം മേടിച്ചു അഞ്ചു മുറിവുകളേയും മുത്തി പ്രാർത്ഥിച്ചു. ദേവമാതാവിന്റെ സ്വരൂപവും സാവധാനത്തിൽ ഭക്തിയാൽ മുത്തിക്കൊടുത്തയുടൻ തല ചായിച്ചു മിണ്ടടങ്ങി. മരണസമയം എന്നു തോന്നി ഞങ്ങളെല്ലാവരും ദോഷംപോക്കി റുശ്മാകൊടുത്തു, അത്രയും നേരംകൊണ്ടു മരിച്ചു. ഇത്രയും ഇട വേർതിരിവായിട്ടുണ്ടായിരുന്നു. ഇപ്രകാരം നാല്പത്താറാമത്തെ വയസ്സിൽ പരാക്രമവേലയുടെ സമ്മാനം കൈക്കൊള്ളുവാനായി 1846-ാം കാലം മകര (ജനുവരി) മാസം 8-നു വ്യാഴാഴ്ച 12 മണി രാത്രിയിൽ ഈ ലോകം വിട്ടുപിരിഞ്ഞു.

പിറ്റെ ദിവസം 9-നു വെള്ളിയാഴ്ച അന്നത്തെ രീതിക്കു തക്കവണ്ണം ഘോഷത്തോടുകൂടെ റാസായും ഒപ്പീസും പാടി മദുബഹായുടെ അഴിക്കു താഴെ നടുവിൽ ഈ ദേവാലയത്തിൽ ഒന്നാമതായിട്ടും പ്രിയോരച്ചൻ മുതലായ സഹോദരരും ഏറിയ പട്ടക്കാരും ശമ്മാശ്ശന്മാരും ബഹുജനങ്ങളും കൂടിയിരിക്കയിൽ കൂടെ കുറിയാക്കോസ് ഏലിയാ എന്ന ഞാൻ ശേഷക്രിയ കഴിച്ചു കബറടക്കം ചെയ്തു. മറ്റുള്ള ക്രമങ്ങളും പതിവുപോലെ അവിടെ നടത്തി. ഇവിടെ നിന്നായിട്ടും ഏറെക്കുറെ നാല്പത്താറു റാസചൊല്ലി. ഇതിനും പുറമെ വീട്ടുകാരുടെയും ഇടവകക്കാരുടെയും താല്പര്യത്തിന്മേൽ മുപ്പതിന്റെ മുറയിൽ ഘോഷമായ ഒരു ശേഷക്രിയ വീട്ടിലും നടത്തി.

എന്നാൽ ഈ ഭാഗ്യപ്പെട്ട ആത്മത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവസ്നേഹവും അതിൽനിന്നു പുറപ്പെട്ട പരസ്നേഹവും അതുവഴിയായിട്ടു ചെയ്തുവന്നിരുന്ന പരാക്രമപുണ്യജീവിതവും ദൈവസ്തുതിക്കായിട്ടും പരോപകാരത്തിനായിട്ടും ആരംഭിച്ച ദർശനമഠവും ഇതിന്റെ നടപ്പിനായി വേലകളും ബുദ്ധിമുട്ടുകളും, സങ്കടങ്ങളും, നടന്ന വഴികളും, ചെയ്ത അപേക്ഷകളും എന്തുമാത്രം എന്നു

സംക്ഷേപിക്കാൻ പ്രയാസംതന്നെ. എങ്കിലും അല്പമായി ചിലതു കളെ കാണിക്കുന്നു. തന്റെ തപസ്സ് പുത്തൻകുർബാന ചൊല്ലിയ മുതൽ, കാലത്തെ പള്ളിയിൽ പോയി കുർബാന കാണുന്നു, നമസ്ക്കാരങ്ങളും കുർബാനയും കഴിഞ്ഞു കഞ്ഞി കുടിക്കുമ്പോൾ ഉച്ചയായിരിക്കും. ഞായറാഴ്ച പെരുന്നാൾ ദിവസത്തിൽ കുർബ്ബാനയും പ്രസംഗവും നമസ്ക്കാരവും കഴിഞ്ഞ് കഞ്ഞി കുടിക്കുമ്പോൾ ഒന്നര, രണ്ടു മണിയായിരിക്കും. ഈ കൊവേന്തയ്ക്കു കല്ലിട്ടുകൊണ്ട് പെ. ബ. മെത്രാനച്ചനെ യാത്രയാക്കിക്കൊണ്ട് അതിരമ്പുഴ പള്ളിയിൽ പോയി കുർബാന ചൊല്ലി മുട്ടിന്മേൽ നിൽക്കുന്നതിന്മേൽ വിസ്മയം തന്നെ. റാസ എങ്കിൽ മുഴുവനും, പതിനഞ്ചു രഹസ്യമെങ്കിൽ അതും മുട്ടിന്മേൽ നിന്നുകൊണ്ട് എത്തിച്ചിരുന്നു. രാത്രിയിൽ എല്ലാവരും കിടന്നാലും മേശയിന്മേൽ കൈ കുത്തിക്കൊണ്ട് ഏറിയനേരം നമസ്ക്കരിച്ചിരുന്നു. ഉറക്കൊഴിച്ചിൽ സൂക്ഷിച്ചാൽ എത്രരാവ് കഴിഞ്ഞാണ് ചെന്നു കിടക്കുന്നു എന്നറിയില്ല.

# From the Dept. of Research and Documentation

## Golden Records – 33

## പോരൂക്കര ഏലീശാച്ചന് എഴുതിയ കത്ത്



ഇതൊരു മറുപടി കത്താണ്. കൊടുത്തയച്ച കത്തിന് മറുപടി ആവശ്യമില്ല. എല്ലാം മുൻപിലത്തേതുപോലെ മതി എന്നെഴുതിയിരിക്കുന്നതിനാൽ ആദ്യകത്തിന്റെ ഉള്ളടക്കം എന്തെന്ന്വ്യക്തമാക്കുന്നില്ല. സമസ്തവും ദൈവതിരുമനസ്സ് മതി എന്ന് ഓർമ്മിപ്പിക്കുന്നുണ്ട്.

പലതരം തത്ത്വചിന്തകൾകൊണ്ടും ലോകവിജ്ഞാനം കൊണ്ടും നിറച്ച ഒരു കത്താണ് ഇത്.കൂടാതെ ദാരിദ്രവ്രതത്തിന്റെ അനുഷ്ടാനത്തെക്കുറിച്ച്കണക്കെഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യവുംഅദ്ദേഹം ഓർമ്മപ്പെടുത്തുന്നു. കണ്ണിനു സുഖമില്ലാതെ വന്നപ്പോൾ കണ്ണട ഉപയോഗിച്ചതിനെക്കുറിച്ചും തന്റെ ലാളിത്യത്തിനു ചേരാത്തതിനാൽ തുടർന്നുപയോഗിച്ചിട്ടില്ല എന്നും വ്യക്തമാക്കുന്നുണ്ട്.ചാവറപിതാവിന്റെ ജീവിത വീക്ഷണത്തെക്കുറിച്ചും ലോകവിജഞാനത്തെക്കുറിച്ചും മനസ്സിലാക്കാൻ ഈ കത്തിന്റെ പഠനം സഹായകരമാണ്. (ഒറിജിനൽ കത്തിന്റെ ആദ്യപേജു മാത്രമാണ് ഇവിടെ ചേർത്തിരിക്കുന്നത്.)

ഈശോ മറിയം യൗസേപ്പ്
മിശിഹായ്ക്കു സ്തുതി.

ഇപ്പോൾ കൊടുത്തയച്ച എഴുത്തിന് പ്രത്യേക മറുപടി ആവശ്യമില്ല. എല്ലാം മുൻപിലത്തേതുതന്നെ മതി. അതായത് സമസ്തവും ദൈവതിരുമനസ്സ്, 'തേവരുടെ ചിത്തം അടിയന്റെ ഭാഗ്യം' എന്ന പോലെ. അതാണ് എന്റെ ഭാഗ്യം. ഇത് എപ്പോഴും നിന്റെ ഹൃദയത്തിൽ ഉണ്ടായിരിക്കട്ടെ. മാന്നാനം കൊവേന്തക്കാർ വലിയ ധനികരെപ്പോലെ കഴിയുന്നു എന്ന് പുറമെയുള്ളവരും അധികാരികൾ പോലും കരുതുന്നു. എന്നാൽ നിങ്ങളുടെ ദാരിദ്ര്യവ്രതത്തിന്റെ സമ്മാനം യാതൊരു വിധത്തിലും ഒരു തുള്ളിയെങ്കിലും ചോർന്നുപോകാതെ കാത്തുസൂക്ഷിക്കാൻ തുണയ്ക്കുന്ന ദൈവതിരുമനസ്സിനെ സ്തുതിപ്പിൻ.

400 രൂപാ ഒന്നായിട്ടു ചെലവു ചെയ്തു കൂടാ എന്ന നിർദേശത്തിനർഥം, ഒരു വർഷത്തിൽ ഇതിലധികം ചെലവു ചെയ്യരുത് എന്നല്ല. അങ്ങനെ ഒരിക്കലും കല്പ്പിച്ചിട്ടില്ല. കൽപ്പിക്കുകയുമില്ല. ഭക്ഷണം, വസ്ത്രം എന്നിവയ്ക്കായി ഒരുമിച്ച് ഒറ്റ പ്രാവശ്യം 400 രൂപയിലധികം ചെലവാക്കരുത് എന്നാണ്.

പൊറഞ്ചു അച്ചനോടു ചോദിച്ച് അദ്ദേഹത്തിന്റെ ഓർമപ്രകാരം ഏതേതു വസ്തുക്കൾ വാങ്ങിയെന്നും ഏതൊന്നിനു വേണ്ടി ചെലവഴിച്ചെന്നും കണക്കുപുസ്തകത്തിൽ എഴുതിച്ചേർത്ത് അതിൻപ്രകാരം നടത്തണം.

പള്ളിപ്പുറത്തച്ചന്റെ മുതൽ, ധർമം കൊടുക്കാൻ ലഭിച്ച തുക, എന്നിവയെല്ലാം കുർബാനയുടെ കണക്കെഴുതുന്ന പുസ്തകത്തിൽ എഴുതിവയ്ക്കണമെന്ന് അപേക്ഷിക്കുന്നു.

ഒരു ചൊല്ലുണ്ടല്ലോ. "വില കുറഞ്ഞ സമ്മാനമെങ്കിൽ അതിൽ ഏറ്റവും വലിയത് അധ്വാനിച്ചവന്,ബുദ്ധിമുട്ടുള്ളതെങ്കിൽ ഏറ്റവും മോശമായത് പ്രിയോരച്ചന്". ഇതനുസരിച്ചും രോഗിയാണെന്നു കരുതിയും എല്ലാവരും സമ്മതിച്ചിട്ടും ആണോ യാത്ര ചെയ്യുന്നത് എന്നറിയില്ല. എങ്കിൽ ഇതിനാലെയും ദൈവതിരുമനസ്സ് സ്തുതിക്കപ്പെടട്ടെ. എനിക്ക് കുറ്റിക്കന്റെ കണ്ണടയുടെ ആവശ്യം അന്നായിരുന്നു. ഉടനെ കിട്ടാത്തതിനാൽ വേറെ ചില്ലു വരുത്തി, പന്ത്രണ്ടര രൂപയ്ക്ക്; ഇപ്പോൾ അത് വേണ്ട. തന്നെയുമല്ല, വെള്ളി കൊണ്ടുള്ള ഫ്രെയ്മാകയാൽ എനിക്ക് ഉപയോഗിക്കാനും പറ്റില്ല. ഇങ്ങനെയുള്ളവരുടെ കൈയ്യിൽ കൊടുത്തയയ്ക്കാൻ വിശ്വാസം ഇല്ലാത്തതിനാൽ അതിവിടെ സൂക്ഷിച്ചു വച്ചിട്ടുണ്ട്. ശേഷം പിന്നീട്.

തൈയ്ജിയോടുള്ള എന്റെ ഉത്തരം ഇതാണ്. "എളിമയിൽ ഇറങ്ങി മുങ്ങിക്കിടക്കുന്നവൻ ജീവിക്കും, അയാൾ നിലനില്ക്കും." യൂറോപ്പിൽ ഒരു നിയമമുണ്ട്. ദുഷ്ടന്മാരോട് കൂട്ടുചേരാൻ മനസ്സില്ലാത്തവൻ കതകടച്ച് വീട്ടിനകത്തിരിക്കണം. തെരുവിലിറങ്ങിയാൽ അവരോടു കൂട്ടു കൂടിയിയില്ലെങ്കിൽ തൂക്കിക്കൊല്ലണമെന്നാണ് രാജവിധി.

ഫ്രാൻസിലെ പ്രസിദ്ധ തലവനായ മസിനി ഇപ്പോൾ രാജാവിനെ സഹായിക്കാൻ ക്ഷണിക്കപ്പെടാതെ തന്നെ ചേർന്നിരിക്കുന്നു. വലിയ സേനകൾക്കും അവരുടെ ദുഷ്ടനായ സേനാപതി ഗരിബാൾഡിക്കും അദ്ദേഹം ദൈവപ്രമാണം പോലെ ഒരു ചെറിയ വാചകം എഴുതിയിരുന്നു: "നമ്മുടെ സൈന്യം ജയിച്ചാലും തോറ്റാലും ആയുധങ്ങളുമായി തയ്യാറായി നിൽക്കുവിൻ. മറ്റു സൈന്യങ്ങളിൽ നിന്നും ഈ ആശയമുള്ളവരെ ചേർക്കാവുന്നതാണ്".

1866 ഓഗസ്റ്റ് 6-ന്

ഇത്, പ്രിയോർ.
ആഹാ കുര്യാക്കോസ് ഏലിശാച്ചന്.

പ്രിയോർ

*കർമ്മെലയിലെ സൗഗന്ധികങ്ങൾ*

# റവ. ഫാ. എമ്മാനുവേൽ തെള്ളി സി.എം.ഐ

**1925–2015**



പൂഞ്ഞാർ ചെറുപുഷ്പാശ്രമാംഗമായിരുന്ന ബഹു. ഫാ. എമ്മാനുവേൽ തെള്ളി സി.എം.ഐ. (90) 2015 ഓഗസ്റ്റ് 25-ാം തീയതി കാഞ്ഞിരപ്പള്ളിയിലെ മേരി ക്വീൻസ് ആശുപത്രിയിൽ വച്ച് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ ഓഗസ്റ്റ് 27, വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് പൂഞ്ഞാർ ചെറുപുഷ്പാശ്രമ ദൈവാലയത്തിൽ ആരംഭിച്ചു. തിരുക്കർമ്മങ്ങൾക്ക് ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുംതോട്ടം നേതൃത്വം നല്കി. മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ എന്നിവർ തിരുക്കർമ്മങ്ങളിൽ സഹകാർമ്മികരായിരുന്നു. മാർ ജോസഫ് കൊല്ലംപറമ്പിൽ, കർമ്മങ്ങളുടെ ആരംഭത്തിൽ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് എഴുതിയ അനുശോചന സന്ദേശം വായിച്ചു.

പൂഞ്ഞാർ തെള്ളിയിൽ പരേതരായ കുഞ്ചാക്കോ, ഏലിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകനായി 1925 ഫെബ്രുവരി 5-ാം തീയതി ഫാ. എമ്മാനുവേൽ സി.എം.ഐ. ജനിച്ചു. അദ്ദേഹത്തിന് നാല് സഹോദരിമാരും മൂന്ന് സഹോദരന്മാരും ആണ് ഉണ്ടായിരുന്നത്. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മാന്നാനം സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. 1946

ഒക്ടോബർ 15-ാം തീയതി അമ്പഴക്കാട്ടു നോവിഷ്യേറ്റ് ഭവനത്തിൽ വച്ച് ആദ്യവ്രതമനുഷ്ഠിച്ചു. ചെത്തിപ്പുഴയിൽ നിന്ന് തത്ത്വശാസ്ത്രത്തിലും, ദൈവശാസ്ത്രത്തിലും പഠനങ്ങൾ പൂർത്തിയാക്കി. 1963 ഡിസംബർ 8-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു.

കെ. ഇ. കോളേജ് മാന്നാനം, സെന്റ് ജോസഫ്സ് കോളേജ് ദേവഗിരി, കോഴിക്കോട് എന്നിവിടങ്ങളിൽ അദ്ധ്യാപകനായും അമനകര സെന്റ് പയസ് ഐ.റ്റി.സി. യിൽ പ്രഥമ പ്രിൻസിപ്പലായും ജോലി ചെയ്തു. അറിയപ്പെടുന്ന സുറിയാനി പണ്ഡിതനായ ബഹു. എമ്മാനുവേലച്ചൻ വൈദിക വിദ്യാർത്ഥികളുടെ സുറിയാനി അദ്ധ്യാപകനായി ദീർഘകാലം സേവനമനുഷ്ഠിച്ചു. മുത്തോലി, കൂടത്തായി, പാല, കപ്പാട്, മാനന്തവാടി, പൂഞ്ഞാർ എന്നിവിടങ്ങളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. അമേരിക്കയിലെ ബ്രൂക്ക്ലിൻ രൂപതയിൽ അജപാലന ശുശ്രൂഷ ചെയ്ത അദ്ദേഹം 1964-67 കാലഘട്ടത്തിൽ ഇറാഖിലെ വൈദിക വിദ്യാർത്ഥികളെ കൽദായി സുറിയാനി വ്യാകരണം പഠിപ്പിക്കുകയും മിഷനറി പ്രവർത്തനം നടത്തുകയും ചെയ്തു. സുറിയാനി-ഇംഗ്ലീഷ്-മലയാളം ഡിക്ഷ്നറി അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സീറോമലബാർ സഭയുടെ കാനോന നമസ്കാരങ്ങളും പാട്ടുകളും സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്തതിൽ പ്രധാന പങ്കു വഹിച്ചത് എമ്മാനുവേലച്ചനായിരുന്നു. സുറിയാനി സഭയുടെ പ്രഭാതപ്രാർത്ഥനയായ സപ്രയിലെ 'പുലരി പ്രഭയിൽ കർത്താവേ സാമോദം നിൻ ദാസരിതാ...' എന്ന ഗാനം അദ്ദേഹം എഴുതിയ താണ്. പൗരസ്ത്യ സഭാപണ്ഡിതനായ ഫാ. പ്ലാസിഡ് സി.എം.ഐ. യുടെ ശിഷ്യനായ അദ്ദേഹം ആയിരത്തോളം കവിതകൾ രചിച്ചിട്ടുണ്ട്. നാലു കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. കത്തെഴുതിയിരുന്നത് കവിതാരൂപത്തിലായിരുന്നു. കൂടാതെ 10 പുസ്തകങ്ങളും 5 ഗവേഷണ പ്രബന്ധങ്ങളും എഴുതിയിട്ടുണ്ട്. നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഫാ. എമ്മാനുവേൽ തെള്ളി ലോകത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഹോമിയോ ചികിത്സയിലും പ്രാവീണ്യം ഉണ്ടായിരുന്നു.

പൗരോഹിത്യ ശുശ്രൂഷകളിൽ അതീവതല്പരനായിരുന്ന അച്ചൻ തികഞ്ഞ ലളിത ജീവിതമാണു നയിച്ചിരുന്നത്. ആശ്രമദിനചര്യകളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. ആശ്രമത്തിലെ അംഗങ്ങളോടും ദൈവജനത്തോടും കുടുംബാംഗങ്ങളോടും സ്നേഹപൂർവമായാണ് പെരുമാറിയിരുന്നത്. രോഗികളെ സന്ദർശിക്കുവാനും ആശ്വസിപ്പിക്കുവാനും കുമ്പസാരിപ്പിക്കുവാനും അനുദിന പ്രവർത്തനങ്ങളിൽ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

ഓഗസ്റ്റ് 27-ാം തീയതി വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സി.എം.ഐ. സഭയുടെ വികാരി ജനറാൾ ബഹു. വർഗ്ഗീസ് വിതയത്തിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ കുർബാനയോടെ സംസ്കാര ചടങ്ങുകൾ പൂഞ്ഞാർ ചെറുപുഷ്പാശ്രമ ദൈവാലയത്തിൽ ആരംഭിച്ചു. ബഹു. മാത്യു തോട്ടുങ്കലച്ചൻ അത്യന്തം ഹൃദയസ്പർശിയായ അനുസ്മരണ സന്ദേശം നല്കി. കോട്ടയം സി.എം.ഐ. സെന്റ് ജോസഫ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൾ ബഹു. ഫാ. ജോർജ്ജ് ഇടയാടിയിൽ, ഫാ. ലൂക്കോസ് പറയരുതോട്ടം, ഫാ. യേശുദാസ്, ഫാ. ജോസ് വലിയമറ്റം എന്നിവർ സഹകാർമ്മികരായിരുന്നു.

നിരവധി വൈദികരും, സന്യസ്തരും രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രമുഖരും എമ്മാനുവേൽ അച്ചന്റെ ബന്ധുമിത്രാദികളും അന്ത്യോപചാരം അർപ്പിക്കുവാൻ എത്തിയിരുന്നു. ബഹു. എമ്മാനുവേലച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. അച്ചനുവേണ്ടി നമ്മുടെ സഭാ നിയമപ്രകാരമുള്ള പ്രാർത്ഥനകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

പൂഞ്ഞാർ
18-10-2015

ഫാ. ജോസ് വലിയമറ്റം സി.എം.ഐ.
പ്രിയോർ
ലിറ്റിൽ ഫ്ളവർ ആശ്രമം.

# ഫാ. തോമസ് വാഴപ്പള്ളി. സി.എം.ഐ

**1937–2015**



തൃശ്ശൂർ ദേവമാതാ പ്രവിശ്യയിലെ പുല്ലൂർ സെന്റ് സേവിയേഴ്സ് കാർമ്മൽ ആശ്രമാംഗമായിരുന്ന ബഹു. ഫാ. തോമസ് വാഴപ്പള്ളിയച്ചൻ (78) 2015 സെപ്റ്റംബർ 19–ാം തീയതി പുലർച്ചെ 03.50 ന് തൃശ്ശൂർ അമല മെഡിക്കൽ കോളേജിൽ വച്ച് നിത്യസമ്മാനത്തിന് യാത്രയായി. മൃതസംസ്കാരകർമ്മം 21–ാം തീയതി തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് പുല്ലൂർ ആശ്രമത്തിൽ നടത്തപ്പെട്ടു.

ഇരിങ്ങാലക്കുട രൂപതയിലെ പുത്തൻവേലിക്കര പുരാതനമായ വാഴപ്പിള്ളി കുടുംബത്തിൽ പരേതരായ കുഞ്ഞിപ്പാലുവിന്റേയും കുഞ്ഞന്നത്തിന്റേയും മകനായി 1937 ജൂലൈ 4–ാം തീയതി ജനിച്ച ബഹു. വാഴപ്പള്ളിയച്ചൻ സ്കൂൾ വിദ്യാഭ്യാസം പുത്തൻവേലിക്കര എൽ. പി. സ്കൂളിലും എളന്തിക്കര സ്കൂളിലും പൂർത്തിയാക്കി. 1955- ൽ വരന്തരപ്പിള്ളി യോഗാർത്ഥിഭവനത്തിൽ ചേർന്ന് സന്യാസപരിശീലനം ആരംഭിച്ചു. 1958–ൽ ആദ്യ വ്രതാനുഷ്ഠാനം നടത്തി. ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ നിന്ന് തത്ത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1964–ൽ ബാംഗ്ലൂരിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു.

താലോർ, കടലുണ്ടി, അമ്പഴക്കാട്, കോയമ്പത്തൂർ, കുന്ദംകുളം,

വെട്ടുകടവ് എന്നീ ആശ്രമങ്ങളിൽ സേവനനിരതനായിരുന്ന ബഹു. തോമസ് വാഴപ്പള്ളിയച്ചന്റെ പ്രധാന പ്രവർത്തനമേഖല അജപാലന രംഗമായിരുന്നു. അരിപ്പാലം, വള്ളിവട്ടം, കനകമല, കോടന്നൂർ, ചൗക്ക, മുരിയാട് എന്നീ പള്ളികളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. അജപാലന ശുശ്രൂഷയിൽ അതീവ തല്പരനായിരുന്ന ബഹു. തോമസച്ചനെ അദ്ദേഹം വികാരിയായിരുന്ന ഇടവകകളിലെ ദൈവജനം വളരെ ആദരവോടും സ്നേഹത്തോടും കൂടിയാണ് സ്മരിക്കുന്നത്. പ്രവർത്തനങ്ങളുടെ ബഹളമോ ജീവിതത്തിന്റെ ആഢംബരമോ ഇഷ്ടപ്പെടാതിരുന്ന ബഹു. തോമസച്ചൻ ശാന്തമായ ഒരു ജീവിതത്തിന്റെ മാതൃകയായിരുന്നു.

കഴിഞ്ഞ 27 വർഷമായി പുല്ലൂർ ആശ്രമവാസിയായി അജപാലന ശുശ്രൂഷകൾ ചെയ്ത് കഴിഞ്ഞിരുന്ന ബഹു. തോമസ് വാഴപ്പള്ളിയച്ചനെ ശാരീരിക ക്ഷീണത്തെത്തുടർന്ന് 2014 ഫെബ്രുവരി 2-ാം തീയതി അമല ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും തുടർന്ന് അമലയിലെ സാന്ത്വനത്തിൽ താമസമാക്കുകയും ചെയ്തു. “ക്ഷീണം മാറിയാൽ വീണ്ടും അജപാലന ശുശ്രൂഷകൾ ചെയ്യണം” എന്ന് ബഹു. തോമസച്ചൻ തന്നെ സന്ദർശിക്കുന്നവരോടെല്ലാം പറഞ്ഞിരുന്നു. അജപാലന ശുശ്രൂഷ ബഹു. തോമസച്ചന് അത്രയേറെ താത്പര്യമായിരുന്നു.

ബഹുമാനപ്പെട്ട തോമസ് വാഴപ്പള്ളിയച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾ സെപ്റ്റംബർ 21-ാം തീയതി തിങ്കളാഴ്ച പുല്ലൂർ ആശ്രമത്തിലായിരുന്നു. അന്നേദിവസം പുലർച്ചെ 05.45 ന് അമലയിലെ സാന്ത്വനത്തിൽ വച്ച് അവിടുത്തെ അംഗങ്ങളുടേയും ബഹുമാനപ്പെട്ട തോമസ് വാഴപ്പള്ളിയച്ചന്റെ അടുത്ത ബന്ധുക്കളുടേയും സാനിധ്യത്തിൽ പുല്ലൂർ ആശ്രമത്തിലെ പ്രിയോരച്ചൻ പ്രാരംഭ പ്രാർത്ഥന നടത്തി. തുടർന്ന് പുല്ലൂർ ആശ്രമത്തിലേക്ക് കൊണ്ടുവന്ന മൃതദേഹം രാവിലെ 07.15 ന് മാർ ജെയിംസ് പഴയാറ്റിലിന്റെ സാനിധ്യത്തിൽ പുല്ലൂർ ആശ്രമാംഗങ്ങളും സെന്റ് സേവിയേഴ്സ് ഇടവകക്കാരും കൂടി സ്വീകരിച്ചു.

മൃതസംസ്കാര ശുശ്രൂഷയിലെ രണ്ടാം ഭാഗത്തിന് മാർ ജെയിംസ് പഴയാറ്റിൽ നേതൃത്വം നൽകി. ഇരിങ്ങാലക്കുട രൂപതയിലെ വികാരി ജനറാളച്ചന്മാരും ചാൻസലറും വൈസ് ചാൻസലറും ബഹു. തോമസച്ചൻ വികാരിയായിരുന്ന പള്ളികളിലെ വികാരിമാരും ഇടവക പ്രതിനിധികളും അന്തിമോപാചാരമർപ്പിക്കാൻ വന്നിരുന്നു.

ഉച്ചതിരിഞ്ഞ് 02.00 മണിക്ക് ആരംഭിച്ച സമൂഹബലിക്ക് ഇരിങ്ങാലക്കുട മെത്രാൻ മാർ പോളി കണ്ണൂക്കാടൻ മുഖ്യ കാർമ്മികനായിരുന്നു. സി.എം.ഐ. സഭയുടെ പ്രിയോർ ജനറാൾ ബഹു. പോൾ അച്ചാണ്ടിയച്ചൻ, തൃശ്ശൂർ ദേവമാതാ പ്രവിശ്യയിലെ അസിസ്റ്റന്റ് പ്രൊവിൻഷ്യൾ ബഹു. തോമസ് ചക്കാലമറ്റത്തച്ചൻ, പുല്ലൂർ ആശ്രമത്തിലെ പ്രിയോർ ആന്റണി വേലത്തിപ്പറമ്പിലച്ചൻ, സാന്ത്വനം ഡയറക്ടർ ബഹു. തോമസ് വാഴക്കാലായച്ചൻ എന്നിവർ പ്രധാന സഹകാർമ്മികരായിരുന്നു. ചരമപ്രസംഗം നടത്തിയത് ഫാ. തോമസ് വാഴപ്പള്ളിയച്ചന്റെ ബന്ധുകൂടിയായ ബഹു. ജോൺ തറയിലച്ചനാണ്. മൃതസംസ്കാര ശുശ്രൂഷയിലെ അവസാന ഭാഗത്തിന് നേതൃത്വം നൽകിയത് മാർ ജോസഫ് പാസ്റ്റർ നീലങ്കാവിലായിരുന്നു.

അജപാലന ശുശ്രൂഷയിൽ അതീവ തത്പരനായിരുന്ന ബഹു. തോമസ് വാഴപ്പള്ളിയച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. അച്ചന്റെ ആത്മശാന്തിക്കായി സഭാ നിയമപ്രകാരമുള്ള പ്രാർത്ഥനകൾ നമുക്ക് അർപ്പിക്കാം.

ഫാ. ആന്റണി വേലത്തിപ്പറമ്പിൽ സി.എം.ഐ.
പ്രിയോർ
സെന്റ് സേവിയേഴ്സ് കാർമ്മൽ മോണസ്ട്രി
പുല്ലൂർ - ഇരിങ്ങാലക്കുട

# പാലയ്ക്കൽ ബ. തോമസ് അച്ചൻ

**1939 – 2016**



തേവര തിരുഹൃദയ ആശ്രമാംഗമായിരുന്ന ബ. ഫാ. തോമസ് പാലയ്ക്കൽ അച്ചൻ പൊതി മേഴ്സി ആശുപത്രിയിൽ വച്ച് 2016 ജനുവരി 13-ാം തീയതി നിര്യാതനായി. സംസ്കാരം 14-ാം തീയതി രാവിലെ 10.00 മണിക്ക് തേവര ആശ്രമ ദേവാലയത്തിൽ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി. ബിജ്നോർ മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ ഗ്രേഷ്യൻ മുണ്ടാടൻ പിതാവ് മുഖ്യകാർമ്മികനായും മാർ ജോസഫ് കുന്നത്ത്, പ്രിയോർ ജനറാൾ ബഹു. ഫാ. പോൾ അച്ചാണ്ടി, പ്രൊവിൻഷ്യൾ റവ. ഫാ. ക്ലീറ്റസ് പ്ലാക്കൽ, പ്രിയോർ റവ. ഫാ. ജോസ് കുറിയേടത്ത്, പ്രൊവിൻഷ്യൽ കൗൺസിലർ റവ. ഫാ. പൗലോസ് കിടങ്ങൻ, ഉദയനാപുരം പള്ളി വികാരി റവ. ഫാ. ടോം കണ്ടത്തിൽ എന്നിവരും മറ്റ് അനേകം വൈദികരും സഹകാർമ്മികരായും അർപ്പിച്ച ദിവ്യബലിയോടെ സംസ്കാരശുശ്രൂഷകളുടെ അന്തിമഭാഗം ആരംഭിച്ചു. ദിവ്യബലിക്കു ശേഷം ബ. പൗലോസ് കിടങ്ങൻ അച്ചൻ അനുസ്മരണപ്രഭാഷണം നടത്തി. എറണാകുളം സഹായമെത്രാൻ അഭിവന്ദ്യ ജോസ് പുത്തൻവീട്ടിലും, രാജ്കോട്ട് മെത്രാൻ അഭിവന്ദ്യ ജോസ് ചിറ്റൂപ്പറമ്പിലും മറ്റനേകം വൈദികരും മൃതദേഹം സന്ദർശിച്ച് പ്രാർത്ഥനകൾ അർപ്പിച്ചു. എറണാകുളം എം.പി. കെ. വി. തോമസ്, എം.എൽ.എ. ഹൈബി ഈഡൻ എന്നിവരും തോമസച്ചന് ഉപചാരങ്ങളർപ്പിച്ചവരിൽ പെടുന്നു.

ഉദയനാപുരം ഇടവകയിൽ പാലയ്ക്കൽ വർക്കി-ഏലിക്കുട്ടി ദമ്പതികളുടെ പതിനൊന്നു മക്കളിൽ ആറാമത്തെ സന്താനമായി 1939 നവംബർ 13-ാം തീയതി ബ. തോമസ് അച്ചൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം, തേവര യോഗാർത്ഥി ഭവനത്തിൽ ചേർന്നു. കറുകുറ്റിയിലെ നവസന്യാസ പരിശീലനത്തിനു ശേഷം 1960 മേയ് 16 ന് ആദ്യവ്രതം ചെയ്തു. ധർമ്മാരാം കോളേജിൽ തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച്, 1967 മേയ് 17-ാം തീയതി പൗരോഹിത്യപട്ടം സ്വീകരിച്ചു. അതിനുശേഷം ധാർവാർ സർവകലാശാലയിൽനിന്ന് ബിരുദവും, അമേരിക്കയിലെ സീറക്കൂസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തരബിരുദവും നേടി.

ഏകദേശം അഞ്ചു പതിറ്റാണ്ടു നീണ്ടുനിന്ന സന്യാസപൗരോഹിത്യ ശുശ്രൂഷയിൽ ബ. തോമസച്ചൻ കറുകുറ്റി, കൂനമ്മാവ്, ആലുവ, തേവര, വൈക്കം, കൊട്ടാരപ്പിള്ളി, മണപ്പുറം എന്നീ ആശ്രമങ്ങളിലും ജർമ്മനി, കാനഡ എന്നിവിടങ്ങളിലും സേവനം ചെയ്തിട്ടുണ്ട്. കൊട്ടാരപ്പിള്ളിയിൽ സുപ്പീരിയറായും തേവരയിൽ പ്രസ്സിന്റെയും ജനതാ ബുക്ക്സ്റ്റാളുകളുടേയും മനേജരായും, അവിടെ ബ. മെലേസിസൂസച്ചന്റെ നിര്യാണശേഷം ഏതാനും മാസങ്ങൾ ആശ്രമാധിപനായും ആണ് അദ്ദേഹം പ്രവർത്തിച്ചത്. മണപ്പുറത്ത് ആരംഭിച്ചിരിക്കുന്ന പുതിയ പബ്ലിക് സ്കൂളിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തത് ബ. തോമസച്ചനായിരുന്നു. മറ്റ് ആശ്രമങ്ങളിലും വിദേശത്തും അദ്ദേഹം പ്രധാനമായും അജപാലക ശുശ്രൂഷയിലായിരുന്നു വ്യാപൃതനായത്.

2016 മേയ് മാസത്തിൽ രണ്ടാമതും തേവരയിലെത്തിയ തോമസച്ചൻ അധികം കഴിയുന്നതിനുമുമ്പ് ഇടതുവശം തളർന്ന് രോഗിയായി. രണ്ടുമാസത്തിലേറെക്കാലം രാജഗിരി ആശുപത്രിയിലും അതിനുശേഷം മൂന്നുമാസത്തിലപ്പുറം പൊതിയിലുള്ള നമ്മുടെ ഭവനത്തിലും അതിനു സമീപത്തുള്ള മേഴ്സി ആശുപത്രിയിലും ആയി, തേവര ആശ്രമത്തിന്റെ മേൽനോട്ടത്തിൽ ചികിത്സയിലായിരുന്നു. ജനുവരി 12-ാം തീയതി രോഗം

മൂർച്ഛിക്കുകയും രോഗീലേപനം സ്വീകരിച്ച് 13-ാം തീയതി വെളുപ്പിന് 3 മണിക്ക് നിര്യാതനാവുകയും ചെയ്തു.

പരസ്പര ബന്ധങ്ങൾ ഊഷ്മളമാക്കിത്തീർക്കാനും അവ ദീർഘകാലം നിലനിർത്താനും ബ. തോമസച്ചനു നല്ല കഴിവുണ്ടായിരുന്നു. അതോടൊപ്പം അദ്ദേഹം കാര്യക്ഷമതയുള്ള നല്ല ഒരു മാനേജരുമായിരുന്നു. തേവര പ്രസ്സിന്റെയും ജനതാ ബുക്ക്സ്റ്റാളുകളുടേയും വികസനത്തിനു വേണ്ടി വളരെ പ്രയത്നിച്ചിട്ടുണ്ട്. അദ്ദേഹം മാനേജരായിരിക്കുമ്പോഴാണ് പ്രസ്സ് ഓഫ്സെറ്റ് പ്രിന്റിംഗിലേക്ക് മാറിയത്. വിവിധ നഗരങ്ങളിൽ ജനതയുടെ ബ്രാഞ്ച് ബുക്ക്സ്റ്റാളുകൾ ആരംഭിച്ച് വിപുലപ്പെടുത്തിയതും അക്കാലത്താണ്. ബ. തോമസച്ചൻ മണപ്പുറത്തായിരിക്കുമ്പോഴാണ് അവിടെ പുതിയ സി.ബി.എസ്.ഇ. സ്കൂളിനുവേണ്ട പ്രാരംഭ കാൽവയ്പായി നഴ്സറിയും കിന്റർഗാറ്ഡനും ആരംഭിച്ചത്. മണപ്പുറത്തുനിന്ന് മാറുന്നതുവരെ അദ്ദേഹമായിരുന്നു ഇതിന്റെ ചുമതല വഹിച്ചത്.

അഞ്ചുമാസത്തിലേറെക്കാലം ശയ്യാവലംബിയായിരുന്നെങ്കിലും, രോഗത്തിന്റെ വേദനകളും, ബുദ്ധിമുട്ടുകളും ബ. തോമസച്ചൻ മാതൃകാപരമായ ക്ഷമയോടും ശാന്തതയോടും കൂടിയാണ് സഹിച്ചിരുന്നത്. അവയെല്ലാം ആത്മബലിയായി സമർപ്പിച്ച് സ്വർഗ്ഗപിതാവിന്റെ സന്നിധിയിലേക്കു യാത്രയായ ബ. തോമസച്ചനു വേണ്ടി നമ്മുടെ സഭാ നിയമപ്രകാരമുള്ള പ്രാർത്ഥനകൾ അർപ്പിക്കാം.

ഫാ. ജോസ് കുറിയേടത്ത് സി.എം.ഐ.
പ്രിയോർ, തിരുഹൃദയാശ്രമം
തേവര
20 ജനുവരി 2016

# REV. FR. JOSE PALATHARA C.M.I



## 1941 - 2015

Rev. Fr. Jose Palathara CMI(74), a member of CMI Nirmal Province, Jagadalpur remained true to these words of St. Paul till his death on Saturday, 29th August at 8.30 pm. On this day he received the clarion call of the Lord to receive the final reward for his faithfulness.

During the last 10 years he was suffering from multiple myeloma- bone marrow cancer - and had a really difficult time for him. Even after the medical science gave up having made all possible attempts, Fr. Jose went to ahead proving that a deep faith, strong will and a positive outlook to the life can work miracle. He was really grateful to God for all the years, months and weeks that he got a gift and also to the saintly intercession and intervention of St. Kuriakose Elias Chavara. Out of this gratitude he made use of every chance to reach out to the people and to be among his loved ones even without confining to the boundaries set by his serious sickness. He was active even till the last moment he was admitted in Caritas hospital on Saturday as the call of the lord reached him.

The funeral service of Fr. Jose was conducted on Thursday, 3rd Sepetember at Sacred Heart Monastry Church Chethipuzha. On the previous day evening onwards the body was kept for public homage at Nirmal Ashram Thellakom where he spent his life from 2013 onwards. On 3rd morning the body was taken to Chethipuzha after conducting the first part of the funeral rites at Nirmal Ashram. The second part was officiated by Bishop Simon Stock Palathara CMI at Chethipuzha Monastry. Archbishop Emeritus Joseph Powathil and Achbishop Joseph Perumthottam of Changanassery Archdiocese came to prayhomage and pray for the departed. The Holy Eucharist celebration, which formed the third part of the funeral ceremony, was officiated by Bishop Joseph Kollamparambil CMI and was attended by a lot of priests,religious and lay people who come to pray homage to Fr. Jose.

Fr. Jose was born on 1st march 1941 at Chenganacherry. His parents were late Mr. Philip and Mrs. Mary of Palathara family. He joined the CMI Congregation on 3rd June 1956 and had his intial formation of priesthood at Mannanam and in Mutholy. He had his novitiate at Sacred Heart Monastry Chethipuzha and made his first profession on 16th may 1960. He made his final commitment on 16th may 1962. He had his graduation in B.Tec. Engineering Civil and Post Graduvation (P.G. Diploma in Health care Administration)in Banglore. He had his Philosophy (1960-1963) and Thelogy (1967-1971) at Dharmaram College Bangalore. He was ordained on 18th may 1970. After his ordination Fr. Jose rendered his service as a new priest at Deepika, Kottayam. As Jagdalpur mission was entrusted to the undivided St. Joseph's Provice in 1972 he reached Jagdalpur in 1974 to serve the mission. As a trained engineer many of the houses in Jagdalpur diocese and provice were planned and designed by Fr. Jose. The present St. Joseph's Cathedral, The Nirmal Vidyalaya and the Mar Paulinus Memorial Hospital(MPM) in Jagdalpur are a

few among many buildings planned by him.He served the Nirmal Province as Aspirants Rector at Suman Ashram Palligaon and later the Provincial Administration first as Councillor for Social Work and then for a second term as Vicar Provincial and Coucillor for Finance. During this time the first extension work of the present Provincial House was made.

From 1990 to 1996 he rendered his valuable service at Dharmaram College Bangalore and DVK as finance administrator. During this time he designed the St. Thomas Forane Church at Bangalore and some of the faculty buildings in DVK campus.

After his services at Bangalore Fr. Jose was appointed as director of MPM Hospital at Aghanpur, Jagdalpur. He made significant contribution to lay foundation for a memorial for the first Bishop of Jagdalpur - a place were we provide quality treatment for the poor tribals and people of Bastar. After a commited service of five years he left for the States for Pastoral work in Texas and Louisiana. During his stay there diagnose of bone marrow cancer was made. He accepted gracefully and underwent all the possible treatments available for sickness. He himself made thorough study of his sickness and never hesitated to tell about it to others. As it was clear for him that there was no much to be done for his fatal illness, with the permission of his superiors he returned to India and was in Nirmal Ashramam Thellakom taking rest and continuing his treatment at Caritas Hospital.

Fr. Jose made valuable contributions to Jagdalpur mission, to the province and the congregation at various levels and in different capacities. He was commited to the mission and assignment that was entrusted to him. He maintained contact with the people whether it is in the family circle or the congregation and did visit them whwnever possible even in the midst of his serious sickness. He fostered a special devotion to St. Chavara.

I do take this opportunity to thank very Rev. Sojan Madathil CMI, Provincial St. Joseph's Province Trivandrum and Rev. Fr. Paul

Thamarassery CMI, Prior and Community of Sacred Heart Monastry Chethipuzha for the generous and committed service offered to make arrangements for the funeral at Chethipuzha.

While we continue to pray for Rev. Fr. Jose Palathara, kindly perform the suffrages for him according to the D. 58b.

Fr. Jossy Thamarassery CMI
Provincial Superior
Nirmal Provincial House, Jagdalpur

# Fr. Chrysostom Thomas Plavunilkunnathil CMI

| | | |
|---|---|---|
| **Born** | **:** | **23.01.1938** |
| **First Profession** | **:** | **16.05.1960** |
| **Ordination** | **:** | **17.05.1966** |
| **Died** | **:** | **06.12.2015** |



***'I was dear to you all, but Someone greater than the greatest loved me more and He invited me to eternity. Now let me be alive in your prayers and memories.'***

Fr. Chrysostom Thomas Plavinulkunnathil CMI of Mar Thoma Province, Chanda, slept in the Lord on Sunday, 6th December, 2015 in Carmel Hospital, Aluva just two months before his Golden Jubilee of Ordination. Fr. Chrysostom was one of the pioneering missionaries of Chanda and was very much instrumental in the blooming of Chanda mission. He was so simple that even the very word is not sufficient to contain his simplicity. Very unassuming, he lived the life of a Good Samaritan. He may not be as qualified as someone in the eyes of the world, but he was very much qualified in the eyes of Lord and fit enough to carry out His mission which he did truly and faithfully.

Fr. Chrysostom was born of Mr. Thomman and Mrs. Anna Plavunilkunnathil on January 23, 1938 at Koodalloor, Kottayam District of Kerala State. He joined the CMI Congregation as an aspirant in the year 1956. He made his First Profession on May 16, 1960 and

was Ordained priest on May 17, 1966.

After his Ordination he had a long stint (22 years) of services rendered at the Bishop's House of Chanda at Balharshah with late Bishop Januarius Palathuruthiyil CMI in different capacities. One of the special qualities that all his contemporaries remember about Fr. Chrysostom is his readiness to help others, and he was a silent worker, photographer, mechanic, electrician and what not! In the mean time he also acted as St. Kuriakose Elias Chavara when the first documentary about our Holy Founder was made by the Congregation. Then he served the Province as the Rector of scholastics pursuing College studies at Chavara Sadan, Datala, Chandrapur. He was later appointed as the Prefect of the Provincial House, Bellampalli of the undivided Mar Thoma Province, Chanda. From the Provincial house he went to render his services at Anudhavana, Mission Nivitiate, Mancherial as a team member. After two successful years of service at the Novitiate, he left for the States, as Associate Pastor in the diocese of Beaumont, Texas, USA. He served in this capacity for five years and came back to be the Rector of the aspirants at the Aspirants House, Bellampalli. From the Aspirants house, he headed to the new transit house bought at Kannur by the province. It is very pertinent to mention here that it was Fr. Chrysostom who gave the Kannur house a shape and style; making it an Ashram.

After this, at the request of Bishop Joseph Kunnath, he was ready to serve in the diocesan minor seminary at Raipalliwada, Telangana State. In 2008 he was asked to take charge as the Finance Administrator of BJM Carmel Academy Higher Secondary School at Tukum, Chandrapur. After serving there for about two years, in 2010 he moved to Chavara Sadan, Datala, as spiritual father to the aspirants. In 2013 December he had a major stroke because of high level blood sugar and he was shifted to Tera Nur, Aluva for better treatment and rest. But sadly, on 6th December, 2015, this little rose of Carmel, fainted and was ready to go to attend his Master's call but never to return.

His mortal remains were buried at St. Vincent Monastery, Pala. All the arrangements for his burial were very beautifully done by Fr. Prior and the members of St. Vincent Monastery. His funeral ceremony was well attended by priests, nuns, relatives and friends. The funeral ceremony began at Tera Nur, Chanda Bhavan, Aluva, led by Fr. Provincial Antony Kuttianickal CMI. His Excellency Mar Thomas Chakkiyath, Bishop Emeritus, Diocese of Ernakulam-Angamaly visited Tera Nur, paid homage to Fr. Chrysostom and prayed for the departed soul. After the initial prayers his body was taken to Pala where the Holy Mass and rest of the funeral ceremonies were held and Rev. Fr. Prior General was the main Celebrant. Rev. Fr. Antony Moozhikuzhy, the class mate of Fr. Chrysostom delivered a moving homily touching various nuances of the personality of Fr. Chrysostom.

Though very unassuming throughout his life Fr. Chrysostom attracted many to be his friends and that was evident at the funeral because it was attended by large number of people from his home parish and a lot of priests and nuns. Fr. Chrysostom was synonymous to humility, generosity and piety. You can never find him without the Holy Rosary and he has left us this legacy that if you seek the help of Mary, our Mother, you will never be sad or tensed. His austere life, simplicity, readiness to help others, accountability and transparency are qualities that made him stand apart and to be the real ***"aroma of Christ….:"*** (2 Cor. 15)

While continue our prayers for Fr. Chrysostom, let us be reminded of performing the suffrages for the departed soul according to the Directory 58b.

May his soul rest in Peace!

+

Fr. Antony Kuttianickal CMI
Balharshah Provincial
20/12/2015

*Carmela Sandesam*
CMI Bulletin
CMI Generalate, Chavara Hills
P.B. No. 3105, Kakkanad P.O.
Kochi - 682 030

No. 230; March 2016
Phone : 0484-2881804
0484-2881816
carmelasandesam.cmi@gmail.com
*For Private Circulation*

അടുത്ത ലക്കത്തിലേക്കുള്ള മാറ്റർ
2016 മേയ് 15 നകം ഓഫീസിൽ
കിട്ടിയിരിക്കണം

All rights reserved, Reproduction in any manner, in whole or part,
without prior written permission prohibited.
Editor : **Fr. Sebastian Thekkedathu CMI**

Printed and Published by Fr. Sebastian Thekkedathu
for the CMI General Secretariat for Media of Communication